Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1956 മാർച്ച് 21—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് എറണാകുളം 1131 മീനം 8 | ലക്കം 32


## ക്രിസ്തീയവിശ്വാസത്തിന്റെ മാഹാത്മ്യം

(ഫാദർ തോമസ് മണ്ണഞ്ചേരി)

ദൈവത്തേയും അതിസ്വാഭാവികമായവിഷയങ്ങളേയും സംബന്ധിക്കുന്ന ചില കാര്യങ്ങൾ മനുഷ്യബുദ്ധിയുടെ പരിമിതമായ ഗ്രഹണശക്തിക്ക് അതീതങ്ങളാകയാൽ അവ "ദൈവരഹസ്യങ്ങൾ" എന്നു വിളിക്കപ്പെടുന്നു. മനുഷ്യന്റെ പരിമിതമായ ബുദ്ധികൊണ്ട് ദൈവത്തേയും ദൈവത്തെ സംബന്ധിക്കുന്ന കാര്യങ്ങളേയും സമഗ്രമായി ഗ്രഹിക്കുവാൻ കഴിയുമായിരുന്നുവെന്നു വരികിൽ മേലാൽ "രഹസ്യങ്ങൾ" ഒന്നും ഉണ്ടാകയില്ലായിരുന്നു. മനുഷ്യബുദ്ധികൊണ്ട് കണ്ടുപിടിക്കപ്പെടാൻ പാടില്ലാത്ത കാര്യങ്ങൾ ഒന്നും അവശേഷിക്കുകയില്ലായിരുന്നു. എന്നാൽ മനുഷ്യന്റെ ബുദ്ധിശക്തി പരിമിതവും അപൂർണ്ണവും ആയിരിക്കുകയാൽ ബുദ്ധിയുടെ ന്യൂനതയെ പരിഹരിക്കുന്നതിനുള്ള ഉത്തമമാർഗ്ഗമായിട്ടാണ് മനുഷ്യന് ഇഹത്തിൽവെച്ചു വിശ്വാസം എന്ന ദാനം നൽകപ്പെട്ടിരിക്കുന്നത്. ഇത് സർവ്വത്തെയും സമഗ്രമായി ഗ്രഹിക്കുവാൻവേണ്ടിയിട്ടല്ല, മനുഷ്യബുദ്ധി ദൈവികരഹസ്യങ്ങൾക്ക് യുക്തിപൂർവ്വം വഴങ്ങിക്കൊടുക്കാൻവേണ്ടി മാത്രമാകുന്നു.

ത്രെന്തോസ് സൂനഹദോസ് ദൈവികമായ വിശ്വാസത്തെ താഴെപറയും പ്രകാരം നിർവ്വചിക്കുന്നു: "വിശ്വാസമെന്നത് ദൈവം നമ്മുടെ ആത്മാവുകളിൽ ചിന്തുന്ന അതിസ്വാഭാവികമായ ഒരു ദാനമാകുന്നു. ഇതുമൂലം ദൈവം വെളിപ്പെടുത്തുകയും തിരുസ്സഭവഴിയായി പഠിപ്പിക്കുകയും ചെയ്യുന്ന തത്വങ്ങൾ സംശയംകൂടാതെ സത്യമെന്ന് വിശ്വസിക്കുന്നതിന് നാം പ്രേരിതരായിത്തീരുന്നു." ദൈവികവിശ്വാസത്തിൽ ഏററം പ്രധാനമായ ഘടകം അതിന്റെ അതിസ്വാഭാവികത്വം ആകുന്നു. ഈ വിശ്വാസം മനുഷ്യന്റെ സ്വാഭാവികമായ കഴിവുകളെ അതിലംഘിക്കുന്ന കാര്യങ്ങൾ ഒരുവിധത്തിൽ ഗ്രഹിക്കാൻ അവനെ പ്രാപ്തനാക്കുന്നു. വിശ്വാസമെന്ന ദാനം മനുഷ്യന്റെ സ്വാഭാവികമായ കഴിവുമൂലം അർഹിക്കയോ സമ്പാദിക്കുകയോ ചെയ്യാവുന്ന ഒന്നല്ല. വിശ്വാസം മനുഷ്യഹൃദയങ്ങളിൽ ചിന്തപ്പെടുന്ന ഒരു ദാനവിശേഷം ആകുന്നുവെന്നത്രെ വി. ത്രെന്തോസ് സൂനഹദോസു പഠിപ്പിക്കുന്നത്. വി. അഗുസ്തീനോസ് ഒരു താത്വികനെന്ന നിലയിൽ പ്രസ്താവിക്കുന്നത്: "വിശ്വാസമെന്നത് അദൃശ്യമായ കാര്യങ്ങൾ യാഥാർത്ഥ്യങ്ങൾ എന്നു സമ്മതിക്കുന്നതിന് ബുദ്ധിയെ പ്രേരിപ്പിക്കുന്ന ന്യായം" എന്നാകുന്നു. വേറെ വാക്കുകളിൽ പറഞ്ഞാൽ നമ്മുടെ ഇന്ദ്രിയങ്ങളുടേയും ബുദ്ധിയുടേയും പരിമിതിക്കപ്പുറമായ കാര്യങ്ങൾ യാഥാർത്ഥ്യങ്ങൾ എന്നു ബോദ്ധ്യപ്പെടുത്തിത്തരുന്ന സ്വഭാവാതീതമായ ദാനമാകുന്നു വിശ്വാസം.

നമ്മുടെ സ്വാഭാവികമായ യുക്തികൊണ്ട് തെളിയിക്കപ്പെടാൻ പാടില്ലാത്ത കാര്യങ്ങൾ ശരിയാണെന്ന് സമ്മതിക്കാൻ നമ്മുടെ ഇന്ദ്രിയങ്ങളും, ബുദ്ധിയും പ്രകൃത്യാ വൈമുഖ്യമാണ് പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നത്. എങ്കിലും കൃപാവരത്തിന്റെ സഹായം നിമിത്തം ദൈവികസത്യങ്ങൾ ദൈവികമായ അധികാരത്തെ മാത്രം ആസ്പദമാക്കി സംശയംകൂടാതെ സ്വീകരിക്കയും വിശ്വസിക്കയും ചെയ്യുന്നതിന് മനസ്സ് നമ്മുടെ ബുദ്ധിയെ പ്രേരിപ്പിക്കുന്നു. ഇതുമൂലം ദൈവം വെളിപ്പെടുത്തി എന്ന ന്യായത്താൽ നമ്മുടെ ബുദ്ധിക്ക് ദുർഗ്രഹമായിരിക്കുന്ന തത്വങ്ങൾ സംശയലേശം കൂടാതെ സ്വീകരിക്കയും അവ സത്യമെന്ന് നാം സമ്മതിക്കയും ചെയ്യുന്നു. അതിനാൽ വിശ്വാസവും അഭിപ്രായവും തമ്മിലും, വിശ്വാസവും ശാസ്ത്രീയജ്ഞാനവും തമ്മിലും വലിയ വ്യത്യാസം ഉണ്ടെന്ന് നമുക്ക് ഗ്രഹിക്കാൻ കഴിയും. വിശ്വാസം വെറും അഭിപ്രായത്തിൽനിന്നും വ്യത്യസ്തമായിരിക്കുന്നത്, അഭിപ്രായത്തെപ്പോലെ വിശ്വാസത്തിൽ സംശയത്തിന് യാതൊരു ന്യായവും ഇല്ലാത്തതുകൊണ്ടാണ്. വിശ്വാസം ശാസ്ത്രീയജ്ഞാനത്തിൽനിന്നും വിഭിന്നമായിരിക്കുന്നത് വിശ്വാസസത്യങ്ങൾ യുക്തികൊണ്ട് യാതൊരുവിധത്തിലും തെളിയിക്കപ്പെടാൻസാധിക്കാത്തതുകൊണ്ടാണ്. ഇതിനാൽ വിശ്വാസത്തിൽ വളരെ വിരോചിതമായ പുണ്യങ്ങൾ അടങ്ങിയിരിക്കുന്നുവെന്ന് കാണാൻ കഴിയും. ബുദ്ധിക്കും ഇന്ദ്രിയങ്ങൾക്കും ഗ്രഹിക്കാൻ കഴിയാത്ത യാതൊന്നും സ്വീകരിക്കാനും വിശ്വസിക്കാനും സന്നദ്ധമല്ലെന്നു ശഠിച്ചുകൊണ്ടിരിക്കുന്ന മനുഷ്യബുദ്ധിയുടെയും ഇന്ദ്രിയങ്ങളുടെയും അഹംകാരത്തെ വിശ്വാസം നശിപ്പിച്ചുകളയുന്നു. ഒരു അതിസ്വാഭാവികമായ ശക്തിക്ക് നമ്മുടെ ബുദ്ധിയും മനസ്സും കീഴ്പ്പെടുന്നു. അദൃശ്യങ്ങളും ബുദ്ധിയുടെ ഗ്രഹണശക്തിയെ കവിയുന്നവയും ആയ അനേകം സത്യങ്ങൾ ഉണ്ടെന്നും അവയെ നേരിട്ട് നമുക്ക് ഗ്രഹിക്കാൻ കഴിയാത്തവയാണെങ്കിലും, അവ തികച്ചും യാഥാർത്ഥ്യങ്ങളാണെന്നും നിസ്സംശയമായി നാം സമ്മതിക്കയും നമ്മുടെ ബുദ്ധികൊണ്ട് അനുസരിക്കയും ചെയ്യുന്നു. വിശ്വാസംവഴിയായി നമ്മുടെ ബുദ്ധിയെ ക്രിസ്തുവിന്റെ അധികാരത്തിന് കീഴ്പ്പെടുത്തുകയാണ് ചെയ്യുന്നതെന്നത്രെ, വിശ്വാസത്തിന്റെ ആവശ്യത്തേയും മാഹാത്മ്യത്തേയുംകുറിച്ച് സുദീർഘമായി എഴുതിയിട്ടുള്ള വി. പൗലോസ് അപ്പസ്തോലൻ പ്രസ്താവിക്കുന്നത്. വിശ്വാസത്തിനുള്ള സമ്മാനം സ്വർഗ്ഗത്തിലെ അനന്തസൗഭാഗ്യമായിരിക്കുന്നതിന്റെ ന്യായം എന്താണെന്ന് ഇതുകൊണ്ട് നമുക്ക് മനസ്സിലാക്കാം. "വിശ്വസിക്കുന്നവർക്കായി നീ സ്വർഗ്ഗരാജ്യത്തെ തുറന്നുകൊടുത്തു" എന്നാണ് തിരുസ്സഭ തന്റെ ആരാധനക്രമങ്ങളിൽ പാടുന്നത്.



ഹോസാനാ! ദാവീദിന്റെ പുത്രന് ഹോസാനാ!!

സ്വബുദ്ധികൊണ്ട് നേരിട്ടു ഗ്രഹിക്കാത്ത യാതൊന്നും സ്വീകരിക്കുകയോ സമ്മതിക്കുകയോ ചെയ്യുകയില്ലെന്ന് വീരവാദം പറഞ്ഞുകൊണ്ടു നടക്കുന്ന മനുഷ്യൻ എത്രയോ സംഗതികളാണ് സ്വബുദ്ധികൊണ്ടു തെളിയിക്കാതെ അനുദിനജീവിതത്തിൽ മററുള്ളവർക്ക് കീഴ്പ്പെട്ടുകൊണ്ട് വിശ്വസിക്കുന്നത്. എന്തെന്നാൽ നമുക്കു സിദ്ധിച്ചിട്ടുള്ള ജ്ഞാനത്തിന്റെ മുഖ്യമായ ഭാഗം നമ്മുടെ ബുദ്ധികൊണ്ടു കണ്ടുപിടിച്ചിട്ടുള്ളവയല്ല; അവ മററുള്ളവരുടെ സാക്ഷ്യത്തെ മാത്രം അടിസ്ഥാനമാക്കി നാം സത്യമെന്ന് സ്വീകരിക്കയും സമ്മതിക്കുകയും ചെയ്യുന്നവയാണ്. ഒരു പദാർത്ഥവിജ്ഞാനശാസ്ത്രജ്ഞൻ സ്വന്തം പരീക്ഷണങ്ങളുടെ ഫലമായിട്ടാണോ അവൻ പഠിച്ചിട്ടുള്ള കാര്യങ്ങൾ മുഴുവൻ ഗ്രഹിച്ചിട്ടുള്ളത്? ഒരു ഭൂമിശാസ്ത്രജ്ഞൻ ഭൂമിശാസ്ത്രം സംബന്ധിച്ച ജ്ഞാനമെല്ലാം ലോകത്തിലെ സകല രാജ്യങ്ങളും പോയി കണ്ടതിനുശേഷമാണോ സമ്പാദിച്ചിട്ടുള്ളത്? ഇതിനുമുമ്പ് ജീവിച്ചിരുന്നവർ പരീക്ഷണം നടത്തി കണ്ടുപിടിക്കയും തെളിയിക്കയും ചെയ്ത കാര്യങ്ങൾ ശരിയാണെന്ന് സമ്മതിക്കുകയും വിശ്വസിക്കുകയും അല്ലയോ അവൻ ചെയ്യുന്നത്? ഒരു ഭിഷഗ്വരൻ രോഗങ്ങൾക്കു നിർദ്ദേശിക്കുന്ന ഔഷധങ്ങൾ സ്വയം പരീക്ഷണംമൂലം കണ്ടുപിടിച്ചിട്ടുള്ളവയാണോ? മനുഷ്യന്റെ ആയുസ്സ് വളരെ ചുരുങ്ങിയതായിരിക്കുന്നതിനാൽ അവന്റെ പഠനത്തിനും അന്വേഷണത്തിനും വിഷയമാകുന്ന കാര്യങ്ങൾ സകലവും സ്വാനുഭവത്താലും സ്വന്തം യുക്തിപ്രയോഗംമൂലവും കണ്ടുപിടിക്കാൻ ഒരിക്കലും സാദ്ധ്യമല്ല; മററുള്ളവരുടെ സാക്ഷ്യത്തെ വിശ്വസിച്ച് അവരുടെ പരീക്ഷണത്തെയും അനുഭവത്തേയും അടിസ്ഥാനമാക്കി കണ്ടുപിടിക്കപ്പെട്ടവയും തെളിയിക്കപ്പെട്ടവയും ആയ ശാസ്ത്രീയനിഗമനങ്ങളുടെ വെളിച്ചത്തിൽ തന്റെ ജ്ഞാനം വർദ്ധിപ്പിക്കുന്നതിനു മാത്രമേ ഒരു മനുഷ്യനാൽ സാദ്ധ്യമാവുകയുള്ളു.

എന്നാൽ മതസംബന്ധമായ കാര്യങ്ങളിൽ വിശ്വാസം പാടില്ല; മതതത്വങ്ങൾ സ്വന്തം യുക്തി

(ശേഷം 3-ാംപേജിൽ)

## ചെറുകഥ

# "നിഴലുകൾ"

(പി. ഡി. തോമസ് വെങ്കിടങ്ങ്)

സമയം പാതിരാത്രിയാണ്. ഒരു പഴയ കെട്ടിടത്തിന്റെ രണ്ടാംനിലയിൽ, ഏകാന്തമായൊരു മുറിയിലിരുന്ന് ഒരാൾ ധൃതിയിൽ എന്തോ എഴുതിക്കൊണ്ടിരിക്കുകയാണ്. പുസ്തകങ്ങളും കടലാസ്സും കുന്നുകൂടിക്കിടക്കുന്ന അയാളുടെ മേശയുടെ ഒരു ഭാഗത്ത് ഒരു വലിയ പൂപ്പാത്രം നിറയെ വാടാത്ത പുഷ്പങ്ങൾ വച്ചിരിക്കുന്നു. മേശപ്പുറത്ത് അയാളുടെ തൊട്ടടുത്തുതന്നെയായി വച്ചിട്ടുള്ള മദ്യക്കുപ്പികളിൽനിന്നുയരുന്ന മാദകമായ ഗന്ധം ആ മുറി മുഴുവൻ മുററിനില്ക്കുകയാണ്.

അയാൾ എഴുത്തുനിർത്തി സ്വല്പനേരം നിശ്ചലനായിരുന്നു. സാവധാനം അയാൾ ആ പൂപ്പാത്രം മുൻപിലേക്കു വലിച്ചുവച്ചു; ആ നവകുസുമങ്ങളെ അയാൾ ആവേശപൂർവ്വം കുറേനേരം വാസനിച്ചു സംതൃപ്തിയോടെ പൂപ്പാത്രം മാററിവച്ചശേഷം ആ മനുഷ്യൻ ഒരു മദ്യക്കുപ്പിയെടുത്തു തുറന്നു. പതഞ്ഞുയരുന്ന മദ്യം ഒരു ഗളഗളാരവത്തോടെ അയാളുടെ വായിലേക്കൊഴുകി. ഒഴിഞ്ഞ കുപ്പി അയാൾ ഒരു ശബ്ദത്തോടെ മേശപ്പുറത്തുവച്ചു. കലങ്ങിമറിഞ്ഞു ചുമന്നുവീർത്ത അയാളുടെ കണ്ണുകൾ തുറന്നിട്ട ജാലകത്തിലൂടെ അലക്ഷ്യമായി പുറത്തേക്കു നോക്കി. കറുത്തിരുണ്ടു ശൂന്യമായ ആകാശം അങ്ങനെ പരന്നുകിടക്കുകയാണ്. ഒരു കൊച്ചു താരകക്കുരുന്നുപോലും ആകാശവീഥിയിലൊരിടത്തും തെളിഞ്ഞു കാണുന്നില്ല. നിശ്ശബ്ദവും ശൂന്യവുമായ പട്ടണവീഥികൾ മലമ്പാമ്പുകളെപ്പോലെ നീണ്ടുകിടക്കുന്നു. ഗൃഹങ്ങളുടെ മേൽക്കൂരകൾ കറുത്തിരുണ്ട ഭൂതങ്ങളെപ്പോലെ അന്തരീക്ഷത്തിലേക്കു തലയുയർത്തിനില്ക്കുന്നു. അങ്ങകലെ മങ്ങിമങ്ങിക്കത്തുന്ന ഒരു തെരുവുവിളക്കിന്റെ ക്ഷീണിച്ച പ്രഭാകിരണങ്ങൾ അന്ധകാരത്തിന്റെ കനത്തഭിത്തികൾ അറുത്തുമുറിച്ചുകൊണ്ട് മുന്നോട്ടു കുതിക്കുവാൻ വിഫലശ്രമം നടത്തുകയാണ്.

വീണ്ടും അയാൾ തൂലിക കൈയിലെടുത്തു. എഴുതിനിറഞ്ഞ പേജുകൾ ഓരോന്നായി പിന്നോട്ടു മറിയാൻ തുടങ്ങി. പെട്ടെന്നയാൾ ഞെട്ടിത്തെറിച്ചുപോയി! അടച്ചിട്ടിരുന്ന ആ മുറിയുടെ വാതിൽക്കതകിന്മേൽ ഒന്നുരണ്ടു മുട്ടുകൾ! ടക്...ടക്...ടക്! തീരെ നിശ്ശബ്ദമായിരുന്ന അന്തരീക്ഷത്തിലുയർന്ന ആ ശബ്ദതരംഗങ്ങൾക്ക് എന്തോ ഒരു ഭീകരതയുണ്ടായിരുന്നു. ഭയത്തിന്റെയും സംഭ്രമത്തിന്റെയും കൊള്ളിയാനുകൾ അയാളുടെ ഹൃദയത്തിൽ മിന്നിമറഞ്ഞു. ആശങ്കാപൂർവ്വം വാതില്ക്കലേക്കു കണ്ണുകളയച്ചുകൊണ്ട് അയാൾ നിശ്ചലനായിരുന്നു. വാതിൽ തുറക്കുവാൻ അയാൾക്കു ധൈര്യമുണ്ടായിരുന്നില്ല. വാതില്ക്കൽനിന്നു കൂടുതൽ ശക്തിയോടുകൂടി വീണ്ടും ആ ശബ്ദമുയർന്നു. ടക്...ടക്...ടക്...! അയാളുടെ സംഭ്രമം അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തി. എങ്കിലും ധൈര്യമവലംബിച്ചുകൊണ്ട് ഒരു വിളക്കുമെടുത്തു അയാൾ വാതില്ക്കലേക്കു നീങ്ങി. വിറയ്ക്കുന്ന കൈകളോടെ മെല്ലെമെല്ലെ അയാൾ വാതിൽതുറന്നു. വിളക്കുയർത്തിക്കൊണ്ട് അയാൾ അന്ധകാരത്തിലേക്കു തുറിച്ചുനോക്കി. നീണ്ടുമെലിഞ്ഞൊരു യുവാവ് അയാളെത്തന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ട് ഗോവണിപ്പടിയിൽ നിശ്ചലനായി നില്ക്കുന്നു! അയാളുടെ ഭയാശങ്കകൾ ആശ്ചര്യത്തിന്റെ അലകളായി മാറി.

"നിങ്ങളല്ലേ "വാനവിൽ" എന്ന തൂലികാനാമത്തിൽ അനേകം നോവലുകളും കവിതകളും മററും എഴുതിവിടുന്ന ആ പ്രസിദ്ധ സാഹിത്യകാരൻ?" യുവാവ് ബഹുമാനപുരസരം ചോദിച്ചു.

"അതെ" യുവാവിന്റെ മുഖത്തേക്കു സൂക്ഷിച്ചുനോക്കിക്കൊണ്ട് ആ സാഹിത്യകാരൻ മറുപടിപറഞ്ഞു.

"മി. വാനവിൽ — താങ്കളുടെ യഥാർത്ഥനാമം എനിക്കറിഞ്ഞുകൂടാത്തതുകൊണ്ട് ഞാനങ്ങിനെതന്നെ വിളിക്കട്ടെ — നിങ്ങളെ ഈ അസമയത്തുവന്നു ബുദ്ധിമുട്ടിക്കേണ്ടിവന്നതിൽ എനിക്കു വളരെയധികം വ്യസനമുണ്ട്; ക്ഷമിക്കണം" യുവാവു പറഞ്ഞു.

"ഓ, സാരമില്ല, അകത്തുവരൂ" ആ സാഹിത്യകാരൻ അപരിചിതനായ ആ യുവാവിനെ അകത്തേക്കു ക്ഷണിച്ചു. അകത്തേക്കു കടന്നു് അയാളുടെ മേശക്കരികിലേക്കു നീങ്ങിയ ആ സാഹിത്യകാരനെ യുവാവ് നിശ്ശബ്ദനായി അനുഗമിച്ചു. സാഹിത്യകാരൻ ചൂണ്ടിക്കാട്ടിയ ഒരു കസേരയിൽ അയാൾ ഇരുന്നു. നിശ്ശബ്ദനായിരുന്നുകൊണ്ട് അയാൾ ആ മുറിയിലാകെ ഒരു വിഹഗവീക്ഷണം നടത്തി.

സാഹിത്യകാരൻ ഒരു ഗ്ലാസിൽ നിറയെ മദ്യം പകർന്നു് യുവാവിന്റെ മുൻപിലേക്കു നീക്കിവച്ചു. യുവാവ് ഗ്ലാസെടുത്തു ചുണ്ടിലേക്കുയർത്തി. ഒരൊററവലിക്ക് അയാൾ ആ മദ്യത്തിന്റെ പകുതിഭാഗവും വയററിലാക്കി. പകുതിമദ്യത്തോടുകൂടിയ ഗ്ലാസ് മേശപ്പുറത്തുവച്ചശേഷം അയാൾ ആരാധനാഭാവം സ്ഫുരിക്കുന്ന കണ്ണുകളോടെ ആ സാഹിത്യകാരന്റെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. നീണ്ട ഒരു ദീർഘനിശ്വാസമയച്ചുകൊണ്ട് ആ ചെറുപ്പക്കാരൻ പറഞ്ഞു: "എന്റെ ജീവിതം അവസാനിക്കുന്നതിനു മുൻപ് ഈ മുറി സന്ദർശിക്കണമെന്നത് എന്റെ ഒരന്ത്യാഭിലാഷമായിരുന്നു."

"അപ്പോൾ, നിങ്ങളൊരു രോഗിയാണോ?" ആശ്ചര്യത്തോടെ സാഹിത്യകാരൻ ചോദിച്ചു.

"ശാരീരികമെന്നതിനേക്കാൾ എന്റെ രോഗം ആത്മാവിന്റേതാണ്. മി. വാനവിൽ, എനിക്കു ജീവിതം ദുസ്സഹമായിത്തീർന്നിരിക്കുന്നു. ഞാൻ എന്റെ ഈ ജീവിതം എന്നന്നേക്കുമായി അവസാനിപ്പിക്കാൻ പോകുകയാണ്. അതിനുമുൻപ് നിങ്ങളെ ഒന്നു കാണണമെന്നു ഞാൻ ആഗ്രഹിച്ചു. താങ്കളോട് ഹൃദയംതുറന്നു ചിലതെല്ലാം എനിക്കു സംസാരിക്കുവാനുണ്ട്. അതാണ് ഞാൻ ഈ അസമയത്ത് നിങ്ങളുടെ വാതിലിൽ വന്നു മുട്ടാനുണ്ടായ കാരണം."

സാഹിത്യകാരൻ ആശ്ചര്യത്തോടെ യുവാവിന്റെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. മേശക്കരികിലേക്കു സ്വല്പംകൂടി അടുത്തിരുന്നശേഷം യുവാവു തുടർന്നു: "മി. വാനവിൽ, എന്റെ ജീവിതത്തോട് അവഗാഢം ഒട്ടിച്ചേർന്ന ഒരു വ്യക്തിയാണ് താങ്കൾ. ഇതുവരെ നിങ്ങളാണ് എന്റെ ജീവിതത്തെ നിയന്ത്രിച്ചുകൊണ്ടിരുന്നത്......"

"ആര്, ഞാനോ?" സാഹിത്യകാരൻ പെട്ടെന്നിടയ്ക്കുകയറി ആശ്ചര്യം പ്രകടിപ്പിച്ചു.

"അതെ, മി. വാനവിൽ. നിങ്ങൾക്ക് ആശ്ചര്യം തോന്നുന്നുണ്ടല്ലേ. തികച്ചും ഒരു യാഥാർത്ഥ്യമാണിത്. താങ്കളുടെ കവിതകളുടെ ഓരോ ഈരടിയിലൂടെയും താങ്കളുടെ നോവലുകളിലെ ഓരോ കല്പിതകഥാപാത്രത്തിലൂടെയും നിങ്ങളാണെന്നെ നിയന്ത്രിച്ചുകൊണ്ടിരുന്നത്. നിങ്ങളുടെ പുസ്തകങ്ങൾ ഒന്നുപോലും വിടാതെ ഞാൻ വായിച്ചിട്ടുണ്ട്, താങ്കളുടെ കവിതകളുടെ ഓരോ ഈരടിയും, താങ്കളുടെ നോവലുകളിലെ ഓരോ ഖണ്ഡികയും എനിക്കു മനഃപ്പാഠമാണ്." സാഹിത്യകാരന്റെ ചുവന്നുകലങ്ങിയ കണ്ണുകളിൽ ആശ്ചര്യം തളംകെട്ടിനിന്നു. യുവാവിന്റെ മുഖത്തേക്കു സൂക്ഷിച്ചുനോക്കിക്കൊണ്ട് അയാൾ ചോദിച്ചു:

"മിസ്റ്റർ, നിങ്ങളാരാണ്? എന്തുകൊണ്ട് നിങ്ങളെന്നെ ഇതിനുമുൻപു സന്ദർശിച്ചില്ല?"

"ഓ, അതിന്റെ യാതൊരാവശ്യവുമുണ്ടായിരുന്നില്ല. പരസ്പരം മനസ്സിലാക്കുകയും അടുക്കുകയുമാണല്ലോ സന്ദർശനങ്ങളുടെ ഉദ്ദേശം. നിങ്ങളുടെ ഹൃദയത്തെയും ഹൃദയത്തിന്റെ ഹൃദയത്തെയും ഞാൻ എന്നേ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. താങ്കളുടെ സാഹിത്യസൃഷ്ടികളുടെ ഒരാസ്വാദകനായിത്തീർന്നതുമുതൽ താങ്കളുടെ വിചാരങ്ങളും വികാരങ്ങളും എന്റേതുമായിക്കഴിഞ്ഞിരിക്കുകയായിരുന്നു. മി. വാനവിൽ, ഇന്നെനിക്ക് ഒരൊററ ആശയേ ശേഷിച്ചിട്ടുള്ളു. ഭൂമുഖത്ത് അവസാനമായി ഞാൻ ദർശിക്കുന്ന മുഖം താങ്കളുടേതായിരിക്കണമെന്ന്; എന്റെ അന്ത്യവാചകങ്ങൾ ശ്രവിക്കുന്നത് നിങ്ങളായിരിക്കണമെന്ന്; അതെ, മി. വാനവിൽ, ഒരൊററാശമാത്രം; എന്റെ ശവസംസ്കാരയാത്ര ആരംഭിക്കുന്നത് താങ്കളുടെ ഈ ഗൃഹത്തിന്റെ മുററത്തുനിന്നായിരിക്കണമെന്ന്."

ഗ്ലാസിൽ ശേഷിച്ചിരുന്ന മദ്യവുംകൂടി യുവാവ് കുടിച്ചുതീർത്തു. സാഹിത്യകാരൻ മൂകനായി യുവാവിന്റെ മുഖത്തേക്കു സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കെ യുവാവ് വീണ്ടും തുടർന്നു: "അന്നൊരു കാലത്ത് ഒരു കൊച്ചു ബുക്ക്സ്റ്റാളിൽ പഴയ പുസ്തകങ്ങളും വിററുകൊണ്ട് ജീവിച്ചിരുന്നപ്പോൾ നിങ്ങളെപ്പോലൊരു സാഹിത്യകാരനാകുവാൻ ഞാൻ ഹൃദയപൂർവ്വം കൊതിച്ചിരുന്നു; ആസ്വാദകലക്ഷങ്ങളെ ആകർഷിച്ചുകൊണ്ട്, താങ്കളെപ്പോലൊരു കവിസമ്രാട്ടായി വിജയപൂർവ്വം വിരാജിക്കുന്ന സുവർണ്ണകാലഘട്ടങ്ങളെപ്പററി ഞാൻ സ്വപ്നം കാണാറുണ്ടായിരുന്നു. ഇപ്പോഴെനിക്കു മനസ്സിലായിക്കഴിഞ്ഞു ഞാനൊരിക്കലുമൊരിക്കലും അപ്രകാരമായിത്തീരുകയില്ലെന്ന്. എങ്കിലും, താങ്കൾ, താങ്കളുടെ പുസ്തകങ്ങളിൽ പ്രകാശിപ്പിച്ചുകണ്ടിട്ടുള്ള താങ്കളുടെ ആശയപരമ്പരകൾ മുന്നേ എന്റേതുമായിക്കഴിഞ്ഞിരിക്കകൊണ്ട് ഞാനിന്ന് മനം തികഞ്ഞു വിശ്വസിക്കുന്നു, സംസ്കാരികമായി ഞാനും നിങ്ങളും സമന്മാരാണെന്ന് —" പെട്ടെന്ന് യുവാവിന്റെ സ്വരം കൂടുതൽ ഉദ്ധതവും, വികാരോജ്ജ്വലവുമായിത്തീർന്നു. "അതെ, വഴിപിഴച്ച നിങ്ങളുടെ വിചാരവീചികളും മുഷിയമായ നിങ്ങളുടെ വികാരപരമ്പരകളും, നിങ്ങളെപ്പോലെ എന്നെയും ഒരു മനുഷ്യനല്ലാതാക്കിത്തീർത്തിരിക്കുന്നെന്ന്. മി. വാനവിൽ, ഈ മേശക്കു മുൻപിലിരുന്ന്, നിങ്ങൾ നൂറും ആയിരവും പേജുകൾ നിങ്ങളുടെ തൂലികകൊണ്ടെഴുതിത്തള്ളുമ്പോൾ, നിങ്ങൾ മനസ്സിലാക്കുന്നില്ല, നിങ്ങളെന്താണ് ചെയ്യുന്നതെന്ന്. നിങ്ങളുടെ കവിതയുടെ ഓരോ ഈരടിയും എത്രയെത്ര ജീവിതങ്ങളെയാണ് മാററിമറിക്കുന്നതെന്നും, സ്വാധീനിക്കുന്നതെന്നും താങ്കൾ മനസ്സിലാക്കിയിട്ടില്ല. പൂമൊട്ടുകളുടെ മാദകഗന്ധം നിറഞ്ഞുനില്ക്കുന്ന ഈ കൊച്ചുമുറിയിൽ, ഇടതുകൈയിൽ മദ്യം നുരഞ്ഞുപൊന്തുന്ന മദ്യപാത്രവും, വലതുകൈയിൽ തൂലികയുമായി നിങ്ങളിരുന്ന് കവിതകളും നോവലുകളും എഴുതിത്തള്ളുമ്പോൾ, എത്രയെത്ര ജീവിതങ്ങളെയാണ് നിങ്ങളുടെ തൂലിക തല്ലിത്തകർക്കുന്നതെന്നും, എത്രമാത്രം സാധുയുവതികളെയാണ് നിരാധാരരായി തെരുവിലിറക്കുന്നതെന്നും, സമാധാനവും സൗഹാർദ്ദവും പുഷ്പിച്ചുനില്ക്കുന്ന എത്രയെത്ര കുടുംബങ്ങളെയാണ് ഭൂലോകനരകമാക്കി മാററുന്നതെന്ന് സ്വല്പംപോലും നിങ്ങളറിയുന്നില്ല.

"നോക്കൂ! നിങ്ങൾ മനസ്സിലാക്കണം, ഞങ്ങൾ — യുവാക്കൾ — സാംസ്കാരികമായ നേതൃത്വത്തിനുവേണ്ടി ആശാപൂർവ്വം ഉററുനോക്കുന്നത് നിങ്ങളുടെ തൂലികത്തുമ്പിലേക്കാണെന്ന്; ഈ നാടിന്റെ സ്വപ്നങ്ങളും, പ്രതീക്ഷകളുമായ യുവതീയുവാക്കന്മാർ നിങ്ങളുടെ സാഹിത്യസൃഷ്ടികളുടെ നിഴലുകളാണെന്ന്. മി. വാനവിൽ, നിങ്ങളുടെ ശക്തി വളരെ വലുതാണ്. യുവാക്കന്മാരെ ആദർശസമ്പന്നരും നിരാശാവാദികളുമാക്കാൻ താങ്കളുടെ കവിതയുടെ ഒരൊററ ഈരടിക്കു കഴിയും. പെൺകിടാങ്ങൾ കുലടകളായിത്തീരുന്നത്, നിങ്ങൾ നിങ്ങളുടെ ഗ്രന്ഥങ്ങളിൽ ആദർശയുവതിയായി ചിത്രീകരിക്കുന്ന ഭാവനാകഥാപാത്രത്തിന്റെ സ്വഭാവവൈചിത്ര്യങ്ങളെ ആശ്രയിച്ചായിരിക്കും."

ചിന്താനിമഗ്നമായ കണ്ണുകളോടെ വിശാലമായ ആകാശപ്പരപ്പിലേക്ക് നോക്കിക്കൊണ്ട് യുവാവ് സ്വല്പനേരം മൂകനായിരുന്നു. ഭീകരമായ ഒരു നിശ്ശബ്ദത ആ മുറിയിൽ നിറഞ്ഞുനിന്നു.

സ്വല്പനേരത്തിനുശേഷം ആ യുവാവ് എഴുന്നേററുനിന്ന് സാഹിത്യകാരന്റെ സമീപത്തിരിക്കുന്ന ഒരു നിറഞ്ഞ മദ്യക്കുപ്പി എത്തിയെടുത്തു. അയാൾ കുപ്പി തുറന്ന് ചുകന്ന മദ്യം ഗ്ലാസിലേക്കു പകർന്നു. മദ്യം നുരഞ്ഞുപൊങ്ങി പുറത്തേക്കൊഴുകിയപ്പോൾ സാഹിത്യകാരൻ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു പറഞ്ഞു: "കുടിക്കൂ! കുടിക്കൂ! നല്ല വീര്യമുള്ള മദ്യമാണത്. ആളിക്കത്തുന്ന നിങ്ങളുടെ മനസ്സ് എങ്ങിനെയെങ്കിലുമൊന്നടങ്ങട്ടെ."

"എന്റെ ഹൃദയത്തെ കത്തിയെരിക്കുന്ന ഭയങ്കരമായ ആ അഗ്നി ഒരു ഗ്ലാസ്സ് മദ്യംകൊണ്ട് കെട്ടടങ്ങുന്ന ഒന്നല്ല. എന്റെ മനുഷ്യത്വംതന്നെ കത്തിയെരിഞ്ഞുണ്ടാകുന്ന അഗ്നിസ്ഫുലിംഗങ്ങളാണ് എന്റെ ഹൃദയത്തിലുള്ളത്. അതൊരിക്കൽ മാത്രമേ കെട്ടടങ്ങുകയുള്ളു. അതെ, ഒരിക്കൽമാത്രം! മനുഷ്യത്വത്തിന്റേതായി എന്നിൽ അവശേഷിച്ചിട്ടുള്ള ഈ ശരീരവുംകൂടി നിർജ്ജീവമായിത്തീരുന്ന ആ നിമിഷത്തിൽ മാത്രം.!"

യുവാവ് മദ്യപ്പാത്രം ചുണ്ടിലേക്കുയർത്തി കുറെഭാഗം കുടിച്ചിറക്കിയശേഷം ഗ്ലാസ്സ് മേശപ്പുറത്തു വെച്ചുകൊണ്ട് അയാൾ തുടർന്നു: "ജീവിക്കാൻ വേണ്ടി" എന്ന നിങ്ങളുടെ പ്രസിദ്ധമായ ഒരു നോവലില്ലേ. ആ നോവൽ അനേകമനേകം തവണ ഞാൻ ആദ്യന്തം ആവേശപൂർവ്വം വായിച്ചിട്ടുണ്ട്. അതിലെ ഓരോ അദ്ധ്യായവും എനിക്കു മനഃപ്പാഠമാണ്. അതിലൊരിടത്ത് നിങ്ങളെഴുതിയിരിക്കയാണ്: "നിശയുടെ നിശ്ശബ്ദതയിൽ, ചന്ദ്രബിംബവും താരകക്കൂട്ടങ്ങളും നോക്കിനില്ക്കവേ, അവൻ ആ മുറികുത്തിത്തുറന്ന് അകത്തുകടന്നു. രത്നങ്ങളും, ആഭരണങ്ങളുമടക്കം അവന്റെ കൈയിൽകിട്ടിയതെല്ലാം ഒരു ഭാണ്ഡമാക്കിക്കെട്ടിയശേഷം അവൻ പുറത്തുചാടി. സംതൃപ്തിയോടെ പുഞ്ചിരിച്ചുകൊണ്ട് അവൻ കറുത്തിരുണ്ട നിഴൽക്കൂട്ടങ്ങളിൽ മറഞ്ഞു. ജീവിക്കാൻവേണ്ടി അവൻ അദ്ധ്വാനിക്കുകയായിരുന്നു. അവന്റെ ആ ജീവിതപരിതസ്ഥിതിയിൽ അതവന്റെ കർത്തവ്യമായിരുന്നു, ധർമ്മമായിരുന്നു." എന്നെ കളവഭ്യസിപ്പിച്ചത് ഈ നശിച്ച വാചകങ്ങളായിരുന്നു." യുവാവിന്റെ സ്വരം കൂടുതൽ പരുഷമായിത്തീർന്നു. വികാരാവേശത്തോടെ അയാൾ ഗ്ലാസ് മുറുകെപ്പിടിച്ചു. "മി. വാനവിൽ, നിങ്ങളാണ് എന്നെയും മററനേകം യുവാക്കളെയും കളവും കവർച്ചയുമഭ്യസിപ്പിച്ചത്. അഭ്യസിപ്പിക്കാൻ മാത്രമേ നിങ്ങൾക്കാവുകയുള്ളു. നിങ്ങൾ ഞങ്ങളെക്കൊണ്ടു ചെയ്യിച്ച ദുഷ്കർമ്മങ്ങളുടെ തിക്തഫലങ്ങൾ ഞങ്ങളനുഭവിക്കുമ്പോഴും നിങ്ങളിമുറിയിലിരുന്ന് മദ്യവും കുടിച്ച് നോവലുകളും കവിതകളുമെഴുതുകയായിരുന്നു: മാരകങ്ങളായ വിഷക്കൂട്ടുകൾ നിർമ്മിച്ചുവിടുകയായിരുന്നു. മി: വാനവിൽ, നിങ്ങളുടെ ക്രൂരത......!" വാക്കു മുഴുമിക്കാതെ സാഹിത്യകാരനെ ഉഗ്രമായി നോക്കിക്കൊണ്ട് യുവാവ് സ്വല്പനേരം നിശ്ശബ്ദനായിരുന്നു. എന്നിട്ട് ഗ്ലാസ്സിലെ മദ്യം മുഴുവൻ കുടിച്ചു തീർത്തശേഷം അയാൾ തുടർന്നു: "എന്നെയും എന്നെപ്പോലെയുള്ള മററനേകം

(ജേർമെൻസണ്ണിന്റെ ഒരു ഡാനിഷ് കഥയോടു കടപ്പാട്)


# മലയാററൂർ

## പുതുഞായറാഴ്ച തിരുനാൾ

ഈ ഏപ്രിൽ 5-ാം നു വ്യാഴാഴ്ച ആരംഭിച്ചു 8-ാംതീയതി ഞായറാഴ്ച അവസാനിക്കുന്നതും, എട്ടാമിടത്തിരുനാൾ ഏപ്രിൽ 15-ാംതീയതി ആഘോഷിക്കുന്നതുമാണ്. തീർത്ഥകർക്ക് ഇക്കൊല്ലം കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

എന്ന്, വികാരി

യുവതീയുവാക്കന്മാരേയും വിനാശത്തിന്റെ അടിത്തട്ടിലേക്കു് അടിച്ചു താഴ്ത്തിയതു് നിങ്ങൾ ഞങ്ങളെ പഠിപ്പിച്ച അബദ്ധജടിലമായ ജീവിതവീക്ഷണസമ്പ്രദായമായിരുന്നു. മൃഗീയമായ ജഡികാസക്തിയും, കടുത്ത സ്വാർത്ഥതയും, ജീവിതസന്തോഷങ്ങളോടുള്ള അമിതമായ ആസക്തിയും നിറഞ്ഞ ഒരു മനുഷ്യനാണു് ജീവിതം ആസ്വദിക്കാൻ പഠിച്ചവൻ എന്നാണു് നിങ്ങൾ ഞങ്ങളെ ഉപദേശിച്ചതു്. സാന്മാർഗ്ഗികനിയമങ്ങളും, സാമുദായികനിയമങ്ങളും മനുഷ്യജീവിതത്തിലെ വിലങ്ങുതടികളാണു്, സർവ്വസ്വാതന്ത്ര്യനായ ഒരു യഥാർത്ഥമനുഷ്യനായിത്തീരുവാൻ അവയെ തട്ടിത്തകർക്കുക, എന്നു് നിങ്ങൾ നിങ്ങളുടെ എത്രയെത്ര ഗ്രന്ഥങ്ങളിലൂടെ ഞങ്ങളെ ആവർത്തിച്ചാവർത്തിച്ചാഹ്വാനം ചെയ്തിട്ടില്ല! സൗന്ദര്യാസ്വാദനത്തിന്റെപേരിൽ നിങ്ങൾ ഞങ്ങളെ പഠിപ്പിച്ചതു് മൃഗീയമായ ജഡികവികാരങ്ങളുടെ മലിമസമായ ബഹിർപ്രകടനങ്ങളായിരുന്നു. സ്വാർത്ഥപ്രേരിതങ്ങളായ പ്രേമബന്ധങ്ങളായിരുന്നു നിങ്ങൾ ഞങ്ങളുടെ മുൻപിലവതരിപ്പിച്ച ആദർശപ്രേമം. ആത്മനിർവൃതിക്കു വേണ്ടി നിങ്ങൾ ഞങ്ങൾക്കുപദേശിച്ചു തന്നതു് അമിതമായമദ്യസേവയായിരുന്നു. അതെ, മി. വാനവിൽ, മനുഷ്യത്വം വില്ക്കപ്പെടുന്ന നൃത്തശാലകളും, മദ്യശാലകളും നിറഞ്ഞ, മൃഗപ്രായമായ ഒരു ജീവിതമായിരുന്നു നിങ്ങൾ ഞങ്ങളുടെ മുൻപിൽ വെച്ച ആദർശജീവിതം!”

(തുടരും)

(1-ാംപേജു് തുടർച്ച)

കൊണ്ടു് കണ്ടുപിടിക്കപ്പെടാതെ സ്വീകരിക്കേണ്ടതല്ല; എന്നു ആരെങ്കിലും വൃഥാ ജല്പനം ചെയ്യുന്നുവെങ്കിൽ, അതു് അത്യന്തം യുക്തിഹീനമായ നിലയാണെന്നു് അപലപിക്കാതെ നിവൃത്തിയില്ല. “നമുക്കു് മനുഷ്യരുടെ സാക്ഷ്യം വിശ്വസിക്കാമെങ്കിൽ അതിനെക്കാൾ മഹത്തായ ദൈവത്തിന്റെ സാക്ഷ്യം എന്തുകൊണ്ടാണു് വിശ്വസിച്ചുകൂടാത്തതു്?” എന്നു് അപ്പസ്തോലനായ വി. യോഹന്നാൻ ചോദിക്കുന്നു.

കത്തോലിക്കാസഭ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന വിശ്വാസസത്യങ്ങൾ ദൈവത്തിന്റെ അപ്രമാദിതമായ അധികാരത്തെ ആശ്രയിച്ചുനിൽക്കുന്നവയും അതിനാൽതന്നെ തെററില്ലാത്തവയും ആകുന്നു. മിശിഹായോടുള്ള വിധേയത്വംനിമിത്തം നാം നമ്മുടെ ബുദ്ധിയെ പരിപൂർണ്ണമായി മിശിഹായുടെ അധികാരത്തിനു് കീഴ്പ്പെടുത്തുകയും തിരുസ്സഭ വിശ്വാസസത്യമായി പഠിപ്പിക്കുന്ന തത്വങ്ങൾ സത്യമാണെന്നു് നമ്മുടെ ബുദ്ധികൊണ്ടും മനസ്സുകൊണ്ടും ഏററുപറകയും അനുസരിക്കയും ചെയ്യുന്നു. നമ്മുടെ ബുദ്ധിയെ ദൈവികസത്യങ്ങൾക്കു് കീഴ്പ്പെടുത്തി ആന്തരികമായി അവയെ സമ്മതിക്കുന്നതിലാണു് വിശ്വാസം അടങ്ങിയിരിക്കുന്നതു്. വിശ്വാസം ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനമാകുന്നു. “വിശ്വാസം കൂടാതെ യാതൊരു മനുഷ്യനും ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുന്നതല്ല” എന്നു വി. അപ്പസ്തോലൻ പഠിപ്പിക്കുന്നു. “വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷായോഗ്യനായിത്തീരുകയും ചെയ്യും” എന്നാണല്ലോ ദിവ്യരക്ഷകൻ കല്പിച്ചിരിക്കുന്നതു്.

കത്തോലിക്കർ എല്ലാവരും തങ്ങൾക്കു് ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ സിദ്ധിച്ച വിശ്വാസം ദൈവത്തിന്റെ ഒരു അമൂല്യദാനമാണെന്നു് മനസ്സിലാക്കണം. വിശ്വാസംവഴിയായിട്ടാണു് നാം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനു് അർഹരായിത്തീരുന്നതെന്നും സ്വന്തം കുററംകൊണ്ടു് വിശ്വാസം നഷ്ടപ്പെടുത്തുന്നവർക്കു് അപരിഹാര്യമായ നഷ്ടമാണു് സംഭവിക്കുന്നതെന്നും നാം മനസ്സിലാക്കണം. അതിനാൽ ഓരോ കത്തോലിക്കനും ആയുരന്തം തന്റെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുകയും അനുദിനം തന്റെ വിശ്വാസത്തെ വർദ്ധിപ്പിക്കാൻ ശ്രമിക്കയും ചെയ്യേണ്ടതാകുന്നു.

# പരിശുദ്ധ മാർപ്പാപ്പാ തിരുമനസ്സിലെ

## 1955-ലെ ക്രിസ്തുമസ്സ് സന്ദേശം

(തുടർച്ച)

### ഓരോമനുഷ്യജീവിതവും ക്രിസ്തുവിൽ സംയോജിക്കുകയും ഉറച്ചുനിൽക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത

മനുഷ്യവർഗ്ഗത്തിന്റെ സാമൂഹ്യവും ചരിത്രപരവുമായ ജീവിതത്തിൽ മാത്രമല്ല, ക്രിസ്തീയവ്യക്തിയുടെ ജീവിതത്തിലും ഈശോമിശിഹാ അചഞ്ചലസഹായമായിരിക്കുന്നു. ആകയാൽ എങ്ങനെ “എല്ലാം വസ്തുക്കളും അങ്ങയാൽ സൃഷ്ടിക്കപ്പെടുകയും, അങ്ങയെക്കൂടാതെ യാതൊന്നും സൃഷ്ടിക്കപ്പെടാതിരിക്കുകയും” (യോഹ: I, 4) ചെയ്യുന്നുവോ അതുപോലെ, അവിടുത്തെക്കൂടാതെ ദൈവികജ്ഞാനത്തിനും മഹത്വത്തിനും അനുയോജ്യമായ ജോലികൾ ഒരുത്തരെക്കൊണ്ടും ഒരിക്കലും നിർവ്വഹിക്കുക സാദ്ധ്യമല്ല. ഓരോ ജീവിതവും ക്രിസ്തുവിൽ സംയോജിക്കുകയും ഉറച്ചുനില്ക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പററിയുള്ള ബോധം, സഭയുടെ ആദ്യദിനങ്ങൾ മുതൽതന്നെ വിശ്വാസികൾക്കു ശക്തിയായ രീതിയിൽ അപ്പസ്തോലനായ വിശുദ്ധ പത്രോസ് ചൂണ്ടിക്കാണിച്ചുകൊടുത്തിട്ടുണ്ടു്. ഓർശ്ലേംദേവാലയത്തിന്റെ മുഖമണ്ഡപത്തിൽനിന്നുകൊണ്ടു് അദ്ദേഹം ക്രിസ്തുവിനെപ്പററി “ജീവന്റെ ഉടയവൻ” (നടപടി III, 15) എന്നു പ്രഖ്യാപനംചെയ്തു. പുറജാതിക്കാരുടെ അപ്പസ്തോലൻ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന പുതിയ ജീവന്റെ അസ്ഥിവാരം എന്തായിരിക്കണമെന്നു അനുസ്യൂതം ചൂണ്ടിക്കാണിച്ചിരുന്നു. അദ്ദേഹം എഴുതിയിരിക്കുന്നു: “നിങ്ങളാകട്ടെ, ദൈവത്തിന്റെ ആത്മാവു സത്യമായി നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, നിങ്ങളുടെ ആസ്തിക്യം ജഡത്തിലല്ലാ ആത്മാവിലത്രെ ഉറപ്പിച്ചിരിക്കുന്നതു്. എന്നാൽ ആർക്കെങ്കിലും ക്രിസ്തുവിന്റെ ആത്മാവു ഇല്ലാതിരിക്കുന്നെങ്കിൽ, അവൻ ദൈവത്തിനുള്ളവനായിരിക്കുന്നില്ല.” (റോമ VIII, 9) ആകയാൽ ഉദ്ധൃതനായിരിക്കുന്ന ഏതൊരുവനും ക്രിസ്തുവിൽ പുനർജാതനാകുന്നതോടുകൂടി വിശ്വാസത്താൽ രക്ഷിക്കപ്പെടുന്നതിനുവേണ്ടി അങ്ങു വഴിയായി സ്ഥിതിചെയ്യുന്നു. (ജോയേൽ iv. 3; i പത്രോ: i. 5)

എന്നു മാത്രമല്ല, പ്രകൃതി ഒരു വ്യക്തിയെ, ഒരു ക്രിസ്ത്യേതരനെപ്പോലും, നിയന്ത്രിക്കുന്നതിനുപയോഗിക്കുന്നതും, അതിനെ വികസിപ്പിക്കുന്നതിനല്ലാതെ പൂർണ്ണമായി ഇല്ലാതാക്കുക സാദ്ധ്യമല്ലാത്തതുമായ പരിമിതികൾ നാനാഭാഗത്തുനിന്നും അവനെ അഭിമുഖീകരിക്കുമ്പോൾ എങ്ങനെയാണു് അന്യസഹായമില്ലെങ്കിൽ, സ്വന്തം പരമാധികാരത്തിലും പൂർണ്ണതയിലും ഉറപ്പിലും ന്യായമായി അവനു വിശ്വസിക്കുവാൻ സാധിക്കുക? പരിമിതി സംബന്ധിച്ച നിയമം ഭൗമികജീവിതത്തിനു് അനിവാര്യമായിട്ടുള്ളതാകുന്നു. മനുഷ്യനായിത്തീർന്ന ഈശോമിശിഹാപോലും അതിന്റെ നിയന്ത്രണത്തിൽനിന്നും തന്നെത്തന്നെ മുക്തനാക്കിയില്ല. എന്തെന്നാൽ, ദൈവത്തിന്റെ അപരിച്ഛേദ്യമായ ഉദ്ദേശ്യങ്ങൾക്കും വരപ്രസാദത്തിന്റേയും മാനുഷികസ്വാതന്ത്ര്യത്തിന്റേയും അത്ഭുതാവഹമായ സംയുക്തപ്രവർത്തനത്തിനും അനുയോജ്യമായ തരത്തിൽ, അവിടുത്തെ പ്രവർത്തനങ്ങൾക്കു നിശ്ചിതങ്ങളായ പരിമിതികളുണ്ടായിരുന്നു. എന്നിരുന്നാലും തന്റെ ഭൗമികജീവിതകാലഘട്ടത്തിൽ സ്വയം പരിമിതിപ്പെടുത്തപ്പെട്ടിരുന്ന മനുഷ്യനായ ക്രിസ്തു നമ്മുടെ പരിമിതികളിൽ നമ്മെ ആശ്വസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുമ്പോൾ, ദൈവമായ ക്രിസ്തു അവിടുത്തേക്കു ജ്ഞാനത്തിന്റേയും ശക്തിയുടേയും പരിപൂർണ്ണത ഉണ്ടായിരിക്കുന്നതിനാൽ നമ്മെ ഉന്നതതരമായ ഒരു സ്വാതന്ത്ര്യത്താൽ നിറച്ചുകൊണ്ടിരിക്കുന്നു.


ഈ യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽ ദൈവം നിശ്ചയിച്ചിരിക്കുന്ന സ്വാഭാവികവും സ്വാഭാവാതീതവുമായ ക്രമത്തിൽ ലോകത്തെ കെട്ടിപ്പടുക്കുന്നതിനു സ്വാഭാവികവും സ്വാഭാവാതീതവുമായ എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ചു് ധൈര്യപൂർവ്വം സന്നദ്ധനാകുന്ന ക്രിസ്ത്യാനി, നിരന്തരം തന്റെ ദൃഷ്ടികളെ ക്രിസ്തുവിങ്കലേക്കുയർത്തുകയും ദൈവം നിശ്ചയിച്ചിട്ടുള്ള പരിമിതികൾക്കുള്ളിൽ തന്റെ പ്രവർത്തനങ്ങളെ ഒതുക്കിനിർത്തുകയും ചെയ്യുന്നതാകുന്നു. അതു് അംഗീകരിക്കാതിരിക്കുന്നതു് ദൈവത്തിന്റെ സംവിധാനത്തിനു വിരുദ്ധമായ ഒരു ലോകത്തെ ആഗ്രഹിക്കുകയാകുന്നു; തന്മൂലം സാമൂഹ്യജീവിതത്തിനുതന്നെ ആപൽക്കരമായിരിക്കുന്നതാകുന്നു.

മനുഷ്യശക്തിയുടെ അബദ്ധപൂർണ്ണമായ അമിതവിലയിരുത്തലിൽനിന്നും, വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തെ വേണ്ടവിധം വിലയിരുത്താത്തതിൽനിന്നും സംജാതമാകുന്ന വിപൽക്കരങ്ങളായ ഫലങ്ങളെ നാം ഇപ്പോൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ യാഥാർത്ഥ്യം മതപരവും സാന്മാർഗ്ഗികവും സാമ്പത്തികവും സാമൂഹ്യവുമായ അതിന്റെ തത്വങ്ങളുടേയും നിയമങ്ങളുടേയും ആകെത്തുകയോടുകൂടി പരിമിതികൾ ഏർപ്പെടുത്തുകയും മനുഷ്യപ്രവർത്തനങ്ങളുടെ യഥാർത്ഥമായ പാത ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ പ്രയത്നരംഗത്തിൽ, പ്രത്യേകിച്ചും സാമ്പത്തികപ്രവർത്തനത്തിന്റേയും ഉല്പാദനത്തിന്റേയും രംഗത്തിൽ, അതേ തിന്മകൾ അതേ ഫലങ്ങളോടുകൂടി ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

ടെക്നോളജിയുടെ ആശ്ചര്യാവഹമായ വികസനംനിമിത്തവും, പലപ്പോഴും സിദ്ധിച്ചുകൊണ്ടിരിക്കുന്ന നിർദ്ദേശങ്ങൾ വഴിയായും തൊഴിലാളി സ്വന്തം അസ്തിത്വത്തിന്റെ പരിപൂർണ്ണനാഥനും യജമാനനും ഏതു ലക്ഷ്യത്തേയും പ്രാപിക്കുന്നതിനും ഏതു സ്വപ്നത്തേയും യാഥാർത്ഥ്യമാക്കിത്തീർക്കുന്നതിനും പൂർണ്ണമായി പ്രാപ്തനുമാണെന്നു സ്വയം ചിന്തിച്ചുപോകുന്നു. സ്പഷ്ടദൃശ്യമായ പ്രകൃതിയുടെ പരിമിതികൾക്കുള്ളിൽ യാഥാർത്ഥ്യം മുഴുവൻ ഒതുക്കിക്കൊണ്ടു് മനുഷ്യനു കൂടുതൽ പരിപൂർണ്ണനാകുവാനുള്ള മാർഗ്ഗം ഉല്പാദനത്തിന്റെ ജീവചരകതിയിൽ അവൻ ദർശിക്കുന്നു. ഉല്പാദനക്ഷമമായ സമുദായം, ഏകമാത്രമായ സജീവയാഥാർത്ഥ്യവും എല്ലാററിനേയും നിലനിർത്തിപ്പോരുന്ന ശക്തിയുമായി തൊഴിലാളിക്കു എപ്പോഴും പ്രത്യക്ഷപ്പെടുന്നു. അതു അവന്റെ ജീവിതത്തിനു മുഴുവൻ മാനദണ്ഡം നൽകുന്നു. ആകയാൽ വർത്തമാനകാലത്തേക്കും ഭാവിക്കുമുള്ള സുനിശ്ചിതമായ ഏകപിന്തുണ അവനു് അതായിരിക്കുന്നു. അതിൽ അവൻ ജീവിക്കുകയും ചലിക്കുകയും ചെയ്യുന്നു. അവന്റെ അസ്തിത്വംതന്നെ അതിലായിരിക്കുന്നു. അവസാനം അതു അവനു മതത്തിനുപകരമുള്ള ഒന്നായി വളർച്ചപ്രാപിക്കുന്നു. ഈവിധത്തിൽ ക്രമേണ അത്യുന്നതനീതിമൂല്യമാകുന്ന പരിവേഷത്താൽ അവന്റെ ജോലി പരിവേഷ്ടിതമായിരിക്കുകയും, ഒരു മാതിരി മതശുശ്രൂഷയോടുകൂടി തൊഴിലാളികളുടെ സമുദായത്തെ ആരാധിക്കുകയും ചെയ്യുന്ന ഒരു പുതിയതരം മനുഷ്യൻ ഉണ്ടായിത്തീരുമെന്നു തൊഴിലാളി കരുതുന്നു.

പ്രയത്നത്തിന്റെ നിർമ്മാണപരമായ ശക്തി, കേവലം സാങ്കേതികമല്ലാത്ത മററു മൂല്യങ്ങളിൽനിന്നു സ്വതന്ത്രമായി, യഥാർത്ഥത്തിൽ മനുഷ്യനു അചഞ്ചലമായ പിന്തുണയായിരിക്കുന്നുവോയെന്നും, അങ്ങനെയെങ്കിൽ തൽഫലമായി ആധുനികമനുഷ്യന്റെ ആരാധനയെ അതർഹിക്കുന്നുണ്ടോയെന്നുമുള്ള ചോദ്യം പലപ്പോഴും ചോദിക്കപ്പെടാറുണ്ടു്. തീർച്ചയായും ഇല്ല. എന്തെന്നാൽ, യാതൊരു ശക്തിയേയും, അതെങ്ങനെയുള്ളതായിരുന്നാലും സാമ്പത്തിക സ്വഭാവത്തോടുകൂടിയ ഇതരപ്രവർത്തനങ്ങളെയും, അങ്ങനെ പരിഗണിക്കാവുന്നതല്ല. സാങ്കേതിക യുഗത്തിൽപോലും ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതും ക്രിസ്തുവിനാൽ ഉദ്ധരിക്കപ്പെട്ടതുമായ മനുഷ്യവ്യക്തി, അതിന്റെ അസ്തിത്വത്തിലും അതിന്റെ മഹത്വത്തിലും, ഉന്നതമായ നിലയിൽ സ്ഥിതിചെയ്യുന്നു. ആകയാൽ അതിന്റെ നിർമ്മാണശക്തിക്കും, അതിന്റെ പ്രയത്നത്തിനും കൂടുതൽ ഉന്നതമായ നിലനില്പു് ആണുള്ളതു്. ഇങ്ങനെ അചഞ്ചലമായി സുസ്ഥാപിതമായ മനുഷ്യപ്രയത്നം അഗാധമായ ഒരു ധാർമ്മികശക്തിക്കൂടെയാകുന്നു. തൊഴിലാളികളടങ്ങിയ മനുഷ്യവർഗ്ഗം സാധനങ്ങൾ ഉണ്ടാക്കുകമാത്രമല്ല ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്ന ഒരു സമുദായമായിരിക്കുന്നു. മനുഷ്യനു് അവന്റെ വേലയെ, അവന്റെ വിശുദ്ധീകരണത്തിനുള്ള ഒരു യഥാർത്ഥ ഉപകരണമായി പരിഗണിക്കാവുന്നതാകുന്നു. എന്തുകൊണ്ടെന്നാൽ, പ്രയത്നംമൂലം ദൈവത്തിന്റെ ഛായയെ അവൻ അവനിൽ പരിപൂർണ്ണമാക്കുകയും, തനിക്കും തന്നെ ആശ്രയിച്ചുകഴിയുന്നവർക്കും ആവശ്യമായ ജീവനം സമ്പാദിക്കുന്നതിനുള്ള ചുമതലയും അവകാശവും അവൻ പൂർത്തീകരിക്കുകയും അങ്ങനെ തന്നെ തന്നെ സമുദായത്തിന്റെ ഉപയോഗപ്രദമായ ഒരു ഘടകമാക്കിത്തീർക്കുകയും ചെയ്യുന്നു. ഈ ക്രമം നടപ്പിൽ വരുത്തുന്നതുമൂലം അവനു സുരക്ഷിതത്വവും, അതേസമയം, ദൈവദൂതന്മാരാൽ പ്രഖ്യാപിതമായ “ഭൂമിയിൽ സമാധാനവും” സംസിദ്ധമാകുന്നു.

എന്നിട്ടും മതഭക്തനും ക്രിസ്ത്യാനിയുമായ മനുഷ്യനെതിരായിത്തന്നെയാണു്, സമാധാനത്തിനു പ്രതിബന്ധമായിരിക്കുന്ന, മനുഷ്യരുടെയും രാഷ്ട്രങ്ങളുടെയും വിഭി




ഉദ്ദിഷ്ടകാര്യം സാധിച്ചതിന്നു കൃതജ്ഞത.

പൗലോസ്, ചേന്ദമംഗലം.


## കാളൻ'സ് ഏജൻസികൾ (തുടർച്ച)

| | | |
|---|---|---|
| 162 | ചെങ്കുളം | —Mr. സി. പി. പോൾ, കാളൻ'സ് ഏജൻസി. |
| 163 | മരങ്ങാട്ടുപിള്ളി | —M/s. കാപ്പിൽ സ്റ്റോഴ്സ്. |
| 164 | ചെമ്പ് | —Mr. ഇസ്മാൽ മഹമ്മദ്, ജങ്ക്ഷൻ(?) ജരളികച്ചവടം. |
| 165 | കൊച്ചി | —M/s. ശാന്താ മെഡിക്കൽസ്റ്റോഴ്സ്, പുതിയ റോഡ്, മട്ടാഞ്ചേരി |
| 166 | പള്ളിവാസൽ | —Mr. എം. പി. വർഗ്ഗീസ്. കോൺട്രാക്ടർ, മൂന്നാർ, ചിത്തിരപുരം P. O. |
| 167 | മുളന്തുരുത്തി | —Mr. ടി. എ. ചെറിയാൻ, സ്റ്റേഷനറി മർച്ചൻറ്. |
| 168 | കൊടുങ്ങല്ലൂർ | —Mr. എം. കെ. വേലായുധൻ, ജനറൽ മർച്ചൻറ്, കാവിൽബസ്സാർ. |
| 169 | ആവണീശ്വരം | —Mr. പി. പി. ജോർജ്ജ്, പുതുമനവീട്ട്, മഞ്ഞക്കാല. |
| 170 | കുണ്ടറ | —M/s ശിവൻ മെഡിക്കൽ സ്റ്റോഴ്സ്. |
| 171 | അടൂർ | —Mr. പി. രാമകൃഷ്ണപിള്ള, ഡീലർ ഇൻ സൈക്കിൾസ് & സൈക്കിൾ സ്പെയർപാർട്സ്, സെൻറർ, അടൂർ. |

കാളൻ, നെല്ലായി.

നപദ്ധതികളുടെയും സമാധാനപരമായ സഹവർത്തിത്വത്തെ എതിർക്കുന്നു, എന്ന ആരോപണം ചിലർ കൊണ്ടുവന്നിരിക്കുന്നതു്. അവൻ തന്റെ മതപരമായ ബോദ്ധ്യങ്ങളെ, തന്റെ അന്തഃകരണത്തിന്റെ രഹസ്യഅറകളിൽ പുറത്തുപറയാതെ സൂക്ഷിച്ചുവെക്കുന്നതിനു പകരം, പരസ്യവും രഹസ്യവുമായ ജീവിതത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും പരമ്പരാഗതവും ശക്തിമത്തുമായ സംഘടനകളിൽപോലും അവയെ ഫലപ്രദമാക്കുന്നതാണു് ഇതിന്റെ കാരണം. ഇത്തരം ക്രിസ്തീയത്വം മനുഷ്യനെ ഗർവ്വിതനും, പക്ഷപാതിയും, വേണ്ടതിലധികം ആത്മവിശ്വാസമുള്ളവനും സ്വയം തൃപ്തനുമാക്കിത്തീർക്കുന്നെന്നു്; എല്ലാററിനോടും എല്ലാവരോടും ഒരു തുറന്ന മനസ്സോടുകൂടിയിരിക്കുകയും, പൊതുവായ ഒരു സഹവർത്തിത്വത്തിൽ ആന്തരികമായ ജീവനുള്ള വിശ്വാസം—കുറഞ്ഞപക്ഷം കുരിശിലും ത്യാഗത്തിലുമുള്ള വിശ്വാസം—"ആത്മാവും സ്നേഹവും" പോലെ പൊതുലക്ഷ്യത്തിനു നിശ്ചിതമായ ഒരു സംഭാവന നൽകുമെന്നു വിശ്വസിക്കുകയും ചെയ്യുന്നതിനുപകരം, ഇപ്പോൾ യാതൊരു പ്രാധാന്യവുമില്ലാത്ത നിലപാടുകളെ താങ്ങുന്നതിനു് അവനെ (ഇത്തരം ക്രിസ്തീയത്വം) പ്രേരിപ്പിക്കുമെന്നു്, പറയപ്പെടുന്നു.

കാളൻ'സ്
ഫോൺ നമ്പ്ര്
അഴകപ്പനഗർ
542
കാളൻ, നെല്ലായി

മതത്തെയും ക്രിസ്തുമതത്തെയും പററിയുള്ള ഈ അബദ്ധാശയത്തിൽ, പ്രകൃത്യതീതമായ ഒരു മണ്ഡലത്തിലേക്കുയർത്തപ്പെട്ട മനുഷ്യന്റെയും അവന്റെ പ്രകടമായ ജീവച്ഛക്തിയുടെയും അശുദ്ധമായ ആരാധനയല്ലേ ഒരിക്കൽക്കൂടി നാം നമ്മുടെ മുൻപിൽ കാണുന്നതു്? പക്ഷെ, യഥാർത്ഥമതത്തിനു് എതിരായ അഭിപ്രായങ്ങളാലും പദ്ധതികളാലും അഭിമുഖീകരിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ, പ്രകൃതിപരവും പ്രകൃത്യതീതവുമായ വ്യവസ്ഥിതിയിൽ ദൈവം ഏല്പെടുത്തിയിരിക്കുന്ന പരിമിതികളാൽ എപ്പോഴും വലയിതനായിരിക്കുന്നു. ഈ തത്വത്തിനു വിധേയമായി, നമ്മുടെ സമാധാനപരിപാടികൾ, എന്തുനഷ്ടം സഹിച്ചും എല്ലാവരുമായുള്ള അവ്യവസ്ഥിതമായ ഒരു സഹവർത്തിത്വത്തെ, അംഗീകരിക്കുക സാദ്ധ്യമല്ല; സത്യവും നീതിയും ബലികഴിച്ചുകൊണ്ടുള്ളതിനെ ഒട്ടും സാദ്ധ്യമല്ല. മാററുക സാദ്ധ്യമല്ലാത്ത ഈ അതിർത്തിരേഖകളെ, പൂർണ്ണമായി പാലിക്കുകതന്നെ വേണ്ടിയിരിക്കുന്നു. എവിടെ ഇങ്ങനെയായിരിക്കുന്നുവോ, സമാധാനത്തിന്റെ കാര്യത്തിൽ ഇന്നും അങ്ങനെതന്നെ അവിടെ മതം ഒരു പ്രത്യേകമായ രീതിയിൽ രാഷ്ട്രീയ കേന്ദ്രത്തിൽനിന്നുള്ള ദുരുപയോഗത്തിൽനിന്നു സംരക്ഷിക്കപ്പെടുന്നു. നേരെമറിച്ചു് എപ്പോൾ അതു ആന്തരികജീവിതത്തിലേക്കു മാത്രമായി പരിമിതപ്പെടുത്തപ്പെടുന്നുവോ അപ്പോൾ മതംതന്നെ ആ വിപത്തിനു കൂടുതൽ ഇരയായിത്തീരുന്നു.

(തുടരും)

അമ്പതുനോമ്പുകാലചിന്തകൾ

# "അബലകൾ"

[ഫാദർ ബർണർഡിൻ ഒ. സി. ഡി.]

വിശ്വവിശ്രുതനായ ഫുൾട്ടൻ ഷീൻ തിരുമേനി ചോദിക്കുകയാണു്: "ഒരു വിപൽസന്ധിയിൽ ആരാണു് വിശ്വസ്തതയോടെ നില്ക്കുന്നതു്, സ്ത്രീയോ പുരുഷനോ?"(1) ഈ ചോദ്യത്തിനുള്ള ശരിയായ ഉത്തരം പീഡാനുഭവചരിത്രം നമുക്കു നൽകുന്നുണ്ടു്. നമ്മുടെ ദിവ്യരക്ഷകനെ പീഡിപ്പിച്ചവരിൽ പുരുഷന്മാരെ അല്ലാതെ ഒരൊററ സ്ത്രീയെ എങ്കിലും നാം കാണുന്നില്ല. അവിടുത്തോടുകൂടി അമൃതേത്തിനിരുന്ന യൂദാസ് അവിടുത്തെ ശത്രുക്കൾക്കു ഒററിക്കൊടുത്തു. അവസരസേവകനായ പീലാത്തോസ് സീസറിന്റെ അപ്രീതിക്കു പാത്രമായേക്കുമെന്നു ഭയന്നു് നിഷ്കളങ്കനായ ദൈവകുഞ്ഞാടിനെ അന്യായമായി മരണത്തിനു വിധിച്ചു. അന്നാസും കയ്യാഫാസും നിയമവിരുദ്ധമായി കള്ളസാക്ഷികളെ ഉപയോഗിച്ചുകൊണ്ടു് രാത്രി വിസ്താരം നടത്തി. താബോർ മലമുകളിൽ സൂര്യചന്ദ്രാദികളെ വെല്ലുന്ന പ്രഭയോടെ രൂപാന്തരപ്പെട്ട ക്രിസ്തുനാഥന്റെ ദൈവത്വത്തെ പ്രത്യക്ഷമായി ദർശിച്ച പത്രോസും, യാക്കോബും, യോഹന്നാനും അവിടുത്തെ വിട്ടു് ഓടിയൊളിച്ച ഭീരുക്കളല്ലേ. നേരെമറിച്ചു് ഒരൊററ സ്ത്രീപോലും കർത്താവിനെ ഉപേക്ഷിച്ചില്ല എന്നു മാത്രമല്ല വിശ്വസ്തതയോടുകൂടി ആദ്യംമുതൽ അവസാനംവരെ അവിടുത്തെ അനുഗമിച്ചവർ അബലകളെന്നു് ലോകം അപലപിക്കുന്ന സ്ത്രീകൾ മാത്രമായിരുന്നു. നീതിന്യായക്കോടതിയുടെ മുമ്പിൽ ക്രിസ്തുനാഥനനുകൂലമായി സ്വരമുയർത്തിയവൾ ഒരു സ്ത്രീ ആയിരുന്നില്ലേ? കാൽവരിയിലേക്കുള്ള ക്ലേശഭൂയിഷ്ഠമായ യാത്രാമദ്ധ്യേ ഒരു തൂവാലകൊണ്ടു അവിടുത്തെ തിരുമുഖം തുടച്ചതു് ഒരു സ്ത്രീ ആയിരുന്നില്ലേ? അവിടുത്തെ ആശ്വസിപ്പിച്ചതു് ജെറുസലേമിലെ സ്ത്രീജനങ്ങളല്ലേ? ക്രിസ്തുനാഥൻ കാൽവരിയിലെ കല്പാദമായി പകന്ന സമയത്തു അവിടെ സന്നിഹിതരായിരുന്നവർ സ്ത്രീകളല്ലേ?—മൂന്നു മേരിമാർ: മഗ്ദലനമറിയം, ക്ലിയോഫാസിലെ മറിയം, കന്യകാമറിയം. പ്രായശ്ചിത്തവും, മാതൃത്വവും, കന്യാത്വവും അവിടെ സമ്മേളിച്ചു.

ഇന്നു് പീലാത്തോസിന്റെ ഭാര്യ, വേറോനിക്കാ, ജറുസലേമിലെ ഭക്തസ്ത്രീകൾ, മറിയംമഗ്ദലന ഇവരെപ്പററി അല്പം ചിന്തിക്കുന്നതു് ഉപയോഗപ്രദമായിരിക്കും.

ഭക്തസ്ത്രീകളിൽ ആദ്യമായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു് പീലാത്തോസിന്റെ ഭാര്യയാണു്. ഇവളാണു് പീഡാനുഭവചരിത്രത്തിൽ ആദ്യമായി നാം കാണുന്ന സ്ത്രീ. നമ്മുടെ കർത്താവു് അന്നത്തെ റോമൻ ഗവർണ്ണരായ പീലാത്തോസിന്റെ ന്യായാസനത്തിനുമുമ്പിൽ ബന്ധനസ്ഥനായി നില്ക്കുന്നു ഒരു വലിയ കുററവാളിയെപ്പോലെ. ചുററും ഫരിസേയപ്രമുഖരും യഹൂദജനങ്ങളും, നിരപരാധിയായ അവിടുത്തെമേൽ പല കള്ളക്കുററങ്ങളും ആരോപിക്കുന്നു. ഈശോ നിഷ്കളങ്കനാണെന്നു നന്നായി മനസ്സിലാക്കിയ പീലാത്തോസ് അവിടുത്തെ രക്ഷപ്പെടുത്തുന്നതിനു ഒരുപായം പ്രയോഗിക്കുമ്പോൾ അയാളുടെ ഭാര്യയിൽനിന്നും ഒരു സന്ദേശവുമായി ഒരു ദൂതൻ ഓടിവരുന്നു. അതിന്റെ ഉള്ളടക്കം ഇതാണു്: "നിനക്കു ആ നീതിമാനോടു കാര്യമില്ല; എന്തുകൊണ്ടെന്നാൽ അയാൾ നിമിത്തം ഇന്നു ഞാൻ സ്വപ്നത്തിൽ വളരെ കഷ്ടതകൾ സഹിച്ചു." (2) ക്രിസ്തുവിനെതിരായി അണിനിരന്ന ജനാവലിയെ വകവയ്ക്കാതെ യാതൊരു കൂസലുമെന്യേ ദൈവപുത്രന്റെ നിരപരാധിത്വം ഏററുപറയുന്ന ധീരയും അബലയായ അജ്ഞാതസ്ത്രീ. ഇവളാരാണു്? സുവിശേഷകൻ മത്തായി അവളുടെ പേരെന്താണെന്നു പറയുന്നില്ല. അക്കാലത്തു പ്രചാരത്തിലിരുന്ന ചില കഥകളിൽനിന്നും നമുക്കു മനസ്സിലാകുന്നതു് അവളുടെ നാമം ക്ലൗഡിയാ പ്രോക്കുലാ എന്നാണു്. നീതിമാനായ ദിവ്യരക്ഷകനോടുള്ള അന്യായമായ പെരുമാററം കണ്ടുകൊണ്ടു് ഒരു നിമിഷത്തേക്കു പോലും നിശ്ശബ്ദയായിരിക്കുവാൻ സദാചാരബോധമുണ്ടായിരുന്ന അവളുടെ അന്തഃകരണം അവളെ അനുവദിച്ചില്ല. കർത്താവിന്റെ മേൽ കരുണതോന്നി അവിടുത്തെ എങ്ങനെയെങ്കിലും രക്ഷിക്കണമെന്നു അവൾ തീരുമാനിച്ചു. തന്റെ ഭർത്താവായ പീലാത്തോസിനെ വരുവാനിരിക്കുന്ന അപകടത്തിൽനിന്നും രക്ഷപ്പെടുത്തുന്നതിനുള്ള ആകാംക്ഷയും ആ സന്ദേശം അയക്കുന്നതിനു് അവളെ പ്രേരിപ്പിക്കയുണ്ടായി. ഇത്ര പ്രാധാന്യമേറിയ ഒരു തീരുമാനം ചെയ്യുന്നതിൽ വിശ്വസ്തഭാര്യയായ അവൾ തന്റെ ഭർത്താവിനെ ഉപദേശത്താലും അപേക്ഷകളാലും സഹായിച്ചതായി നാം കാണുന്നു.

ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്കു്
S.V. PRODUCTS, IRINJALAKUDA

ധീരയായ പീലാത്തോസിന്റെ ഭാര്യ എല്ലാ ഭാര്യമാർക്കും മാതൃകയാണു്. ദൈവം സ്ത്രീക്കായി നിശ്ചയിച്ചിട്ടുള്ള കടമ അവൾ നിറവേററി. അതായതു് ദാമ്പത്യജീവിതത്തിൽ കുടുംബത്തിലെ സജീവമനസ്സാക്ഷിയായിരിക്കുക, ഭർത്താവിന്റെ കാവൽദൂതയായിരിക്കുക, വാക്കാലും പ്രവൃത്തിയാലും കുടുംബജീവിതത്തിന്റെ പരിപാവനത പാലിക്കുക. അവൾ നമ്മുടെ കർത്താവിനെപ്രതി പലതും സഹിച്ചതായി നാം വായിച്ചു. ഓരോ ക്രിസ്തീയവനിതയും കർത്താവിനെപ്രതി പലതും സഹിക്കുന്നതിനു് സന്നദ്ധയായിരിക്കണം. അവിടുത്തെപ്രതി സഹിക്കുന്നവർ, പീഡിപ്പിക്കപ്പെടുന്നവർ, സൗഭാഗ്യസമ്പന്നർ.

പീഡിതനായ സ്നേഹനാഥനെ സമാശ്വസിപ്പിച്ച വേറൊരു സ്ത്രീരത്നമാണു് വേറോനിക്കാ. സുവിശേഷം അവളെപ്പററി ഒന്നും പ്രസ്താവിക്കുന്നില്ലെങ്കിലും പാരമ്പര്യം അവളുടെ അപദാനങ്ങളെ പ്രകീർത്തിക്കുന്നുണ്ടു്. ശത്രുമിത്രഭേദമെന്യേ എല്ലാവരാലും പരിത്യക്തനായി ശിരസ്സിൽ മുൾമുടിയും വഹിച്ചു് തോളിൽ ഭാരമേറിയ കുരിശുമേന്തി കാൽവരിമലയിലേക്കു മന്ദം മന്ദം ഗമിക്കുന്ന പീഡകളുടെ മനുഷ്യനെ കണ്ടു് അവളുടെ സ്നേഹഹൃദയം വെന്തുനീറി. നിറഞ്ഞ കണ്ണുകളോടുകൂടി പടയാളികളെയോ യഹൂദജനത്തെയോ ഭയപ്പെടാതെ മുന്നോട്ടു വന്നു ഒരു തൂവാലകൊണ്ടു് ഈശോയുടെ രക്തം പുരണ്ട തിരുമുഖം തുടച്ചു. ആ തൂവാല ഈശോ അവൾക്കു തിരിച്ചുകൊടുത്തപ്പോൾ അവിടുത്തെ മുഖത്തിന്റെ ഛായ അതിൽ മുദ്രിതമായിരുന്നു. സൗഭാഗ്യവതിയായ വേറോനിക്കാ!

ഇന്നും സ്നേഹനാഥൻ പീഡിതനായി ഭാരമേറിയ കുരിശും വഹിച്ചു് നമ്മുടെ ചുററും നടക്കുന്നുണ്ടു്. വേറോനിക്കയെപ്പോലെ അവിടുത്തെമേൽ അലിവു തോന്നി അവിടുത്തെ തിരുമുഖത്തെ തുടയ്ക്കണം നാമും. എരിയുന്ന വയറും കരയുന്ന തലയുമായി സഹായത്തിനായി നമ്മെ സമീപിക്കുന്ന നമ്മുടെ ദരിദ്രസഹോദരീസഹോദരങ്ങൾ കുരിശുമേന്തി നമ്മെ അഭയം പ്രാപിക്കുന്ന ഈശോയാണു്. സജീവവിശ്വാസത്തിന്റെ കണ്ണുകൾകൊണ്ടു് അവരിൽ കർത്താവിനെ കണ്ടുകൊണ്ടു് പരസ്നേഹപ്രവൃത്തികളാൽ നാം അവരെ സഹായിക്കണം. അല്ലെങ്കിൽ "ഏററവും ചെറിയവരായ ഇവരിൽ ഒരുവനു നിങ്ങൾ ചെയ്യാതിരുന്നപ്പോഴൊക്കെയും നിങ്ങൾ എനിക്കും ചെയ്തില്ല" (3) എന്ന ഭയാനകമായ വാക്കുകൾ അവസാനവിധിദിവസം നമ്മുടെ ദിവ്യരക്ഷകനിൽനിന്നും കേൾക്കേണ്ടതായ നിർഭാഗ്യം നമുക്കുണ്ടാകും. നേരെമറിച്ചു് നാം തുടയ്ക്കുന്ന ഓരോ തുള്ളി കണ്ണീരും, ക്രിസ്തുവിനുവേണ്ടി നാം ക്ഷമിക്കുന്ന ഓരോ നിന്ദനങ്ങളും ചുരുക്കത്തിൽ നമ്മുടെ ലക്ഷോപലക്ഷം സഹോദരങ്ങൾക്കു നാം ചെയ്യുന്ന ഏററം നിസ്സാരമായ സേവനവും ഈശോയുടെ രക്തം പുരണ്ട തിരുമുഖം തുടയ്ക്കുന്നതിനായി നാം നൽകുന്നപട്ടു തൂവാലകളായിത്തീരും. പകരം ഒരുകോപ്പ പച്ചവെള്ളത്തിനു പ്രതിഫലം നൽകുന്ന നല്ല ദൈവം അവിടുത്തെ തിരുമുഖത്തിന്റെ മായാത്ത ഛായ നമ്മുടെ ആത്മാവിൽ പതിക്കും. അതു നിസ്സംശയമത്രേ.

സുവിശേഷകൻ ലൂക്കാ പ്രസ്താവിക്കുന്നതുപോലെ നന്മ ചെയ്തുകൊണ്ടു് പലസ്തീനായിൽക്കൂടെ കടന്നുപോയ സ്നേഹനാഥൻ ഇന്നിതാ വിവശനും വിവർണ്ണനുമായി കാൽവരിയിലേക്കുള്ള യാത്ര തുടരുകയാണു്. പീഡകളാൽ ത്ര


(ശേഷം 9-ാംപേജിൽ)

(1) World's First Love, P. 127


(2) Mt. 27—19

(3) Mt. 2—456

ഏവറസ്റ്റ് കോളർ



സി. എ. ഔസേഫ് & സൺസ്
ആഭരണവ്യാപാരം, തൃശൂർ




# റോമാവാർത്തകൾ

## പരിശുദ്ധപിതാവിന്റെ ജന്മദിനം

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ 80-ാം ജന്മദിനം അഭൂതപൂർവ്വമായ ആഘോഷപരിപാടികളോടെ മാർച്ചുമാസം 2-ാംനു ആഘോഷിക്കപ്പെട്ടു. പതിവുപോലെ രാവിലെ തിരുമേനി അവിടുത്തെ സ്വകാര്യകപ്പേളയിൽ ദിവ്യബലിയർപ്പിച്ചു. 80 ചുവന്ന റോസപ്പുഷ്പങ്ങൾ അവിടുത്തെ 80 കൊല്ലത്തെ ജീവിതത്തെ അനുസ്മരിപ്പിച്ചുകൊണ്ടു അൾത്താരയിൽ ശോഭിയായി ചാർത്തപ്പെട്ടിരുന്നു. 200 ഇറ്റാലിയൻ കുട്ടികളും 25 വിദേശീയരായ കുട്ടികളും ചേർന്നാണ് തിരുനാൾ പരിപാടികളുടെ ഉൽഘാടനം നിർവ്വഹിച്ചത്. വിവിധ ഭാഷകളിൽ ഗാനങ്ങൾ ആലപിച്ചും മംഗളങ്ങൾ നേർന്നും ആടിപ്പാടി അവർ തിരുമേനിയെ ആശംസിച്ചു. തിരുമേനി സിംഹാസനത്തിൽ ഉപവിഷ്ടനായപ്പോൾ ഒരു കുട്ടി വെള്ള ലില്ലിപ്പൂക്കൾ കൊണ്ടുവന്നു പരിശുദ്ധ പിതാവിനെ ഏല്പിക്കുകയും അവിടുന്നു അവയെ ആശീർവ്വദിച്ചു മടക്കിക്കൊടുക്കുകയുംചെയ്തു. തുടർന്നു ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയുംകൂടി തിരുമേനിക്കു പിറന്നാൾകേക്കു സമ്മാനിച്ചു. 80-ാമത്തെ പിറന്നാൾ അനുസ്മരിപ്പിച്ച് 80 തിരികൾ അതിൽ കത്തിച്ചിരുന്നു. കുട്ടികളുടെ പ്രത്യേകരംഗം അങ്ങനെ ആദ്യമായി നടന്നു.

### കർദ്ദിനാളന്മാരുടെ മംഗളാശംസ

അനന്തരം കർദ്ദിനാൾസംഘമാണ് പരിശുദ്ധ പിതാവിനു മംഗളമാശംസിച്ചത്. വത്തിക്കാനിൽ സ്ഥിരതാമസക്കാരായ കർദ്ദിനാളന്മാർക്കു പുറമെ ടൊറൊന്റോയിലെ മാക്ഗ്വയർതിരുമേനിയും, കൊളോണിലെ ഫ്രിംഗ്സ് തിരുമേനിയും, അന്ത്യോക്യായിലെ സിറിയൻപാത്രിയാർക്കായ തപ്പോണി തിരുമേനിയും, അർമീനിയൻ പാത്രിയാർക്കായ അഗാജിയാനിയൻ തിരുമേനിയും തദവസരത്തിൽ സന്നിഹിതരായിരുന്നു. കർദ്ദിനാൾസംഘം മുറപ്രകാരം മാർപ്പാപ്പാ തിരുമേനിയെ ആശംസിച്ചു വിരമിച്ചു.

### റോംമേയറും പേപ്പൽ ശാസ്ത്രസമിതിയും

അടുത്തതായി പരിശുദ്ധ പിതാവിനെ സന്ദർശിച്ചു മംഗളമാശംസിച്ചതു പേപ്പൽ ശാസ്ത്രസമിതിയും അവരൊന്നിച്ചു റോമിലെ മേയറുമായിരുന്നു. നിരവധി വിലപിടിച്ച സമ്മാനങ്ങൾ അവർ തിരുമേനിക്കു സമർപ്പിക്കുന്നതിനായി കൊണ്ടുവന്നിരുന്നു.

### പൊതുജനങ്ങളെ ആശീർവ്വദിച്ചു

ഉച്ചയായതോടെ സെന്റ് പീറ്റേഴ്സിന്റെ അങ്കണം ജനാവലിയെക്കൊണ്ടു നിബിഡമായിരുന്നു. പല രാജ്യങ്ങളിൽനിന്നുമുള്ള തീർത്ഥകവ്യൂഹങ്ങൾ അതിൽ ഉൾപ്പെട്ടിരുന്നു. മിലാനിലെ മെത്രാപ്പോലീത്താ മോൺ: മൊന്തീനി 5000 തീർത്ഥകരടങ്ങിയ ഒരു സംഘത്തോടുകൂടിയാണ് വന്നിരുന്നത്. പരിശുദ്ധ പിതാവിനു സമർപ്പിക്കുവാൻ ഒരു വലിയ ഇരുമ്പുമുട്ടയും, കൊണ്ടുനടക്കാവുന്ന ഒരൾത്താരയും, പരിശുദ്ധ പിതാവിന്റെ സാമൂഹികപഠനങ്ങളടങ്ങിയ ഒരു ഗ്രന്ഥവുമാണ് അവർ കൊണ്ടുവന്നിരുന്നതു. 30000 ത്തിൽപ്പരം വരുന്ന ജനക്കൂട്ടത്തിന്റെ ആരവവും മംഗളഗാനങ്ങളും സുഭഗമായ അന്തരീക്ഷത്തിൽ മുഴങ്ങിയതോടെ പരിശുദ്ധ പിതാവു പ്രാസാദത്തിന്റെ ജനാലതുറന്നു അവർക്കു ദർശനമരുളി. 5 മിനിട്ടുനേരത്തേക്കു അവിടുന്നു തൃക്കൈയുയർത്തി അവരെ അനുഗ്രഹിക്കുകയും മംഗളാശംസകൾ സുസ്മേരവദനനായി സ്വീകരിച്ചു നന്ദിപ്രകാശിപ്പിക്കുകയും ചെയ്തു.

### ശനിയാഴ്ച പൊതുസന്ദർശനം

ശനിയാഴ്ച 10000 തീർത്ഥകർക്ക തിരുനാൾപ്രമാണിച്ച് പരിശുദ്ധ പിതാവു ഒരു പൊതുസന്ദർശനമനുവദിച്ചു. വത്തിക്കാൻ ആരാമഹാളിലാണ് അവരെ സ്വീകരിച്ചതു. "സേഡിയാ ജെസ്റ്റത്തോറിയാ"സിംഹാസനത്തിൽ അവരുടെ ഇടയിലൂടെ അവിടുന്നു സംവാഹിക്കപ്പെട്ടു. 20 മിനിട്ടുനേരം അവിടുന്നു അവരോടു പ്രസംഗിച്ചു ആറു വിവിധ ഭാഷകളിൽ അവർക്കു തിരുമേനി കൃതജ്ഞത പ്രകടിപ്പിച്ചു. സ്ഥലസൗകര്യമില്ലാതിരുന്നതുകൊണ്ട് അനേകായിരങ്ങൾക്കു പ്രവേശനം നിഷേധിക്കപ്പെടേണ്ടിവന്നു.

### രാജ്യപ്രതിനിധികൾ ഞായറാഴ്ച സന്ദർശിച്ചു

വത്തിക്കാനിൽ നയതന്ത്രപ്രതിനിധികളായി താമസിക്കുന്ന 40-ൽപ്പരം രാഷ്ട്രസ്ഥാനപതികൾ ഞായറാഴ്ചയാണ് തിരുമേനിയെ സന്ദർശിച്ചു മംഗളാശംസകൾ നടത്തിയതു. ആശംസകൾക്കു മറുപടി പറഞ്ഞുകൊണ്ട് പരിശുദ്ധ പിതാവു നിർവ്വഹിച്ച പ്രസംഗത്തിൽ അവിടുത്തേക്കു സമാധാനത്തെ സംബന്ധിച്ചുള്ള ഉൽക്കണ്ഠയെ വ്യക്തമാക്കുകയുണ്ടായി. ഇക്കാലങ്ങളിൽ രാഷ്ട്രീയമായും സാമ്പത്തികമായും വന്നുകൂടിയിട്ടുള്ള ചുറുപാടുകൾമൂലം ജനതയനുഭവിക്കുന്ന നരകയാതനകളിൽ അവിടുന്നു ഖേദം പ്രകടിപ്പിക്കുകയും വത്തിക്കാന്റെ നയം വിശദമാക്കുകയുംചെയ്തു. ശാസ്ത്രത്തിലും സാങ്കേതികവിജ്ഞാനീയത്തിലും കരഗതമായിട്ടുള്ള പുരോഗതിയിൽ അവിടുന്നു സംതൃപ്തി പ്രകടിപ്പിച്ചുവെങ്കിലും മനുഷ്യന്റെ വ്യക്തിത്വത്തെയും സ്വാതന്ത്ര്യത്തിന്റെ സംരക്ഷണാദർശത്തെയും അവഗണിച്ചുകൊണ്ടുള്ള ഭൗതികതത്വസിദ്ധാന്തങ്ങളെ അംഗീകരിക്കാൻ നിവൃത്തിയില്ലെന്നു അവിടുന്നു വിശദമാക്കി.

### ആശംസാസന്ദേശങ്ങൾ

തിരുനാൾപ്രമാണിച്ച് 12000 ത്തിൽപ്പരം കമ്പിസന്ദേശങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പ്രമുഖ നേതാക്കന്മാരിൽനിന്നും വത്തിക്കാനിൽ സ്വീകരിക്കപ്പെട്ടു. ആശംസാലേഖനങ്ങൾ 1000 റാത്തലിനുമേൽ തൂക്കം വരുമെന്നു പറയുമ്പോൾ അവയുടെ എണ്ണം ഏറെക്കുറെ ഊഹിക്കാമല്ലോ. പ്രസിഡന്റ് ഐസനോവർമുതൽ സാധാരണക്കാർവരെ സന്ദേശങ്ങളയച്ചവരിൽ പെടുന്നു.

—o—

## ഇടവകവർത്തകൾ

(8-ാം പേജ് തുടർച്ച)

**ചെമ്പേരി:** മാർച്ച 10-ാം തിയതി 5 മണിക്കു തലശ്ശേരിമെത്രാൻ തിരുമേനിയെ ചെമ്പേരി ഇടവകവികാരി ബ. വാരികാട്ടച്ചൻ മററു വൈദികരും ജനങ്ങളുമൊരുമിച്ചു ഹാരമണിയിച്ചു സ്വീകരിച്ചു. സ്വീകരണപ്പന്തലിൽവച്ച് സ്വാഗതാശംസയും തിരുമനസ്സിലെ മറുപടിപ്രസംഗവും നടന്നു. അനന്തരം വാദ്യമേളങ്ങളുടേയും നാലായിരത്തോളം വരുന്ന ജനങ്ങളുടേയും അകമ്പടിയോടുകൂടി പള്ളിയിലേക്കു തിരുമേനി ആനീതനായി. തിരുമനസ്സുകൊണ്ടു പരിശുദ്ധകുർബ്ബാനയുടെ ആശീർവ്വാദം നൽകി. തുടർന്നു നടന്ന ഹയർ എലിമെന്ററിസ്കൂൾ വാർഷികത്തിൽ തിരുമേനി ആദ്ധ്യക്ഷം വഹിച്ചു ലൂർദ്ദുമാതാവിന്റെ തിരുനാൾ പ്രമാണിച്ചു "അഭയാർത്ഥികൾ" എന്ന സംഗീതനാടകം ഗ്രാമീണകലാസമിതി അഭിനയിച്ചു. പിറേറദിവസം 500-ൽപരം കുട്ടികൾക്ക് തിരുമനസ്സുകൊണ്ടു സ്ഥൈര്യലേപനം നൽകി അഞ്ചുമണിയോടുകൂടി തിരുമേനി തലശ്ശേരിയിലേക്കു മടങ്ങി. മെത്രാഭിഷേകത്തിനുശേഷം ആദ്യമായി തിരുമേനി സന്ദർശിച്ചതു ചെമ്പേരിയെയാണെന്നുള്ള പ്രത്യേകം പ്രസ്താവ്യമാണ്.

**ഉപ്പുതറ:** ഉപ്പുതറ ഫിലോമിനാപ്പള്ളിവക ചെമ്മണ്ണു സെന്റ് തോമസ് മൗണ്ട് ദേവാലയത്തിന് ഒരാൾ ദാനംചെയ്ത വി. സെബസ്ത്യാനോസിന്റെ തിരുസ്വരൂപം ചിന്നാർ തോട്ടത്തിൽ വെച്ചു ഫെബ്രുവരി 18-ാംനു ശനിയാഴ്ച 4 30നു വെട്ടിയാങ്കൽ ബ. ജയിംസ് അച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ വെഞ്ചരിച്ച് 19-ാംഞായറാഴ്ച ആഘോഷമായ പാട്ടുകുർബ്ബാന, ലദീഞ്ഞ് മുതലായ കർമ്മങ്ങൾക്കുശേഷം അത്യാഡംബരപൂർവ്വം ചെമ്മണ്ണു സെന്റ് തോമസ് ദേവാലയത്തിലേക്കു കൊണ്ടുപോരുകയും 20-ാംനു തിങ്കളാഴ്ച അവിടെയും തിരുനാളായി കൊണ്ടാടുകയും ചെയ്തിരിക്കുന്നു.

കാഞ്ഞിരപ്പിള്ളിൽ കല്ലറയ്ക്കൽ മോൺസിഞ്ഞോറിന്റെ മരിച്ചടക്കിനു ഉപ്പുതറ സെന്റ് ഫിലോമിനാ പള്ളിയിൽനിന്നു പൊന്നിൻകുരിശ്, വെള്ളിക്കുരിശ്, കുടകൾ മുതലായവയോടുകൂടി ബ. അച്ചന്മാരും ഇടവകക്കാരും സംബന്ധിച്ചു. പരേതൻ 1941-ൽ സ്വന്തം പണച്ചിലവിൽ പണിയിച്ചിട്ടുള്ളതാണ് ഈ ദേവാലയം.

**വകയാർ:** വകയാർ കത്തോലിക്കാപള്ളിയിലെ പെരുന്നാൾ ഫെബ്രുവരി 29, മാർച്ചു 1 എന്നി തിയതികളിൽ തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഗ്രിഗോരിയോസ് തിരുമനസ്സിലെ മഹനീയസാന്നിദ്ധ്യത്തിൽ പൂർവ്വാധികം ആഡംബരപൂർവ്വം നടത്തപ്പെട്ടിരിക്കുന്നു മാർച്ചു 1-ാം തിയതി വ്യാഴാഴ്ച രാവിലെ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ ആഘോഷമായ മൂന്നുമേൽകുർബ്ബാന നടത്തപ്പെട്ടു. തുടർന്നു തിരുമനസ്സുകൊണ്ടു ഇവിടെ പണിയാൻ പോകുന്ന പള്ളിയുടെ ശിലാസ്ഥാപനകർമ്മം നടത്തുകയുണ്ടായി. തിരുനാളിനു പ്രാരംഭമായി ഇടവകക്കാർക്കായുള്ള ധ്യാനവും നടത്തപ്പെട്ടു. റവ. ഫാദർ തോമസ് ഇഞ്ചക്കലോടിയായിരുന്നു ധ്യാനപ്രാസംഗികൻ.

**കിടങ്ങൂർ:** ഈ ഇടവകയിൽപ്പെട്ട റവ് അബ്രാഹം പടയാട്ടിൽ മാർച്ച് 12-ാംനു വൈദികപട്ടം സ്വീകരിക്കുകയും പിറേറദിവസം ഇടവകപ്പള്ളിയിൽവച്ചു മൊററ് റവ ഡോക്ടർ പാറേക്കാട്ടിൽ തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ നവപൂജയർപ്പിക്കുകയും ചെയ്തിരിക്കുന്നു.

**കുറത്തിയാട്:** പള്ളിക്കൽ ഈസ്റ്റ് സെന്റ് ജോൺസ് എം എസ് സി മിഡിൽസ്കൂൾ സാഹിത്യസമാജം, രക്ഷാകർത്തൃ-അദ്ധ്യാപകസമിതി ഇവയുടെ സംയുക്തവാർഷികം ഫെബ്രുവരി 27-ാംനു തിങ്കളാഴ്ച ചുനക്കര ഗവമ്മെന്റ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ ജി തോമസ് ബി എ എൽ റി അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടുകയുണ്ടായി. ഹെഡ്മാസ്റ്റർ ശ്രീ എം കെ മത്തുണ്ണിയുടെ സ്വാഗതപ്രസംഗത്തിനുശേഷം മെ. കെ. മാസ്കരൻപിള്ള ബി എസ്സ്‌സി ബി ടി, എൻ ഐ നൈനാൻ ബി എസ്സ്‌സി, വി ജെ തോമസ് ബി എ എന്നിവർ പ്രസംഗിച്ചു. കളികളിൽ വിജയികളായവർക്കു സമ്മാനങ്ങൾ നൽകപ്പെട്ടു

**കുഴുപ്പിള്ളി:** ഈ പള്ളിയുടെ സ്ഥാപകനായ മോൺ. കല്ലറയ്ക്കൽ അവർകളുടെ ആത്മശാന്തിക്കായി 9 ാംതിയതി രാവിലെ ആഘോഷമായ റാസ മുതലായ കർമ്മങ്ങൾ നടത്തപ്പെട്ടു. അനന്തരം സ്കൂൾഹാളിൽവച്ചു നടത്തപ്പെട്ട അനുശോചനയോഗത്തിൽ ദിവ്യശ്രീ മാത്യു വെള്ളാപ്പാട്ട് അദ്ധ്യക്ഷതവഹിച്ചു ശ്രീ കസ്തൂർ ജോർജ്ജ അനുശോചനപ്രമേയം അവതരിപ്പിച്ചു പാസ്സാക്കി.

## ചരമവാർത്തകൾ

**എറണാകുളം:** ശ്രീ നമ്പ്യാപറമ്പിൽ ചിക്കു ബാവ അവർകൾ വാർദ്ധക്യസഹജമായ സുഖക്കേടുമൂലം മാർച്ച് 13-ാംതിയതി കാലത്ത് നിര്യാതനായി. ശവസംസ്കാരം വൈകുന്നേരം 6 മണിക്ക് വെരി റവ മോൺ ജോസഫ് വൈപ്പിശ്ശേരി അവർകളുടെ പ്രധാന കാർമ്മികത്വത്തിലും മലബാർ മെയിൽ പത്രാധിപർ റവ. ഫാദർ തോമസ് വെള്ളത്തോട്ടത്തു് തുടങ്ങി പല വൈദികപ്രമുഖരുടെ സഹകരണത്തിലും സെന്റ് ഫ്രാൻസിസ് അസ്സിസി കത്തീഡ്രൽപള്ളി സിമിത്തേരിയിൽ യഥാവിധി നടത്തപ്പെട്ടു.

**പുതുവേലി:** ആട്ടപ്പാറയിൽ ജോസഫ് ഏലി ഈമാസം 7-ാംനു ബുധനാഴ്ച 10 മണിക്കു വാർദ്ധക്യസഹജമായ സുഖക്കേടിനാൽ 95-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു ശവസംസ്കാരം പിറേറദിവസം റവ ഫാദർ ഫിലിപ്പ കുപ്പിക്കാട്ട് അവർകളുടെ പ്രധാനകാർമ്മികത്വത്തിലും മററു പല ബ. വൈദികരുടേയും ബന്ധുമിത്രാദികളുടേയും സാന്നിദ്ധ്യത്തിലും പുതുവേലി പള്ളിസിമിത്തേരിയിൽ നിർവ്വഹിക്കപ്പെട്ടു.

**പോത്താനിക്കാട്:** സേവിയർഗിരി പള്ളി ഇടവക ശ്രീ കെ സി ജോസഫ് കൊല്ലറക്കൽ ഏറാഗംനിമിത്തം മാർച്ചു 6-ാം തിയതി അന്ത്യകൂദാശകൾ സ്വീകരിച്ച് 41-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു.

**കോയിൽത്തോട്ടം:** സ്ഥലത്തു ശ്രീ എസ് വിക്ടർ റൊഡ്റിഗസ് അവർകളുടെ പത്നി ശ്രീമതി എ. അനാക്ലേത്താ മാർച്ച് 5-ാംതിയതി രാവിലെ 7-10നു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം കോയിൽതോട്ടം പള്ളിസിമിത്തേരിയിൽ പിറേറദിവസം രാവിലെ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

R. I. P.

## രണ്ടു പുതിയ മെത്രാന്മാർ ഇൻഡ്യയിലേക്കു നിയമിതരായി

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ഇൻഡ്യയിൽ മീററു കേന്ദ്രമാക്കി ഒരു പുതിയ മെത്രാസനംകൂടി സ്ഥാപിച്ചിരിക്കുന്നു. ആഗ്രാ അതിരൂപതാ അഡ്മിനിസ്ട്രേറർ അപ്പസ്തോലിക്ക് മോൺസിഞ്ഞോർ ഗ്വിസപ്പ് ഇവൻജലിസ്റ്റിനെ മീററ് രൂപതയുടെ പ്രഥമമെത്രാനായും ലണ്ടനിലെ സെന്റ് ജോസഫ്സ് ഹൈസ്കൂളിന്റെ ഡയറക്ടർ വെരി റവ. ഫാദർ ഡോമിനിക്കോ ഒ ബ്രോൻഡ്റായെ ആഗ്രാ അതിരൂപതാ മെത്രാപ്പോലീത്തായായും നിയമിച്ചിരിക്കുന്നു.

### ക്ലേശിത ജനങ്ങൾക്കു വേണ്ടി ജീവൻ ഹോമിച്ച വൈദികൻ

67 വയസ്സായ ഫാദർ ഫ്രാഞ്ചെസ്കോണി മദ്ധ്യഇറ്റലിയിലെ ല്യൂസനാ ഇടവകയിലെ വികാരിയായിരുന്നു. അദ്ദേഹത്തിന്റെ ഇടവകയിൽപെട്ടതും അഞ്ചുമൈൽ അകലെ സ്ഥിതിചെയ്തിരുന്നതുമായ ഗ്രാമം ഇക്കൊല്ലത്തെ അത്യുഗ്രമായ ഹിമപാതംമൂലം വിച്ഛേദിക്കപ്പെടുകയും അവിടത്തെ ജനങ്ങൾ ഭക്ഷ്യവിഭവങ്ങൾ കിട്ടുന്നതിനു മാർഗ്ഗമില്ലാതെ ക്ലേശിക്കുകയും ചെയ്തു. വിവരമറിഞ്ഞു ഫാദർ ഫ്രാഞ്ചെസ്കോണി ഒരു സഹായസംഘത്തെ രൂപീകരിച്ചു ഭക്ഷ്യവിഭവങ്ങൾ ശേഖരിച്ചു മഞ്ഞിനോടു സമരം ചെയ്തു ഗ്രാമത്തെ ലക്ഷ്യമാക്കി യാത്രപുറപ്പെട്ടു. മടക്കത്തിൽ രണ്ടരമൈലകലെയുള്ള ബൊറേല്ലോ നഗരത്തെ ലക്ഷ്യമാക്കി യാത്രതുടരുന്നതിനിടയ്ക്കു ഗ്രാമപ്രാന്തത്തിൽവച്ചു അദ്ദേഹം ഹൃദയസ്തംഭനത്തിനു വിധേയനാവുകയും ഒരു കർഷകകുടുംബത്തിൽ അഭയംതേടുകയു ചെയ്തു "ഭയപ്പെടേണ്ട, സഹായം വരുന്നുണ്ട്" എന്നായിരുന്നു അദ്ദേഹത്തിന്റെ സാന്ത്വനസന്ദേശം. കർഷകർ ചൂടുള്ള പാനീയം അദ്ദേഹത്തിനു കുടിക്കുവാൻ കൊടുത്തു എങ്കിലും അല്പം കുടിച്ചുശേഷം അദ്ദേഹം ഐഹികവാസം വെടിയുകയാണുണ്ടായതു്.

### ഫ്രഞ്ച് അസംബ്ലിയിൽ കമ്മ്യൂണിസ്റ്റ് പരാജയം

ഫ്രാൻസിൽ കമ്മ്യൂണിസ്റ്റുകൾ ചില സോഷ്യലിസ്റ്റുകളുടെ പിന്തുണയോടുകൂടി കത്തോലിക്കാവിദ്യാഭ്യാസസ്ഥാപനങ്ങൾക്കു ഗവമ്മെണ്ടിൽനിന്നും നൽകിക്കൊണ്ടിരിക്കുന്ന സഹായം നിർത്തലാക്കണമെന്നു ശഠിച്ചുകൊണ്ടിരിക്കയാണല്ലോ. ഈ രണ്ടു പാർട്ടികളും ഹാജരാക്കിയ ഒരു പ്രമേയത്തിനു കഴിഞ്ഞ അസംബ്ലിയിൽ മുൻഗണന നൽകി അതു പാസാക്കണമെന്നു കമ്മ്യൂണിസ്റ്റുകൾ ശഠിച്ചു. പ്രമേയത്തെപ്പററി പര്യാലോചന വന്നപ്പോൾ 279 വോട്ടുകൾക്കെതിരായി 288 വോട്ടുകളോടെ പ്രമേയം തള്ളപ്പെട്ടുപോയി. സ്കൂൾ പ്രശ്നം കുത്തിപ്പൊക്കുന്നതിൽ കമ്മ്യൂണിസ്റ്റുകളുടെ ലക്ഷ്യം അവിടെ കത്തോലിക്കരും സോഷ്യലിസ്റ്റുകളുടെ ഒരു വിഭാഗവും തമ്മിൽ ഒരു വിടവുണ്ടാക്കി ഒരു പോപ്പുലർ ഫ്രണ്ടു ഗവമ്മേണ്ടു രൂപവൽക്കരിക്കുന്നതിനും അതിന്റെ നേതൃത്വം കൈയടക്കുന്നതിനുമാണ്.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 | MARCH 21, ERNAKULAM | No. 32


# പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പായുടെ ഭരണകാലസംഭവങ്ങൾ

പരിശുദ്ധമാർപ്പാപ്പാ 12-ാം പീയൂസ് തിരുമനസ്സുകൊണ്ട് തിരുസഭയുടെ പരമാദ്ധ്യക്ഷസ്ഥാനം ആരോഹണംചെയ്തിട്ട് ഈ മാർച്ച് മാസം 12-ാം നു 17 വത്സരങ്ങൾ പൂർത്തിയായി കഴിഞ്ഞുവല്ലോ. താരതമ്യേന സുദീർഘമായ ഈ ഭരണഘട്ടത്തെപ്പററി ഒരു വിഹഗവീക്ഷണം നടത്തുന്നതു് പാപ്പാ തിരുമേനിയുടെ ദിനാഘോഷം ആർഭാടപൂർവ്വം നിർവ്വഹിക്കപ്പെടുന്ന ഈ അവസരത്തിൽ സമീചീനവും പ്രയോജനാത്മകവുമായിരിക്കും. ലോകചരിത്രം അതിഗൗരവാവഹമായ ഒരു വിഷമസന്ധിയെ തരണം ചെയ്തുകൊണ്ടിരിക്കുന്ന കാലത്താണ് അവിടുന്നു തിരുസഭയുടെ നേതൃത്വം വഹിക്കുന്നതും ലോകത്തിനു മാർഗ്ഗദർശനം നൽകിക്കൊണ്ടിരിക്കുന്നതും. മാനവസമുദായം ധാർമ്മികമായ അധഃപ്പതനത്തിലും സാമ്പത്തികവും വ്യാവസായികവുമായ പ്രതിസന്ധിഘട്ടങ്ങളിലും കുടുങ്ങി ഉർദ്ധശ്വാസം വലിക്കുകയും, മനുഷ്യനിലുള്ള ആദ്ധ്യാത്മികമൂല്യങ്ങളെല്ലാം തച്ചുടച്ചു തിപ്പുണ്ണാക്കുന്നതിനു ഭൗതികതാദശ്വാദികൾ ഉഗ്രസമരം ചെയ്യുകയും, ലോകരാഷ്ട്രങ്ങൾ ചേരികളായി തിരിഞ്ഞ് ഭീകരസമരങ്ങളിൽ ഏർപ്പെടുകയുംചെയ്തുകൊണ്ടിരിക്കുന്ന ഈ നൂററാണ്ടിൽ സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം ലോകത്തിൽ പ്രായോഗികമാക്കുക എന്നതു എത്രമാത്രം ശ്രമകരമായ ഒരു പ്രവർത്തനമാണെന്നു പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ. പരിശുദ്ധപിതാവ് കണ്ണീരിന്റെയും ഹൃദയാകുലതകളുടേയും മദ്ധ്യേ ഈ കർത്തവ്യമാണ് അഭംഗം നിർവ്വഹിച്ചുപോരുന്നതു്. "നീതിയുടെ പരിണതഫലമാണ് സമാധാനം" എന്നുള്ള പല്ലവി അവിടുന്നു അനുസ്യൂതം ഉദീരണം ചെയ്യുകയാണ്, ഭൗതികതാപാർഭാടം മൂലം ബധിരമായ ലോകശ്രോത്രങ്ങളിലേക്കു്. ഇതിന്റെ ഒരു സമാഹാരമാണ് അവിടുത്തെ പതിനേഴുകൊല്ലത്തെ ഭരണചരിത്രം.

1939 മാർച്ച് 2. കർദ്ദിനാൾ പച്ചെല്ലി കേവലം ഹ്രസ്വമായ ഒരു കോൺക്ലേവിനുശേഷം മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം പീയൂസ് എന്ന പേരു സ്വീകരിച്ചു. പച്ചെല്ലികർദ്ദിനാൾ 12-ാംപീയൂസായി. ലോകം മുഴുവനും ഹർഷാരവത്തോടുകൂടി ഈ മംഗളവാർത്ത സ്വീകരിച്ചു.

മാർച്ച് 12. മാർപ്പാപ്പായുടെ കിരീടധാരണം. അവിടുത്തെ മുദ്ര സമാധാനത്തിന്റെ ചിഹ്നമായ മാടപ്രാവിനെയും ഒലിവുശിഖരത്തേയും രേഖപ്പെടുത്തി. അവിടുത്തെ മുദ്രാവാക്യം: "നീതിയുടെ പരിണതഫലം സമാധാനം."

സെപ്റ്റംബർ. രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. യുദ്ധം അവസാനിപ്പിക്കുന്നതിനും, യുദ്ധത്തിന്റെ കാഠിന്യത്തെ കുറയ്ക്കുന്നതിനും, യുദ്ധത്താൽ ക്ലേശമനുഭവിക്കുന്നവരെ സാന്ത്വനപ്പെടുത്തുന്നതിനുമുള്ള അവിടുത്തെ അവിശ്രമപരിശ്രമങ്ങൾ സമാരംഭിച്ചു. വിവേചനാരഹിതമായ ബോംബുപ്രയോഗത്തെ പ്രതിഷേധിച്ചു; അരക്ഷിതരായ പൗരജനതയെ സംബന്ധിച്ചു പാലിക്കപ്പെടേണ്ട നീതിപൂർവ്വകമായ നടപടികളെ പ്രബോധിപ്പിച്ചു.

1940 മേയ് 5. ഇററലിയോടു് യുദ്ധത്തിൽ പ്രവേശിക്കരുതെന്നു പരസ്യവും അവസാനത്തേതുമായ അഭ്യർത്ഥന നടത്തി, ഒരു റോമൻ ദേവാലയത്തിലെ പ്രസംഗത്തിൽവച്ചു്. മേയ് 10. ജർമ്മനിയുടെ ന്യായവിരുദ്ധമായ ആക്രമണത്തിനു വിധേയമായ ഹോളണ്ടിലേയും, ബൽജിയത്തിലേയും, ലക്സംബർഗ്ഗിലേയും ഭരണാധിപന്മാർക്കു അനുഭാവപൂർവ്വകവും അവിടുത്തെ ധാർമ്മികപിന്തുണ വാഗ്ദാനം ചെയ്യുന്നതുമായ കമ്പിസന്ദേശങ്ങൾ അയച്ചുകൊടുത്തു.

1941 ഏപ്രിൽ. ശത്രുക്കൾക്കധീനമായ രാജ്യങ്ങളിലെ ജനങ്ങളോടു അനുഭാവപൂർവ്വം വർത്തിക്കണമെന്നും മനുഷ്യോചിതമായി പെരുമാറണമെന്നും സമരകക്ഷികളോടു അവിടുന്നഭ്യർത്ഥിച്ചു.

1943. അണുശക്തി പ്രയോഗംകൊണ്ടു വന്നുചേരാവുന്ന കഠോരമായ വിപത്തുകളെ സംബന്ധിച്ചു തിരുമേനി മുന്നറിയിപ്പു നൽകി. റോമാനഗരം യുദ്ധരംഗമാകുന്നതിനുള്ള ലക്ഷണങ്ങൾ അത്യാസന്നമാകുന്നു. അവിടുത്തെ സഹപ്രവർത്തകന്മാരോടുകൂടി ആ വിപത്തിനെ നേരിടുന്നതിനു അവിടുന്നു വേനൽക്കാലവസതിയിലേക്കുള്ള പ്രോഗ്രാം റദ്ദ് ചെയ്യുന്നു.

ജൂലൈ 19. റോമിൽ അപകടസൈറൺ മുഴങ്ങി. ശത്രുവിമാനങ്ങൾ ടിബർട്ടിനാഭാഗത്തു ബോംബിട്ടു. ബോംബുപൊട്ടലിന്റെ പൊടിപടലം അമർന്നുകഴിയുന്നതിനുമുമ്പാവും താമസിക്കാതെ പരിശുദ്ധപിതാവ് കാർ ഇറക്കിച്ചു അപകടശുശ്രൂഷാർത്ഥം സംഭവസ്ഥലത്തെത്തി. പരുക്കേററവരേയും നഷ്ടശിഷ്ടങ്ങളിൽ കുടുങ്ങിയവരേയും അവിടുന്നു രക്ഷിച്ചു. അവിടുത്തെ വെള്ളയങ്കി നിണംപുരണ്ടു ചെമന്ന അടയാളങ്ങളുള്ളതായി. അധികം കഴിഞ്ഞില്ല വത്തിക്കാനിലും ശത്രുക്കൾ ബോംബിട്ടു. സെന്റ് പീറ്റേഴ്സിന്റെ ജനാലകൾ തകർന്നു; പരിശുദ്ധപിതാവിന്റെ മുറിക്കരികിലേക്കു അതിന്റെ തകർന്ന പാളികൾ തെറിച്ചു.

1944 ജൂൺ 5. സഖ്യകക്ഷികൾ റോമിനെ ആക്രമണവിമുക്തമാക്കി. സ്വാതന്ത്ര്യദിനം അവർ ആഘോഷിച്ചു. $7\frac{1}{2}$ ലക്ഷം പൗരന്മാർ അവരുടെ സംരക്ഷകനായ മാർപ്പാപ്പാക്കു ജേയ് വിളിച്ചു. യുദ്ധം അവസാനിച്ചെങ്കിലും അവശതാപരിഹരണജാലികൾ തിരുമേനി തുടർന്നു. യഹൂദന്മാർ മാർപ്പാപ്പായുടെ സംരക്ഷണത്തെ കൃതജ്ഞതാപൂർവ്വം അഭിനന്ദിച്ചു.

ഡിസംബർ. കമ്മ്യൂണിസം വഴി ലോകത്തിൽ വരുവാനിരുന്ന വിപത്തിനെ അവിടുന്നു ഉദ്ഘോഷം ചെയ്തു. അതുസംഭവിക്കുകയും ചെയ്തു. കമ്മ്യൂണിസത്തിന്റെ മർദ്ദനപരിപാടികൾ രംഗപ്രവേശം ചെയ്തു. "ഡെമോക്രസി"യുടെ പേരിൽ കമ്മ്യൂണിസം കാട്ടിക്കൂട്ടുന്ന പേക്കൂത്തുകളെ അവിടുന്നു ക്രിസ്തുമസ് സന്ദേശത്തിൽ അപലപിച്ചു; പൗരാവലി ഉണർന്നു പ്രവർത്തിക്കണമെന്നുൽബോധിപ്പിച്ചു.

1946 ഫെബ്രുവരി കർദ്ദിനാൾ സംഘത്തിൽ പുതുതായി മാർപ്പാപ്പാ 32 പേരെ കൂട്ടിച്ചേർത്തു. ഇത്രയും പേരെ ഒന്നിച്ചു തിരഞ്ഞെടുത്തു നിയമിച്ച ഒരു സംഭവം ചരിത്രത്തിലില്ല.

1947. ഒരു യഥാർത്ഥസമാധാനം സംസ്ഥാപിക്കുന്നതിനുള്ള അഭ്യർത്ഥന അവിടുന്നു വീണ്ടും നടത്തുന്നു.

നവമ്പർ. "മെഡിയാത്തോർ ദേയി" എന്ന 15000 വാക്കുകളുള്ള പ്രസിദ്ധ ചാക്രികലേഖനം പുറപ്പെടുവിച്ചു. ക്രിസ്തുവിനുവേണ്ടിയും ക്രിസ്തുവിനെതിരായും നടമാടിക്കൊണ്ടിരിക്കുന്ന സംഘട്ടനത്തെ അവിടുന്നു സമ്യക്കായി ക്രിസ്തുമസ് സന്ദേശത്തിൽ പ്രതിപാദിച്ചു. പൂർവ്വേഷ്യയിൽ ചൈനാവരേയും മുന്നേറിക്കൊണ്ടിരുന്ന കമ്മ്യൂണിസ്റ്റ് പ്രവാഹത്തെ നിരീക്ഷണം ചെയ്തു.

1948 ഇററലിയെ കയ്യടക്കുന്നതിനുള്ള കമ്മ്യൂണിസ്റ്റുതന്ത്രം പരാജയപ്പെടുത്തി. ഏതാദൃശമായ നിർണ്ണായകസന്ധിയിൽ വോട്ടു ചെയ്യാതിരിക്കുന്നതു പാപകരമായ കൃത്യവിലോപമാണെന്നു കത്തോലിക്കർക്കു ഉൽബോധനം നൽകി. പലസ്തീനായിലെ അസ്വാസ്ഥതകളെ അവസാനിപ്പിക്കുന്നതിനും അനർഘങ്ങളായ വിശുദ്ധസ്ഥലങ്ങളെ ബോംബാക്രമണത്തിൽനിന്നു സംരക്ഷിക്കുന്നതിനും അവയെ സാർവ്വരാജ്യസംരക്ഷണത്തിൽ കൊണ്ടുവരണമെന്നു നിർദ്ദേശിച്ചു.

1949 ഫെബ്രുവരി. കർദ്ദിനാൾ മിൻസെന്തിയുടെ അറസ്റ്റും വിസ്താരവും ലോകത്തെയും പരിശുദ്ധ പിതാവിനേയും ഉൽക്കണ്ഠാഭരിതമാക്കി. വിശുദ്ധ പത്രോസിന്റെ ദേവാലയാങ്കണത്തിൽ വെച്ചു കുർബാനയ്ക്കുശേഷം മാർപ്പാപ്പാ കമ്മ്യൂണിസ്റ്റുകളുടെ വാദമുഖങ്ങളെ വിമർശിച്ചു. സഭ ഔദ്യോഗികമായി പ്രസ്താവന ചെയ്യേണ്ട അവസരത്തിൽ മൗനമായിരിക്കണമെന്നും കമ്മ്യൂണിസ്റ്റുകളുടെ എതിർപ്പുകളെ അടിമമനസ്ഥിതിയോടെ ദുർബലമായി സ്വീകരിച്ചുകൊള്ളണമെന്നും പറഞ്ഞാൽ അതു വിലപ്പോകുകയില്ല. "ഏതാദൃശമായ വാദങ്ങളെ പത്രോസിന്റെ പിൻഗാമിയായ ഒരു മാർപ്പാപ്പാ അംഗീകരിക്കണമെന്നു നിങ്ങൾക്കഭിപ്രായമുണ്ടോ?" എന്നാണ് സർവ്വശക്തിയുമുപയോഗിച്ചു ഗംഭീരസ്വരത്തിൽ അവിടുന്നു ചോദിച്ചതു്. മറുപടി അതുപോലെതന്നെ ഗംഭീരമായിരുന്നു. ഒററസ്വരത്തിൽ ജനാവലി പറഞ്ഞു: "ഇല്ല"

ജൂലൈ. കമ്മ്യൂണിസത്തിൽ വിശ്വസിക്കുന്നവരേയും അതിന്റെ പ്രചാരണത്തിനുവേണ്ടി പ്രവർത്തിക്കുന്നവരേയും ഒരു ഡിക്രിമൂലം "സഭാവിച്ഛേദനം" (excommunicate, ചെയ്തു.

1950. വിശുദ്ധ വത്സരം. ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള തീർത്ഥകപ്രവാഹം റോമയിലേക്കു്. മരിയഗൊരേററി മുതലായവരുടെ വിശുദ്ധപദപ്രഖ്യാപനം.

നവമ്പർ 1. പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗ്ഗാരോപണസത്യപ്രഖ്യാപനം. 1870ൽ മാർപ്പാപ്പായുടെ അപ്രമാദിത്വപ്രഖ്യാപനശേഷം ആദ്യത്തെ സത്യപ്രഖ്യാപനമായിരുന്നു അതു്.

ഡിസമ്പർ, ക്രിസ്തുമസ് സന്ദേശത്തിൽ സെന്റ് പീറ്റേഴ്സിലെ പ്രധാന പീഠത്തിനു താഴെ വിശുദ്ധ പത്രോസ് അപ്പസ്തോലന്റെ കുഴിമാടം ഗവേഷണഫലമായി കണ്ടുകിട്ടിയ വസ്തുത മാർപ്പാപ്പാ പ്രസ്താവിച്ചു.

1951 മാർച്ച്. പൗരാണിക സമ്പ്രദായത്തെ പുനഃസ്ഥാപിക്കുന്നതിനുള്ള പരിശ്രമത്തിൽ, പരീക്ഷണാർത്ഥം ദുഃഖശനിയാഴ്ചയിലെ തിരുകർമ്മങ്ങൾ വൈകിട്ടു നടത്തുന്നതിനു നിശ്ചയിച്ചു.

1953 ജനുവരി. വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനുള്ള ഉപവാസത്തിൽ സൗകര്യപ്രദമായ പുതിയ ആനുകൂല്യങ്ങൾ അനുവദിച്ചു. 12-ാംപീയൂസ് പാപ്പായുടെ ഭരണത്തിലെ രണ്ടാമത്തെ കോൺസിസ്റ്ററി യോഗം നടത്തപ്പെടുകയും 24 പുതിയ കർദ്ദിനാളന്മാരെ നിയമിക്കുകയും ചെയ്തു. ഇന്ത്യക്കും അഭിനവമായി ഒരു കർദ്ദിനാളിനെ ലഭിച്ചു.

1954 മരിയൻ ജൂബിലിവർഷം. 9-ാംപീയൂസ് മാർപ്പാപ്പാ 1854-ൽ പരിശുദ്ധകന്യകമറിയത്തിന്റെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിച്ചതിന്റെ ശതാബ്ദപൂർത്തി സംബന്ധിച്ചായിരുന്നു അതു്. പരിശുദ്ധപിതാവു് അസുഖമായി കിടപ്പിലായി. എങ്കിലും സുഖം പ്രാപിച്ചു. 10-ാംപീയൂസ് പുണ്യവാനായി പ്രഖ്യാപിക്കപ്പെട്ടു. മറിയത്തിന്റെ രാജ്ഞീത്വാഭിധാനത്തിൽ ഒരു തിരുനാൾ ഏർപ്പെടുത്തി.

നവംബർ. പരിശുദ്ധപിതാവിനെ മരണാകരമായ ആലസ്യം ബാധിച്ചു. അത്ഭുതാവഹമായവിധത്തിൽ അവിടുന്നു സുഖം പ്രാപിച്ചു.

1955 ഡിസംബർ. വലിയ ആഴ്ചയിലെ ആരാധനാകർമ്മക്രമത്തിൽവ്യത്യാസങ്ങൾ വരുത്തി പൗരാണികപാരമ്പര്യങ്ങളെ പുനഃസ്ഥാപിച്ചു.

തിരുസഭാഭരണത്തെ നേരിട്ടു സംബന്ധിക്കുന്നതും പ്രത്യേകം ശ്രദ്ധാർഹങ്ങളുമായ ഏതാനും സംഭവങ്ങളാണ് മേലുദ്ധരിച്ചിരിക്കുന്നതു്. 12-ാംപീയൂസ് മാർപ്പാപ്പായുടെ പ്രവർത്തനം സഭാഭരണത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല എന്നും എല്ലാരംഗത്തുമുള്ള ലോകസംഭവങ്ങൾക്കു നേതൃത്വം നൽകുന്ന ഒരു മഹാവ്യക്തിത്വമാണ് അവിടുത്തേക്കുള്ളതെന്നും ഏവർക്കുമറിയാം. പ്രസ്തുതരംഗങ്ങളിലെ അവിടുത്തെ മഹത്തായ സേവനങ്ങളേയും വിജയപ്രദമായ സംരംഭങ്ങളേയും സമാഹരിക്കുക ക്ഷിപ്രസാദ്ധ്യമല്ല. ലോകചരിത്രത്തിന്റെ നിരവധിപുറങ്ങളിൽ അവ ഉല്ലേഖനം ചെയ്യപ്പെടുന്നതാണു്.

## പ്രസാധകക്കുറിപ്പുകൾ

### കമ്മ്യൂണിസം എങ്ങിനെ വളരുന്നു?

പ്രസിദ്ധ അമേരിക്കൻ എഴുത്തുകാരനായ മോൺ. ഫില്ലൻ ബ്രാന്റ് അമേരിക്കയെപ്പററി ചില ചോദ്യങ്ങൾ ഉന്നയിക്കുകയും അതിനുള്ള സമാധാനം പറയുകയും ചെയ്യുന്നുണ്ടു്. "ഈ രാജ്യത്തു കമ്മ്യൂണിസം എന്തുകൊണ്ടു വളർന്നു? ഇത്രയധികം അനുയായികളെ അതു് എങ്ങിനെ സമ്പാദിച്ചു? അതിൽനിന്നു വിശേഷവിധിയായി ഒന്നും മനസ്സിലാക്കുന്നതിനില്ലാതിരിക്കെ, ഇത്രയധികം ബുദ്ധിജീവികളെ അതെങ്ങിനെ ആകർഷിച്ചു? കമ്മ്യൂണിസത്തിന്റെ പ്രാരംഭകാലം മുതൽ അതിന്റെ വിശ്വാസസത്യങ്ങളിൽ പ്രധാനമായ ഒന്നാണ് നിരീശ്വരത്വം; പക്ഷെ കമ്മ്യൂണിസം ദൈവത്തെ നിഷേധിക്കുന്നതല്ല അതിന്റെ പ്രചാരത്തിനു നിദാനം. കമ്മ്യൂണിസം ക്രിസ്തുവിനെ വെറുക്കുന്നുണ്ടു്; പക്ഷെ അതും അതിന്റെ പ്രചാരത്തിനു കാരണമല്ല. അക്രമവും വഞ്ചനയും അതിന്റെ പ്രവർത്തനമാർഗ്ഗങ്ങളായി സ്വീകരിച്ചിട്ടുള്ളതുകൊണ്ടോ, ഭരണകൂടത്തെ അതു സ്വേച്ഛാപരമായ വിധത്തിലും അനിയന്ത്രിതമായ രീതിയിലും ഉപയോഗപ്പെടുത്തുന്നതുകൊണ്ടോ മാത്രമല്ല അതിനു പ്രചാരം കൈവന്നിട്ടുള്ളതു്. കമ്മ്യൂണിസത്തെ പൊതുജനങ്ങൾക്കു ആകർഷകമാക്കിച്ചെയ്യുന്ന കാരണം മറൊന്നാണ്: അതു സാമ്പത്തികപ്രശ്നങ്ങൾക്കും, വ്യാവസായികപ്രശ്നങ്ങൾക്കും, തൊഴിലാളി മുതലാളി പ്രശ്നങ്ങൾക്കും ഒരു പ്രതിവിധിയായി സ്വയം ഭാവിക്കുന്നു. തൊഴിൽരംഗത്തു നടമാടുന്ന എല്ലാ അനീതികളേയും അതു നീക്കിക്കളയുന്നതായി പറയുന്നു. പരിശുദ്ധപിതാവ് 11-ാംപീയൂസ് മാർപ്പാപ്പാ പറഞ്ഞിരിക്കുന്നതു ശ്രദ്ധേയമാണ്: കമ്മ്യൂണിസത്തിൽ മെസ്സയാനിസത്തിനെ സംബന്ധിക്കുന്ന എന്തോ ഒരു വശമുണ്ട്. ഒരു രക്ഷണീയചര്യ അതിൽ കലന്നിട്ടുണ്ടു്. സാമ്പത്തികമായി ശിഥിലാവസ്ഥയിൽ കഴിയുന്നവരെ ഉദ്ധരിക്കാമെന്നു അതു വാഗ്ദാനം ചെയ്യുന്നു. അതു വളരുന്നതിന്റെ കാരണം ഇതാണ്."

ഇപ്രകാരമാണ് കമ്മ്യൂണിസത്തിന്റെ വളർച്ചയെ സഹായിക്കുന്ന കാരണം അദ്ദേഹം വിശദമാക്കിയിട്ടുള്ളതു്. അതു തികച്ചും പരമാർത്ഥമാണെന്നു കാണുവാൻ ആർക്കും വലിയ വിഷമമുണ്ടാകുമെന്നു തോന്നുന്നില്ല. അതുകൊണ്ടു് കമ്മ്യൂണിസ്റ്റുവിപത്തിനെ തടയുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗം സാമ്പത്തികസുസ്ഥിതിയെ കൈവരുത്തുന്ന ഉപാധികളിൽ ക്രിസ്തീയമായ മനോഭാവത്തോടുകൂടി പ്രവർത്തിക്കയാണെന്നു അദ്ദേഹം തുടർന്നു സമർത്ഥിക്കുന്നു. "ലോകത്തിന്റെ ഏററവും രൂക്ഷമായപ്രശ്നമേതാണ്? കുടുംബങ്ങളുടെ ശൈഥില്യമോ, സമാധാനത്തിന്റെ അഭാവമോ, ജാതീയമായ നീതിബോധത്തിലും ഉപവിയിലും ഉണ്ടായിട്ടുള്ള തകർച്ചയോ ആണെന്നു തോന്നുന്നില്ല. നേരെമറിച്ചു് അതു സാമ്പത്തികപ്രശ്നമാണെന്നാണ് ആ ലോകസാമ്പത്തികസ്ഥിതിയെപ്പററി അവലോകനം ചെയ്യുമ്പോൾ അനുമാനിക്കുവാൻ നിർബന്ധിതനാവുന്നതു്." അതുകൊണ്ടു ലോകത്തിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന സാമ്പത്തികതകർച്ചക്കു നിവാരണം വരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയാണ് ഇന്നാവശ്യമെന്നദ്ദേഹം സമർത്ഥിക്കുന്നു. അവികസിതങ്ങളായ ദരിദ്രരാജ്യങ്ങളിലാണ് കമ്മ്യൂണിസം എളുപ്പത്തിൽ പ്രചരിക്കുന്നതെന്നും അവിടങ്ങളിലുള്ള ക്ലേശിതരായ സാധാരണജനങ്ങൾ അവർക്കു സാമ്പത്തികമോക്ഷം പ്രദാനം ചെയ്യാമെന്നു വാഗ്ദാനം ചെയ്യുന്ന കമ്മ്യൂണിസ്റ്റുദൂതന്മാരെ വിശ്വസിച്ചു അവർക്കു പുറകെ അന്ധമായി പോകുകയാണെന്നും അദ്ദേഹം തെളിയിക്കുന്നു. ഈ പരമാർത്ഥം ആർക്കും നിഷേധിക്കുക സാദ്ധ്യമല്ല. അതുകൊണ്ടു കമ്മ്യൂണിസത്തിന്റെ വളർച്ചയെ പ്രതിരോധിക്കണമെങ്കിൽ ലോകത്തിന്റെ സാമ്പത്തികസ്ഥിതിയെ മെച്ചപ്പെടുത്തുന്നതിനു ഓരോരുത്തരും കഴിവുപോലെ സഹകരിക്കണം. എല്ലാവർക്കും കൂടുതൽ കൂടുതൽ സമ്പാദിക്കുന്നതിനും ജീവിതനിലവാരം ഉയർത്തുന്നതിനും ഉള്ള സൗകര്യ

ങ്ങൾ ഉണ്ടാക്കുന്നതിൽ പരസ്പരം സഹായിക്കണം. രാജ്യങ്ങളും സ്ഥാപനങ്ങളും വ്യക്തികളും ഉദാരമായ ഒരു മനോഭാവത്തിൽ പ്രവർത്തിക്കണം. മോൺ. ഹില്ലെൻബ്രാൻറു അമേരിക്കാക്കാർക്കു നൽകുന്ന നിർദ്ദേശം ഓരോ രാജ്യത്തിലുമുള്ള ആളുകൾ അവരുടെ പരിതസ്ഥിതികൾക്കനുസരിച്ചു സ്വീകരിച്ചു പ്രായോഗികമാക്കാൻ ശ്രമിക്കണം. "ലോകത്തിലെ ഏററം ധനസമൃദ്ധമായ രാജ്യത്തിൽ ജീവിക്കുകയും അതിൻെറ ഏററവും ധാരാളമായ സൗകര്യങ്ങൾ അനുഭവിക്കുകയും ചെയ്യുന്ന നമുക്കു തകർന്നതായ ഒരു സാമ്പത്തിക വ്യവസ്ഥിതിയുടെ ഭീഷണമായ അനീതികളെപ്പററി, അറിഞ്ഞുകൂടാ എന്നുള്ളതാണു പരമാർത്ഥം. ഈ വസ്തുത നാം മാനിക്കുമോ. ലോകംമുഴുവനിലുമുള്ള പട്ടിണിപ്പാവങ്ങളെ തീററിപ്പോററുന്നതിനു ദൈവത്തെ ഓർത്തു നാമെന്തുകൊണ്ടുൽസുകത പ്രദർശിപ്പിക്കുന്നില്ല? ക്രിസ്തു അവർക്കു ഭക്ഷിക്കുന്നതിനു അവിടത്തെ ശരീരത്തേയും പാനം ചെയ്യുന്നതിനു അവിടത്തെ രക്തത്തേയും നൽകുകയല്ലയോ ചെയ്യുന്നതു? ക്രിസ്തുവിൻെറ മൗതികശരീരത്തിൻെറ സത്യത്തിൽ വിശ്വസിക്കുന്നവരായ നമുക്കു ആ ശരീരത്തിൻെറ അവയവങ്ങൾ ഭൂമിശാസ്ത്രപരമായി എത്ര അകന്നിരുന്നാലും അതിൽ വല്ല കാര്യവുമുണ്ടോ?" ഈ സർവ്വസാഹോദര്യത്തിൻെറ മനോഭാവത്തിൽ രാജ്യങ്ങളും ജനതകളും പരസ്പരം സഹകരിച്ചും സഹായിച്ചും ജീവിക്കുന്നതിനു തയ്യാറാകുന്നു എങ്കിൽ അതു ലോകത്തിൻെറ സാമ്പത്തികപ്രശ്നത്തെ പരിഹരിക്കുന്നതിനുള്ള മാർഗ്ഗമാകും. അതുമന്നെ സാമ്പത്തിക തകർച്ചയെ അവസരമാക്കി പാവപ്പെട്ടവരെ വശീകരിക്കുന്നതിനും അവികസിതരാജ്യങ്ങളെ കൈയടക്കുന്നതിനുമുള്ള കമ്മ്യൂണിസ്റ്റു നുഴഞ്ഞുകയററതന്ത്രത്തെ പ്രതിരോധിക്കുന്നതിനും പററിയ ഉപാധിയായിരിക്കുകയും ചെയ്യും.

x x . x

## പുനസ്സംഘടനാ ബിൽ

ഇന്ത്യാഗവമ്മെൻറിൻെറ സംസ്ഥാനപുനസ്സംഘടനാബിൽ അനുസരിച്ചു ഇന്ത്യയിൽ 15 സ്റ്റേററുകളും 7 യൂണിയൻ ടെറിട്ടറികളുമുണ്ടായിരിക്കും.

### സ്റ്റേററുകൾ

(1) ആന്ധ്രാ-തെലുങ്കാന (2) ആസാം (3) ബീഹാർ (4) ഗുജറാത്തു (5) കേരളം (6) മദ്ധ്യപ്രദേശ് (7) മദ്രാസ് (8) മഹാരാഷ്ട്ര (9) മൈസൂർ (10) ഒറീസാ (11) പഞ്ചാബു (12) രാജസ്ഥാൻ (13) ഉത്തരപ്രദേശ് (14) പശ്ചിമബംഗാൾ (15) ജമ്മു-കാശ്മീർ.

### യൂണിയൻ ടെറിട്ടറീസ്

(1) ബോംബെ (2) ഡൽഹി (3) ഹിമാചൽപ്രദേശ് (4) മണിപ്പൂർ (5) ത്രിപുര (6) ആൻഡമാൻ-നിക്കോബാർ (7) ലക്ഷദ്വീപു-മിനിക്കോയ്, അമിൻദിവുകൾ.

പുനസ്സംഘടനാബില്ലിൽ 121 വകുപ്പുകളും 6 പട്ടികകളും അടങ്ങിയിരിക്കുന്നു. സ്റ്റേററുകളുടേയും യൂണിയൻ ടെറിട്ടറികളുടേയും പററിയുള്ള കൃത്യമായ വിവരങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ടു. പുനസ്സംഘടനയെത്തുടർന്നുണ്ടാകേണ്ട സാമ്പത്തികമായ മാററങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

പശ്ചിമബംഗാളിനേയും ബിഹാറിനേയുംപററി ആമുഖാദ്ധ്യായത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ഈ സ്റ്റേററുകളും തമ്മിലുള്ള സംയോജനത്തെപ്പററി സജീവമായ പരിഗണന നടന്നുകൊണ്ടിരിക്കുന്നതിനാൽ അവ തമ്മിലുള്ള അതിർത്തികൾ ബില്ലിൽ കാണിച്ചിട്ടില്ല. ഇതുസംബന്ധിച്ചുണ്ടാകുന്ന തീരുമാനം നടപ്പിൽ വരുത്തുവാൻ ഒരു പ്രത്യേക ബിൽ അവതരിപ്പിക്കുന്നതാണു്."

### അതിർത്തിക്കമ്മീഷൻ

വിവിധസ്റ്റേററുകൾ തമ്മിലുള്ള സ്ഥലക്രമീകരണം പരിശോധിക്കുവാൻ ആവശ്യമെന്നു വന്നാൽ അതിർത്തിക്കമ്മീഷനെ ഇന്ത്യാഗവമ്മെൻറു നിയമിക്കുന്നതാണെന്നു ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു. ഹിമാചൽപ്രദേശ് അന്തിമമായി പഞ്ചാബിൽ ചേരേണ്ടതാണെങ്കിലും തൽക്കാലം കേന്ദ്രഭരണത്തിലുള്ള ഒരു ഘടകമായി തുടരുന്നതാണെന്നു ആമുഖാദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു.

രാജസ്ഥാനിൽ ഉൾപ്പെടുത്തുവാൻ മുൻപു ഉദ്ദേശിച്ചിരുന്ന ഹിസ്സാർഡിസ്ട്രിക്ടിലെ ലോഹാരു സബ് താലൂക്കു ഇപ്പോൾ പഞ്ചാബിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ബല്ലാറിഡിസ്ട്രിക്ടിൻെറ യാതൊരു ഭാഗവും ആന്ധ്രയിൽ ലയിപ്പിക്കുന്നില്ല.

### 5 മേഖലകൾ

ബില്ലിൽ യൂണിയനെ അഞ്ചു മേഖലകളായി തിരിച്ചിട്ടുണ്ടു. 1. ഉത്തരമേഖല— പഞ്ചാബു, രാജസ്ഥാൻ, ജമ്മു-കാശ്മീർ, ഡൽഹി, ഹിമാചൽപ്രദേശ് ഇവ ഉൾപ്പെടുന്നു. 2. മദ്ധ്യമേഖല— ഉത്തരപ്രദേശ്, മദ്ധ്യപ്രദേശ് ഇവ ഉൾപ്പെടുന്നു. 3. പൂർവ്വമേഖല—ബീഹാർ, പശ്ചിമബംഗാൾ, ഒറീസാ, ആസാം, മണിപ്പൂർ, ത്രിപുര. 4 പശ്ചിമമേഖല— മഹാരാഷ്ട്ര, ഗുജറാത്തു, ബോംബെ. 5 ദക്ഷിണമേഖല— ആന്ധ്രാ-തെലുങ്കാന, മദ്രാസ്, മൈസൂർ, കേരളം ഇവ ഉൾപ്പെടുന്നു.

### മേഖലാകൗൺസിലുകൾ

ഓരോ മേഖലയ്ക്കും സ്ഥിരമായ ഓരോ മേഖലാകൗൺസിലുകൾ ഉണ്ടായിരിക്കും. ഓരോ കൗൺസിലിനും സ്ഥിരമായ ഒരു സിക്രട്ടറിയേററും. കൗൺസിലിൻെറ ചുമതല കേവലം ഉപദേശപരമായിരിക്കും. അംഗസംസ്ഥാനങ്ങൾക്കോ യൂണിയനോ താല്പര്യമുള്ള വിഷയങ്ങൾ അതിനു ചർച്ചചെയ്യുകയും അതതു ഗവമ്മെൻറുകൾക്കു ഉപദേശം നൽകുകയും ചെയ്യാം.

ഓരോ കൗൺസിലിലും 1. പ്രസിഡൻറു നോമിനേററുചെയ്യുന്ന ഒരു കേന്ദ്രമന്ത്രിയും 2. ഘടകസ്റ്റേററുകളിലെ മുഖ്യമന്ത്രിമാരും ഗവർണ്ണർമാർ നോമിനേററുചെയ്യുന്ന ഓരോ സ്റ്റേററിലേയും ഈരണ്ടു മന്ത്രിമാരും 3. യൂണിയൻ ടെറിട്ടറിയുടെ കാര്യത്തിൽ പ്രസിഡൻറു നോമിനേററുചെയ്യുന്ന ഒരു മെമ്പറും ഉണ്ടായിരിക്കും. പൂർവ്വമേഖലയുടെ കാര്യത്തിൽ ഗോത്രവർഗ്ഗക്കാരുടെ കാര്യത്തിനു ആസാം ഗവമ്മെൻറിൻെറ ഉപദേഷ്ടാവായിരിക്കുന്ന ആളും മെമ്പറായിരിക്കും. കേന്ദ്രമന്ത്രി കൗൺസിലിൻെറ ചെയർമനായിരിക്കുന്നതാണു.

മഹാരാഷ്ട്ര, ഗുജറാത്തു, ബോംബെ സിററി ഇവയ്ക്കു പൊതുവിൽ ഒരു ഹൈക്കോടതിയേ ഉണ്ടായിരിക്കുകയുള്ളൂ.

### ഭരണഘടനാഭേദഗതി

സംസ്ഥാനപുനസ്സംഘടനമൂലം ഭരണഘടനയിൽ വരുത്തേണ്ട ഭേദഗതികൾ ബില്ലിൻെറ ഒരു അനുബന്ധമായി ചേർത്തിട്ടുണ്ടു. സ്റ്റേററുകളുടെ പാർട്ട് ബി. സി. വിഭജനം രാജപ്രമുഖന്മാരുടേയും ഉപരാജപ്രമുഖന്മാരുടേയും സ്ഥാനം എന്നിവ നിർത്തലാക്കപ്പെടുന്നു. പുനസ്സംഘടനാബില്ലിനോടൊപ്പം ഭരണഘടനാഭേദഗതി ബില്ലും പാർലമെൻറിൽ അവതരിപ്പിക്കുന്നതാണു. യൂണിയൻ ടെറിട്ടറിയുടെ ഭരണം പ്രസിഡൻറു നിയമിക്കുന്ന ഒരു ചീഫ കമ്മീഷണർ മുഖേനയോ മററു അധികാരികൾവഴിയോ നടത്തുന്നതിനും വ്യവസ്ഥയുണ്ടു.


ഭരണഘടനയുടെ 350-ാം വകുപ്പിനു വരുത്തുന്ന ഭേദഗതിപ്രകാരം ഭാഷാപരമായ ന്യൂനപക്ഷങ്ങളുടെ കുട്ടികൾക്കു അവരുടെ മാതൃഭാഷയിൽ പ്രാഥമികവിദ്യാഭ്യാസം ഓരോ സ്റ്റേററും നൽകേണ്ടതാണു. ഏതു സ്റ്റേററിനും അങ്ങനെ ഒരു ഡയറക്ടീവുകൊടുക്കുവാൻ പ്രസിഡൻറിനു അധികാരമുണ്ടായിരിക്കും. സ്റ്റേററു നിയമസഭയിൽനിന്നും റീജനൽകൗൺസിലുകൾ രൂപവൽകരിക്കുവാനും പ്രസിഡൻറിനു അധികാരമുണ്ടായിരിക്കുന്നു.

### ഇടക്കാലനിയമസഭ

ബില്ലിനോടു അനുബന്ധിച്ചുള്ള ഒരു വിശദീകരണമനുസരിച്ചു പുതിയ സ്റ്റേററുകൾ 1956 ഒക്ടോബർ 1-ാംനു- നടപ്പിൽ വരുന്നതാണു. പുതിയ സ്റ്റേററുകൾക്കു ഇടക്കാലനിയമസഭകൾ ഉണ്ടാക്കാനും ബില്ലിൽ വ്യവസ്ഥയുണ്ടു. ഈ കലണ്ടർവർഷത്തിനു മുമ്പു പൊതുതിരഞ്ഞെടുപ്പു നടത്തുക സാദ്ധ്യമല്ലാത്തതുകൊണ്ടാണു ഈ വ്യവസ്ഥ ചേർത്തിരിക്കുന്നതു. പൊതുതിരഞ്ഞെടുപ്പു കഴിയുന്നതുവരെ ഇടക്കാലനിയമസഭ പ്രവർത്തിക്കുന്നതാണു.

പുതിയ സ്റ്റേററുകളിലേക്കു ചേക്കുന്ന നിയോജകമണ്ഡലങ്ങളിലെ മെമ്പറന്മാർ ആ സ്റ്റേററുനിയമസഭയിൽ അംഗമായിരിക്കത്തക്കവണ്ണമാണു ഇടക്കാലനിയമസഭാവ്യവസ്ഥ.

## ഒന്നാംസമ്മാനം മലയാളി വിദ്യാർത്ഥി നേടി



ശ്രീ ഇ. പി. ജോർജ്ജ്, തൊപ്ലാവു്.

ആന്ധ്രാ യൂണിവേഴ്സിററി യൂണിയൻ ഈയിടെ നടത്തിയ പ്രസംഗമത്സരത്തിൽ തൃശ്ശൂർരൂപതയിൽപെട്ട തൊപ്ലാവു സ്വദേശിയും ഓണേഴ്സ് വിദ്യാർത്ഥിയുമായ ശ്രീ ഇ. പി ജോർജ് അവർകൾ പ്രശസ്തമായവിധത്തിൽ ഒന്നാംസമ്മാനത്തിന്നർഹനായിരിക്കുന്നു. ശ്രീ ജോർജ് ഇതിനുമുമ്പു യൂണിവേഴ്സിററി കോളേജ് ഓഫ് ആർട്ട്സ് ആൻറു കോമേഴ്സിലും, ലോകോളേജിലും നടന്ന ഇംഗ്ലീഷ്പ്രസംഗമത്സരങ്ങളിലും പ്രശസ്തമായ വിജയം നേടുകയും ഒന്നാംസമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തിട്ടുള്ളതാണു. ശ്രീ ജോർജിൻെറ വിജയത്തിൽ അനുമോദിക്കുകയും ഇനിയും ഭാസുരമായ വിജയങ്ങൾ ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

വാരാന്ത്യവീക്ഷണം

## ബ്രിട്ടനും ജോർഡാനും

1939 മുതൽ അരബ് ലീജിയൻ എന്നറിയപ്പെടുന്ന ജോർഡാൻസൈന്യത്തിൻെറ മേധാവിയായിരുന്ന ഗ്ലബ് പാഷായെന്ന ബ്രിട്ടീഷുകാരനായ സൈനികോദ്യോഗസ്ഥനെ ജോർഡാനിലെ ഹുസെൻ രാജാവു ഈയിടെ പിരിച്ചയക്കുകയുണ്ടായി. ബ്രിട്ടനു ഇതുപോലെ ഗുരുതരമായ ഒരു പ്രഹരം അടുത്തകാലത്തെങ്ങും കിട്ടിയിട്ടില്ല. മദ്ധ്യപൂർവ്വപ്രദേശത്തെ ബ്രിട്ടൻെറ ഉററകൂട്ടുകാരായിട്ടാണു ബ്രിട്ടൻ ജോർഡാനെ കരുതിയിരുന്നതു. ജോർഡാൻരാജ്യം രൂപംപ്രാപിച്ചതുതന്നെ ബ്രിട്ടൻെറ സഹായസഹകരണങ്ങളോടുകൂടിയായിരുന്നു. ജോർഡാനിലെ ആദ്യത്തെ രാജാവായിരുന്ന അബ്ദുള്ളരാജാവു ബ്രിട്ടൻെറ ഉത്തമസുഹൃത്തായിരുന്നു. ഇപ്പോഴത്തെ രാജാവായ ഹുസെൻ ബ്രിട്ടനിൽ താമസിച്ചാണു വിദ്യാഭ്യാസം കഴിച്ചതു. ജോർഡാൻസൈന്യത്തിലെ പ്രധാനോദ്യോഗസ്ഥന്മാരെല്ലാം ബ്രിട്ടീഷുകാരാണു. അനേകവർഷങ്ങളായി ബ്രിട്ടൻ ജോർഡാനു സാമ്പത്തികസഹായം ചെയ്തുകൊണ്ടാണിരുന്നതു. പൊതുജനങ്ങളിൽ വളർന്നുവന്നിട്ടുള്ള ബ്രിട്ടീഷ്വിരുദ്ധമനോഭാവത്തെ പരിഗണിച്ചാണു ഹുസെൻ ഇപ്പോൾ ഗ്ലബ് പാഷായെ ജോലിയിൽനിന്നും പിരിച്ചയച്ചതു. ഏതാനും ആഴ്ചകൾക്കുമുമ്പു ജോർഡാനെ ബാഗ്ദാദു സഖ്യത്തിൽ ചേർക്കുന്നതിനു ബ്രിട്ടൻ ഒരു പരിശ്രമംനടത്തി. അതിലേക്കു ഒരു ബ്രിട്ടീഷ്സൈനികമേധാവിയായ സർ ജെറാർഡ് ടെംബ്ളർ ജോർഡാൻ സന്ദർശിച്ചിരുന്നു. ആ സന്ദർഭത്തിൽ ജോർഡാൻ ബാഗ്ദാദ്സഖ്യത്തിൽ ചേരുന്നതിനെ പ്രതിഷേധിച്ചു ജോർഡാനിൽ വലിയ പ്രകടനങ്ങൾ നടന്നു. പിന്നീടു ജോർഡാൻ ബാഗ്ദാദുസഖ്യത്തിൽ ചേരുന്നതല്ലെന്നു ഗവമ്മെൻറു പ്രഖ്യാപിച്ചെങ്കിലും ജനങ്ങളുടെ ബ്രിട്ടീഷ്വിരുദ്ധമനോഭാവത്തിനു കുറവൊന്നും വന്നിട്ടില്ല. തൻെറ രാജവാഴ്ചയുടെ ഭദ്രതയ്ക്കുവേണ്ടി ഹുസൈൻരാജാവു ഗ്ലബ് പാഷായെ പറഞ്ഞയക്കേണ്ടിവന്നു. അതിനെത്തുടർന്നു മററു ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരെ തിരിച്ചുവിളിക്കുന്നതിനു ബ്രിട്ടൻ തീരുമാനിച്ചിരിക്കയാണു. ബ്രിട്ടനും ജോർഡാനും തമ്മിൽ 1948-ൽ ഒപ്പുവയ്ക്കപ്പെട്ട ഒരു സൈനിക ഉടമ്പടിയുണ്ടു. ഇതു നിരാകരിക്കപ്പെട്ടിട്ടില്ലെങ്കിലും ജോർഡാൻ ബ്രിട്ടൻെറ സ്വാധീനവലയത്തിൽനിന്നും പുറത്തുവന്നിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. ഈജിപ്തു, സിറിയ, സൗദിഅറേബിയ എന്നീ അറബിരാഷ്ട്രങ്ങളുടെ സമ്മർദ്ദവും പ്രേരണകളുംകൂടിയാണു ജോർഡാൻെറ പുതിയ നയത്തിനു വഴിതെളിച്ചതു.

### അറബിരാഷ്ട്രങ്ങൾ

അറബിരാഷ്ട്രങ്ങളെ പൊതുവെ സ്പർശിക്കുന്ന പ്രശ്നങ്ങളെപ്പററി ചർച്ചചെയ്യുവാൻ കെയ്റോയിൽവച്ചു മൂന്നു അറബിരാഷ്ട്രത്തലവന്മാരുടെ ഒരു സമ്മേളനം ഇപ്പോൾ നടന്നുകൊണ്ടിരിക്കയാണു. ഈജിപ്തിലെ പ്രധാനമന്ത്രി കേണൽ നാസ്സർ, സൗദിഅറേബിയായിലെ സൗദിരാജാവു, സിറിയായുടെ പ്രസിഡണ്ടു ഷുക്രി കൊത്താലി എന്നിവരാണു ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നവർ. മദ്ധ്യപൂർവ്വപ്രദേശത്തെ പശ്ചിമരാഷ്ട്രങ്ങളുടെ സ്വാധീനവലയത്തിൽനിന്നും എങ്ങനെ വിമോചിപ്പിക്കാമെന്നുള്ളതാണു ഇവരുടെ പ്രധാന ചർച്ചാവിഷയം. മദ്ധ്യപൂർവ്വപ്രദേശത്തു സ്വാധീനം പുലർത്തുവാൻ തങ്ങൾ ആഗ്രഹിക്കുന്നതു അവിടങ്ങളിൽ കമ്മ്യൂണിസത്തിൻെറ നുഴഞ്ഞുകയററത്തെ തടയുവാനാണെന്നാണു പശ്ചിമരാഷ്ട്രങ്ങൾ അവകാശപ്പെടുന്നതു. അറബിരാഷ്ട്രങ്ങൾ യഥാർത്ഥത്തിൽ കമ്മ്യൂണിസത്തിനോടനുഭാവമുള്ളവരല്ല. എന്നാൽ കമ്മ്യൂണിസത്തിൻെറ വളർച്ചയെ തടയുവാനാണെന്നുള്ള ഭാവത്തിൽ പശ്ചിമരാഷ്ട്രങ്ങൾ മദ്ധ്യപൂർവ്വപ്രദേശത്തു സാമ്പത്തികമേൽക്കോയ്മ പുലർത്തിപ്പോരുന്നതിനെ ഏതുവിധേനയും അവസാനിപ്പിക്കണമെന്നു ഈജിപ്തു, സൗദിഅറേബ്യാ, സിറിയ എന്നീ രാഷ്ട്രങ്ങൾക്കു ആഗ്രഹമുണ്ടു. അവരുടെ പ്രേരണയും സമ്മർദ്ദവും കാരണമാണു ജോർഡാൻ ബ്രിട്ടനെതിരായുള്ള നടപടികൾ അടുത്തകാലത്തു സ്വീകരിച്ചതു. ബ്രിട്ടനിൽനിന്നും ജോർഡാനുകിട്ടുന്ന സാമ്പത്തികസഹായങ്ങൾ അവസാനിക്കുമ്പോൾ അതിനുപകരം തങ്ങൾ സാമ്പത്തികസഹായം നൽകിക്കൊള്ളാമെന്നു ഈ മൂന്നു അറബിരാഷ്ട്രങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ടു. ഇറാക്കു ബാഗ്ദാദ് സഖ്യത്തിൽ ചേർന്നിട്ടുള്ള ഒരു അറബിരാഷ്ട്രമാണു. ഇറാക്കിൻെറ ബാഗ്ദാദ്സഖ്യത്തിലുള്ള അംഗത്വം അവസാനിപ്പിക്കുന്നതിനു പ്രേരിപ്പിക്കുകയെന്നതാണു ഇപ്പോഴത്തെ കെയ്റോസമ്മേളനത്തിൻെറ മറെറാരുദ്ദേശ്യം. ജോർഡാൻ രാജവംശവും ഇറാക്കു രാജവംശവും ഹഷിമൈററുവംശത്തിൻെറ രണ്ടു ശാഖകളാണു. അങ്ങനെ ഇറാക്കും ജോർഡാനുമായി അടുത്ത ബന്ധങ്ങളുണ്ടു. ജോർഡാനെ അനുകരിച്ചു ഇറാക്കുകൂടി ഒരു പുതിയ നയം സ്വീ

## അടുത്തയാഴ്ചയിൽ

മാർച്ചു
22 വ്യാ: വി. കത്രീനാ
23 വെ: കന്യകമറിയത്തിൻെറ ഏഴു വ്യാകുലങ്ങൾ
24 ശ: വി. സൈമൺ
25 ഞാ: ഓശാനഞായർ
26 തി: വി. എമ്മാനുവേൽ
27 ചൊ: വി. ജോൺ ദമഷീൻ
28 ബു: വി. ദൊരത്തേവൂസ്


## എറണാകുളത്തെ ഏകാന്തധ്യാനം

വിശുദ്ധവാരത്തിൽ നടത്തിവരാറുള്ള ഏകാന്തധ്യാനം പതിവുപോലെ ഇക്കൊല്ലവും സെയിൻറാൽബർട്ട്സ് ഹൈസ്കൂളിൽവച്ചു നടത്തുന്നതാണു.

ധ്യാനഗുരു: വെരി റവ. ഫാ. ഔറേലിയസ് ബി. എ., എൽ. ടി.

ധ്യാനച്ചിലവു ആളൊന്നുക്കു 10 ക.

പ്രസിഡൻറു, സെൻറു വിൻസെൻറു ഡി പോൾ സഖ്യം സെൻറു തോമസ് കോൺഫറൻസ്, എറണാകുളം.

കരിക്കാൻ സാദ്ധ്യതയില്ലാതില്ല. അങ്ങനെ സംഭവിച്ചാൽ ബാഗ്ദാദ്സഖ്യം തകരുകതന്നെ ചെയ്യും. അറബിരാഷ്ട്രത്തലവന്മാരുടെ സമ്മേളനം ഇതിനുള്ള മാർഗ്ഗങ്ങളെപ്പററിയും ചർച്ചകൾ ചെയ്യാതിരിക്കയില്ല. മദ്ധ്യപൂർവ്വപ്രദേശം പാശ്ചാത്യരാഷ്ട്രങ്ങളുടെ സ്വാധീനത്തിൽനിന്നും തീരെ വഴുതിപ്പോകാനുള്ള ലക്ഷണങ്ങൾ കാണുന്നുണ്ട്.

## കോൺഗ്രസിന്റെ സാമ്പത്തികനയം

ക്ഷേമരാഷ്ട്രം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള കോൺഗ്രസിന്റെ സാമ്പത്തികനയം ഏകാധിപത്യപരമാണെന്നു് പണ്ഡിററ് ഹൃദയനാഥ കുൺസ്രു ഈയിടെ രാജ്യസഭയിൽ പ്രസ്താവിക്കയുണ്ടായി. പണ്ഡിററ് കുൺസ്രു ഒരു കോൺഗ്രസ് പ്രതിനിധിയല്ല; അദ്ദേഹം ഒരു സ്വതന്ത്രനാണ്. എങ്കിലും കോൺഗ്രസ് നേതാക്കന്മാർക്കു മതിപ്പുള്ള പാകതവന്ന ഒരു വ്യക്തിയാണദ്ദേഹം ഇൻഷ്വറൻസ് ദേശസാൽക്കരണത്തിന്റെ കാര്യം അദ്ദേഹം പ്രത്യേകം എടുത്തുപറയുകയുണ്ടായി. പാർലമെന്റിനോട് മുൻകൂട്ടി ആലോചിക്കാതെ ഒരു ഓർഡിനൻസുമൂലമാണ് ഗവമ്മെൻറ് ഇൻഷ്വറൻസ് ദേശസാൽക്കരണം നടപ്പിൽ വരുത്തിയതു്. ഒരു മാസംകൂടി ക്ഷമിച്ചിരുന്നെങ്കിൽ പാർലമെൻറ് സമ്മേളിക്കുമായിരുന്നു. പാർലമെൻറിനോട് ആലോചിക്കാതെ ദേശസാൽക്കരണം നടപ്പിൽവരുത്തിയതു് ഏകാധിപത്യവാസനയെയാണു കാണിക്കുന്നതെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. സാമ്പത്തികപ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പ്രായേണ ഗവമ്മെൻറു ജനാധിപത്യഭരണമുറകളെ അവഗണിക്കുന്നതു് തെററാണെന്നു അദ്ദേഹം ചൂണ്ടിക്കാണിച്ചു.

ഗവമ്മെൻറിന്റെ ലക്ഷ്യങ്ങളെ അദ്ദേഹം പഴിപറഞ്ഞില്ല. ലക്ഷ്യങ്ങൾ പ്രാപിക്കുന്നതിനു ഗവമ്മെൻറു സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ അവഗണിക്കത്തക്കതല്ലെന്നു മാത്രമാണ് അദ്ദേഹം പറഞ്ഞതു്. പണ്ഡിററ് കുൺസ്രുവിനെപ്പോലെ കാര്യങ്ങൾ തുറന്നുപറയുന്നവർ നമ്മുടെ രാജ്യത്തു ചുരുക്കംതന്നെയാണ്. കോൺഗ്രസ് പ്രതിനിധികൾ ഗവമ്മെൻറിന്റെ ഈ തരത്തിലുള്ള നടപടികളെ സാധാരണ വിമർശിക്കാറില്ല. സാമ്പത്തികപ്രശ്നങ്ങളിൽ ഗവമ്മെൻറ് സ്വീകരിക്കുന്ന വിപ്ലവാത്മകങ്ങളായ നടപടികൾ അഭികാമ്യങ്ങളാണെന്നുള്ള മുൻവിധിയോടുകൂടിയവരാണ് ജനപ്രതിനിധികളിൽ ഒരു വലിയ ഭാഗം. മറെറാരു വിഭാഗമുണ്ടെങ്കിൽ അവർ കാര്യങ്ങൾ പുറത്തു പറയാനുള്ള അഭിപ്രായധൈർയ്യമുള്ളവരല്ലെന്നുവേണം വിചാരിക്കുവാൻ. ഗവമ്മെൻറിന്റെ പല സാമ്പത്തികപരിപാടികളേയും സ്വകാര്യസംഭാഷണങ്ങളിൽ വിമർശിക്കുന്ന ഈ കൂട്ടർ അവയൊന്നും പരസ്യമായി പറയാറില്ല. അടുത്ത തിരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥിത്വം ആഗ്രഹിക്കുന്നതുകൊണ്ടായിരിക്കണം ഇവർ തങ്ങളുടെ വ്യക്തിത്വം പലപ്പോഴും ഒളിച്ചുവയ്ക്കുന്നതു്.

## തിരുക്കൊച്ചി മന്ത്രിസഭ

തിരുക്കൊച്ചി മന്ത്രിസഭ രാജിവച്ചിരിക്കയാണല്ലോ. ഇനിയും അഡ്മിനിസ്ട്രേറർ ഭരണമാണ് വരാൻപോകുന്നതെങ്കിൽ അതു ആറുമാസത്തേക്കാണ് നടപ്പിൽവരുന്നതു്. അതുകഴിഞ്ഞു് മറെറാരു ആറുമാസക്കാലത്തേക്കു അതു നീട്ടാവുന്നതാണ്. ഈ കാലത്തു കേന്ദ്രമന്ത്രിസഭയുടെ ചുമതലയിൽ അവർ നിയമിക്കുന്ന ഒരു ഉദ്യോഗസ്ഥൻ തിരുകൊച്ചിയിൽ ഭരണം നടത്തും. ഇവിടത്തെ നിയമസഭ പിരിച്ചുവിടപ്പെടുന്നതും ഈ സംസ്ഥാനത്തെ സ്പർശിക്കുന്ന നിയമങ്ങൾ പാർലമെൻറ് പാസ്സാക്കുന്നതുമാണ്. അഡ്മിനിസ്ട്രേറർഭരണം വരുന്നതു് തിരുകൊച്ചിക്കു അപമാനകരമാണെന്നു ചിലർ പറഞ്ഞുകേൾക്കുന്നുണ്ട്. അങ്ങനെ വിചാരിക്കേണ്ട കാര്യമില്ല. ഇന്ത്യൻ ഭരണഘടനയിൽ ഇതിനുള്ള വകുപ്പു ചേർത്തിരിക്കുന്നതു ഇങ്ങനെയുള്ള സാഹചര്യങ്ങൾ ഉണ്ടാകുവാനിടയുണ്ടെന്നു കരുതിയിട്ടാണല്ലോ. കോൺഗ്രസ് പാർട്ടിയിൽനിന്നും ആറു അംഗങ്ങൾ രാജിവച്ചതാണല്ലോ ഇവിടെ ഒരു അടിയന്തിരഘട്ടം ആവിർഭവിപ്പിച്ചതു്. അഖണ്ഡകേരളക്കാരെന്നറിയപ്പെടുന്ന ഈ ഗ്രൂപ്പിന്റെ പിന്തുണ പുലർത്തുവാൻ മന്ത്രിസഭയ്ക്കു കഴിഞ്ഞില്ലെന്നുള്ളതു സ്പഷ്ടമാണ്. പാർലമെൻററി ജനായത്തഭരണം നിലവിലിരിക്കുന്ന എല്ലാ രാജ്യങ്ങളിലും ഭരണം നടത്തുന്ന കക്ഷിയിൽ ഗ്രൂപ്പുകളുണ്ടാകും. ബ്രിട്ടനിലും ഫ്രാൻസിലും ഡൊമിനിയൻ രാജ്യങ്ങളിലുമെല്ലാം ഇതുതന്നെയാണ് ഗതി. പ്രമുഖഗ്രൂപ്പുകളെ തൃപ്തിപ്പെടുത്തിയും വിട്ടുവീഴ്ചകൾചെയ്തുംതന്നെയാണ് സർ ആന്റണി ഈഡനും ഗയിമോളേയുമൊക്കെ ഭരണംനടത്തുന്നതു്. പ്രമുഖ ഗ്രൂപ്പുകളുടെ പിന്തുണ നഷ്ടപ്പെടുമ്പോൾ അവരൊക്കെ രാജിവയ്ക്കേണ്ടിവന്നേക്കാം. ഗ്രൂപ്പുകൾക്കു് സ്ഥാപിതതാല്പര്യങ്ങൾ ഉണ്ടായെന്നുംവരാം, ഇല്ലെന്നും വരാം. ഏതു നിലയിലായാലും പല ഗ്രൂപ്പുകാരുടേയും സമ്മതത്തോടുകൂടിയേ പാർലമെൻററിഭരണം നടക്കയുള്ളൂ. അനുരഞ്ജനനയം സ്വീകരിക്കുന്നതിനു സാധിക്കാത്ത മന്ത്രിസഭകൾ പരാജയപ്പെടാറുണ്ട്. രാജ്യത്തിന്റെ ഉത്തമതാല്പര്യങ്ങൾ ഏതു ഗ്രൂപ്പാണു ഗ്രഹിക്കുന്നതെന്നു ഇന്നത്തെ സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്കു വിധിക്കുന്നതിനു പ്രയാസമുണ്ട്. ഭൂരിപക്ഷം നഷ്ടപ്പെട്ടതുകൊണ്ട് മന്ത്രിസഭ രാജിവച്ചു.

# പാപ്പാദിനാഘോഷങ്ങൾ

**എറണാകുളം:** എറണാകുളം മെത്രാപ്പോലീത്തൻ പള്ളി, സെൻറ് ഫ്രാൻസിസ് ഭദ്രാസനപ്പള്ളി, ഉണ്ണിമിശിഹാപ്പള്ളി എന്നീ ദേവാലയങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ പാപ്പാദിനം അത്യാഡംബരപൂർവ്വം കൊണ്ടാടിയിരിക്കുന്നു. മൂന്നു ദേവാലയങ്ങളും ഏകോപിച്ച് വൈകുന്നേരം 4-30നു്, മാർപ്പാപ്പാതിരുമനസ്സിലെ ഛായാപടവും വഹിച്ചുകൊണ്ടു് ഒരു ഘോഷയാത്ര നടത്തുകയുണ്ടായി. തിരികെ മെത്രാപ്പോലീത്തൻ പള്ളിയങ്കണത്തിൽ എത്തിച്ചേർന്നപ്പോൾ കുടുംബദീപം പത്രാധിപർ റവ ഫാദർ ലേത്തുസ് സീഡി ഒരു പ്രസംഗം ചെയ്തു. പാപ്പാസ്ഥാനത്തിന്റെ മാഹാത്മ്യത്തെയും, പന്ത്രണ്ടാംപീയൂസിന്റെ വ്യക്തിവിലാസത്തെയും, പ്രസംഗകൻ സമൃക്കായി വിവരിക്കുകയും, മാർപ്പാപ്പായ്ക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ഉദ്ബോധിപ്പിക്കുകയും ചെയ്തു. തുടർന്നു എറണാകുളം അതിരൂപതാ അഡ്മിനിസ്റ്റ്രേറർ അപ്പസ്തോലിക്ക് റൈററ് റവ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ ലാക് ആലാഹാ എന്ന സ്തോത്രഗീതം ആലപിക്കുകയും, പരിശുദ്ധ കുർബാനയുടെ വാഴ്വു് നല്കുകയും ചെയ്തു.

**എരമല്ലൂർ:** സ്ഥലത്തുള്ള അഞ്ചു ഇടവകകൾ ഒന്നിച്ചുചേർന്നു പാപ്പാദിനം അത്യാഡംബരപൂർവ്വംകൊണ്ടാടിയിരിക്കുന്നു. വിവിധ ഇടവകകളിൽനിന്നുള്ള ജനങ്ങളെല്ലാം എഴുപുന്ന സെൻറ് മൈക്കിൾസ് ദേവാലയത്തിൽ വന്നുചേരുകയും അവിടെനിന്നു പോപ്പുരാജന്റെ ഛായാപടവും വഹിച്ചുകൊണ്ടുള്ള ഗംഭീരമായ ഘോഷയാത്ര എരമല്ലൂർ കവലയിലുള്ള മൈതാനത്തിൽ സജ്ജമാക്കിയിരുന്ന പന്തലിലേക്കു നീങ്ങുകയും ചെയ്തു. കാറിൽ ഘടിപ്പിച്ചിരുന്ന മൈക്കിൽക്കൂടിയാണ് വമ്പിച്ച ആ ഘോഷയാത്രയ്ക്കു നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരുന്നതു്. മാർപ്പാപ്പായുടെ ഛായാപടം നെററിപ്പട്ടം കെട്ടിയ ഒരു ഗജവീരന്റെ പുറത്താണ് എഴുന്നെള്ളിച്ചതു്. ഘോഷയാത്ര മൈതാനത്തിൽ എത്തിച്ചേർന്നപ്പോൾ സത്യദീപം പത്രാധിപർ റവ ഫാദർ ജോസഫ് വിതയത്തിൽ ഒരു പ്രസംഗം ചെയ്തു പരിശുദ്ധ കുർബാനയുടെ വാഴ്വും കൃതജ്ഞതാസ്തോത്രവും കഴിഞ്ഞു ജനക്കൂട്ടം പിരിഞ്ഞു.

**നെയ്യശ്ശേരി:** പള്ളിയിലെ ആഘോഷമായ തിരുക്കർമ്മാദികൾക്കുശേഷം ഘോഷയാത്രയും തുടർന്നു് റവ ഫാദർ ഐസക്ക പോട്ടയിൽ അവർകളുടെ അദ്ധ്യക്ഷതയിൽ മിഡിൽ സ്കൂൾഹാളിൽവച്ചു പൊതുയോഗവും നടത്തപ്പെട്ടു. മെ. കെ വി സബാസ്ത്യൻ കണ്ടത്തിക്കുടി; വിദ്വാൻ പി. ജെ ജോസഫ് പുത്തൻകളം ബി എ; വി എം എബ്രാഹം വട്ടമററം എന്നിവർ പ്രസംഗിച്ചു. കുട്ടികൾക്കു വേദോപദേശപാഠത്തിനുള്ള സമ്മാനങ്ങൾ അദ്ധ്യക്ഷനവർകൾ നൽകി. ഇടയ്ക്കു കലാപരിപാടികളും അവസാനം പാപ്പാമംഗളവും മധുരപലഹാരങ്ങൾ വിതരണവും ഉണ്ടായിരുന്നു.

**അതിരമ്പുഴ:** സ്ഥലം ഫൊറോ: പള്ളി ഇടവകയിലെ 14 സൺഡേസ്കൂളുകളിൽ നിന്നും 4000ൽ പരം വിദ്യാർത്ഥികളും, സത്യാരാധന, ലീജിയൻ, വിൻസെൻറു ഡി പോൾ മുതലായ ഭക്തസംഘടനകളിലെ അംഗങ്ങളും മററു് ജനങ്ങളുമടക്കം വമ്പിച്ച ഒരു ജനസമൂഹം, ജപമാല എത്തിച്ചും മുദ്രാവാക്യങ്ങൾ മുഴക്കിയും ഒരു ഘോഷയാത്രയായ് പാറോലിക്കൽ കവലയിൽനിന്നു് ഏററമാനൂർകൂടി അതിരമ്പുഴ ലൂർദ്ദ് ഗ്രോട്ടോയിൽ എത്തുകയും അവിടന്നു് വിവിധസ്ഥലങ്ങളിൽനിന്നുള്ള റാലികൾ ഏകോപിച്ച് വലിയ ദേവാലയത്തിൽ 6 മണിയോടുകൂടി വന്നുചേരുകയും ചെയ്തു. വെരി റവ ഡോ: എൽ ജെ ചിറ്റൂർ പ്രസംഗിച്ചു കൃതജ്ഞതാസ്തോത്രഗീതം പരിശുദ്ധ കുർബാനയുടെ വാഴ്വു് എന്നിവയോടെ ചടങ്ങുകൾ സമംഗളം സമാപിച്ചു.

**വലിയപെരുമ്പുഴ:** പാപ്പാദിനം പ്രമാണിച്ച് സ്ഥലം കത്തോലിക്കാദേവാലയത്തിൽ 11-ാംനു ഞായറാഴ്ച രാവിലേ ആഘോഷമായ തിരുക്കർമ്മങ്ങളും നാലുമണിക്കു ഒരു ഘോഷയാത്രയും അതിനെ തുടർന്നു റവ ഫാദർ വി പി ഇൽഡഫോൺസ് അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പബ്ലിക്ക് മീററിംഗും നടന്നു.

**തെന്നത്തൂർ:** പാപ്പാദിനം പ്രമാണിച്ച് സ്ഥലത്തെ സൊഡാലിററി സംഘടനയുടെ ആഭിമുഖ്യത്തിൽ 11-ാംനു ഞായറാഴ്ച ഒരു പൊതുയോഗം ചേർന്നു. ഏവം ജോസ്, കെ വി ബ്രിജിററ്, കെ വി വറുഗീസ് എന്നിവർ പ്രസംഗിച്ചു. കലാപ്രകടനങ്ങളും ഉണ്ടായിരുന്നു.

**പാറപ്പള്ളി:** പാപ്പാദിനം പ്രമാണിച്ച് സ്ഥലം സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ ശ്രീ എം ജോസഫ് വെള്ളാപ്പാട്ട അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മെ മാത്യു വയലിൽകളപ്പുര, ജോസഫ് നിലിയറ എന്നിവർ പ്രസംഗിച്ചു കുട്ടികളുടെ സംഗീതാലാപം, പാപ്പാമംഗളം മുതലായവയും ഉണ്ടായിരുന്നു.

**കരാഞ്ചിറ:** പാപ്പാദിനം പ്രമാണിച്ചു കാലത്തു പള്ളിയിൽ ആഘോഷമായ തിരുക്കർമ്മങ്ങളും പൊതുദിവ്യകാരുണ്യസ്വീകരണവും നടന്നു. ഉച്ചതിരിഞ്ഞു 4 മണിക്കു പരിശുദ്ധ കുർബാനയുടെ വാഴ്വിനുശേഷം സ്കൂൾഹാളിൽവച്ചു വേദോപദേശക്കുട്ടികൾക്കു മധുരപലഹാരം വിതരണം ചെയ്തു. അനന്തരം മാർപ്പാപ്പായുടെ ഫോട്ടോവും വഹിച്ചുകൊണ്ടു ഒരു ഘോഷയാത്ര സെൻറ് ജോർജ്ജ് ക്ലേരമഠത്തോടനുബന്ധിച്ചുള്ള പത്താംപീയൂസ് പുണ്യവാന്റെ പള്ളിയിൽ എത്തിച്ചേരുകയും പള്ളി അങ്കണത്തിൽവച്ചു റവ ഫാദർ ജോസ് കുന്നുങ്കലും ഒരു പ്രസംഗം ചെയ്യുകയും ചെയ്തു.

**കിഴവായൂർ:** പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ ആയുരാരോഗ്യങ്ങൾക്കുവേണ്ടി മാർച്ച് 11-ാംനു രാവിലെ ആഘോഷമായ തിരുകർമ്മങ്ങളും ജപമാല എത്തിച്ചുകൊണ്ടുള്ള പ്രദക്ഷിണവും നടത്തപ്പെട്ടു അനന്തരം സ്കൂൾഹാളിൽവച്ചു നടത്തപ്പെട്ട സമ്മേളനത്തിൽ ഫാദർ മാത്യു വെള്ളാപ്പാട്ട അദ്ധ്യക്ഷത വഹിച്ചു. ശ്രീ പി എം ജോസഫ് ബി എ, ശ്രീ വറുഗീസ് തോമസ് ബി എ ബി എൽ എന്നിവർ പ്രസംഗിച്ചു

**നരിവേലി അയർക്കുന്നം:** പാപ്പാദിനം പ്രമാണിച്ചു 11-ാം തിയതി ഞായറാഴ്ച ഉച്ചക്കുർബാന കഴിഞ്ഞു ഘോഷയാത്രയും സൺഡേസ്കൂൾഹാളിൽവച്ചു റവ തോമസ് തൊട്ടിയിലിന്റെ അദ്ധ്യക്ഷതയിൽ പൊതുയോഗവും നടന്നു. യോഗത്തിൽ ബ്രദർ ഫിലിപ്പ് കുമ്പളംതാനം, ബ്രദർ സെബാസ്ത്യൻ അതിരമ്പുഴ എന്നിവർ പ്രസംഗിച്ചു ബാലികമാരുടെ സംഗീതങ്ങളും പാപ്പാമംഗളഗാനവും ഉണ്ടായിരുന്നു.

**മുക്കുളം:** പാപ്പാദിനം പ്രമാണിച്ചു് സ്ഥലം പ്രൈമറി സ്കൂൾഹാളിൽവച്ചു് റവ ഫാദർ ജോസഫ് തോട്ടപ്പുറം അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടി. ശ്രീ കെ എ ആന്റണി മുതലായി പലരും പ്രസംഗിച്ചു. യോഗത്തിനു മുമ്പ് ഒരു വമ്പിച്ച റാലിയും ഉണ്ടായിരുന്നു.

# ഇടവക വാർത്തകൾ

**പണ്ടപ്പിള്ളി:** സ്ഥലത്തെ ഹെൽത്തു സെൻറർകമ്മിററിയുടെ ആഭിമുഖ്യത്തിലും കമ്മററി പ്രസിഡൻറു ശ്രീ ഐ എബ്രഹാം കൊച്ചിക്കുന്നേൽ ബി എ അവർകളുടെ അദ്ധ്യക്ഷതയിലും നടന്ന അനുശോചനമഹാസമ്മേളനത്തിൽ പരേതനായ റിട്ടയേർഡ് സർജൻ ജനറൽ ഡോ ജേക്കബ് തളിയത്തു് അവർകളെ സംബന്ധിച്ച അനുശോചനപ്രമേയം ഐകകണ്ഠ്യേന പാസാക്കി. പ്രമേയമവതരിപ്പിച്ചുകൊണ്ടു് ഡോ. തളിയത്തിന്റെ വിവിധഗുണങ്ങളെ വിവരിച്ചു അവതാരകൻ പ്രസംഗിക്കുകയും ശ്രീ എ കെ കുഞ്ഞു് പിൻതാങ്ങുകയും ചെയ്തു.

**എരനെല്ലൂർ:** സ്ഥലംപള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയൻസഖ്യത്തിന്റെ 29-ാം വാർഷികസമ്മേളനം ഫെബ്രുവരി 26-ാംനു ഞായറാഴ്ച ഉച്ചതിരിഞ്ഞു 5 മണിക്കു് ടി പള്ളി മുഖമണ്ഡപത്തിൽവെച്ചു വെരി റവ. ഫാദർ ജോർജ്ജ് ചിറമ്മൽ (സീനിയർ) അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. ശ്രീ പി ററി ആന്റണി അവർകൾ സ്വാഗതം പറഞ്ഞു. ശ്രീ എം ടി ജോസഫ് ബി എ ബി എൽ ബി ടി അവർകൾ പ്രസംഗിച്ചു. കുട്ടികളുടെ കലാപരിപാടികളും "ഭൂതങ്ങൾ" എന്ന പ്രഹസനവും സമ്മേളനത്തെ മോടിപിടിപ്പിക്കയുണ്ടായി. സമ്മേളനദിവസം സഖ്യത്തിന്റെ തിരുനാളും ആത്മീയാഡംബരത്തോടുകൂടിത്തന്നെ നടത്തപ്പെട്ടു.

(ശേഷം 5-ാം പേജിൽ)



(4-ാംപേജു് തുടർച്ച)

പരിഹീനനായിത്തീർന്നിരിക്കുന്ന അവിടുത്തെ കണ്ടുകൊണ്ടു് ജെറൂസലേമിലെ ഭക്തസ്ത്രീഗണം സഹതാപം പ്രദർശിപ്പിക്കുന്നു. അവർ കേണുകരഞ്ഞുകൊണ്ടു് അവിടുത്തെ ആശ്വസിപ്പിച്ചു. ഈ ഭക്തസ്ത്രീകളിൽ വിളങ്ങിയിരുന്ന രണ്ടു ഗുണങ്ങൾ നമ്മുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്നുണ്ടു്. അവരുടെ സഹതാപവും അവരുടെ ധൈര്യവും. പല സ്ത്രീകളും കരയുന്നുണ്ടു് അനുദിനം. പുരുഷന്മാരെക്കാൾ എളുപ്പത്തിൽ കരയുന്നതിനുള്ള സാമർത്ഥ്യവും അവർക്കുണ്ടു്. കള്ളക്കരച്ചിലിനു പേരുകേട്ടവരാണവർ. പലപ്പോഴും യാതൊരു കാര്യവുമില്ലാതെ കരയുന്നവരാണല്ലോ അവർ. എന്നാൽ ജെറൂസലേമിലെ ഭക്തഗണം ഇക്കൂട്ടത്തിൽ പെടുന്നില്ല. അവർ സകാരണം കരഞ്ഞു. ദിവ്യരക്ഷകന്റെമേൽ സഹതാപം തോന്നി അവർ കരഞ്ഞു. ദുഃഖിതരുടെമേൽ സഹതാപം തോന്നുക മനുഷ്യസഹജമാണല്ലോ. എന്നാൽ അതു പ്രത്യക്ഷമായി പ്രകടിപ്പിക്കുന്നതിനുള്ള തന്റേടം—ചങ്കുറപ്പു്—പലർക്കുമില്ല. ജെറൂസലേമിലെ സ്ത്രീകളാവട്ടെ അവരുടെ സഹതാപം പ്രദർശിപ്പിക്കുന്നതിനു് തെല്ലും മടിച്ചില്ല. ആരേയും വകവയ്ക്കാതെ മുമ്പോട്ടുവന്നവരാണവർ. അപ്പസ്തോലന്മാരെവിടെ? കർത്താവിൽനിന്നും അനുഗ്രഹങ്ങൾ സമൃദ്ധിയായി സ്വീകരിച്ചവർ എവിടെ? ആരുമില്ല. അബലകളായ സ്ത്രീകൾക്കു മാത്രമാണു് ഈ വിപൽസന്ധിയിൽ കർത്താവിനോടുകൂടി നില്ക്കുന്നതിനുള്ള തന്റേടമുണ്ടായതു്.

സ്നേഹനാഥന്റെ ഹൃദയത്തെ സ്പർശിച്ചു അവരുടെ സഹതാപവും ധൈര്യവും. സസ്നേഹം അവരോടു് അരുളിച്ചെയ്യുന്നു: "ജെറൂസലേം പുത്രിമാരേ, നിങ്ങൾ എന്നെക്കുറിച്ചു കരയേണ്ടതില്ല; നിങ്ങളെക്കുറിച്ചും നിങ്ങളുടെ സന്താനങ്ങളെക്കുറിച്ചും കരയുവിൻ."(4)

നമ്മുടെ കർത്തവ്യം രണ്ടു സംഗതികളാണു് ജെറൂസലേമിലെ ഭക്തസ്ത്രീകൾവഴി ആവശ്യപ്പെട്ടതു്. ഒന്നാമതായി നമ്മെപ്രതി കരയുക. അതായതു് നാം ഓരോരുത്തരും ചെയ്തിട്ടുള്ള നിരവധി പാപങ്ങളെ ഓർത്തു് പശ്ചാത്തപിച്ചു് കരയണമെന്നു് ഈശോ ആഗ്രഹിക്കുന്നു. രണ്ടാമതായി നമ്മുടെ സന്തതികളെക്കുറിച്ചു കരയണമെന്നു്. നമ്മുടെ ഓമനത്തിങ്കൾക്കിടാക്കളുടെ ഭാവി എന്തായിരിക്കുമെന്നു നമുക്കു ചിന്തിക്കാം. അവർ വളർന്നുവരുമ്പോൾ ക്രിസ്തുവിനും, തിരുസഭയ്ക്കും, മാതൃരാജ്യത്തിനും ആശ്വാസം നൽകുന്നവരായിരിക്കുമോ? ഇപ്പോൾ അവർ അനുസരണയില്ലാത്തവരും നുണ പറയുന്നവരും സുഖലോലുപരുമാണെങ്കിൽ അവരുടെ ഭാവി ശോഭനമല്ലതന്നെ. അവർക്കുവേണ്ടി നാം കരയണം. കരയുന്നതിനുപുറമെ അവരുടെ സ്വഭാവസംസ്കരണത്തിൽ നാം കൂടുതൽ ശ്രദ്ധപതിക്കണം. ഇക്കാര്യത്തിൽ അമ്മമാർക്കു ദൈവതിരുമുമ്പാകെയുള്ള ഗുരുതരമായ കടമ അവർ നന്നായി മനസ്സിലാക്കട്ടെ. അമ്മയിൽനിന്നും ലഭിക്കുന്ന പരിശീലനമനുസരിച്ചിരിക്കും പിഞ്ചുകുഞ്ഞുങ്ങളുടെ ഭാവി. അമ്മയുടെ പുഞ്ചിരി പരിശുദ്ധമാണെങ്കിൽ കുഞ്ഞിന്റെ ജീവിതവും പരിശുദ്ധമായിരിക്കും. അമ്മമാരേ, കാൽവരിയിലേക്കു നമിക്കുന്ന ലോകഗുരു നിങ്ങളോടു് പറയുന്നു: "നിങ്ങളുടെ ബാലികാബാലന്മാരെ ഉത്തമകത്തോലിക്കാക്കുട്ടികളായി വളർത്തുവിൻ. ദൈവം നിങ്ങളെ ഏല്പിച്ചിട്ടുള്ള നിധിയാണു് നിങ്ങളുടെ ഓമനക്കുഞ്ഞുങ്ങൾ. അവരുടെ ജീവിതലക്ഷ്യം ദൈവത്തെ അറിഞ്ഞു് സ്നേഹിച്ചു് അവിടുത്തെ ശുശ്രൂഷചെയ്തു് നിത്യഭാഗ്യം അനുഭവിക്കുകയെന്നതാണു്. അതിനായിട്ടു നിങ്ങൾ അവരെ പരിശീലിപ്പിക്കുവിൻ."

ഒരൊറ്റനിമിഷത്തിൽ അഭിസാരിണിയായ മഗ്ദലേനമറിയത്തെ ചാരിത്രചാരുമൂർത്തിയാക്കിത്തീർത്ത സ്നേഹസ്വരൂപനെ അവൾ സദാ അനുഗമിച്ചിരുന്നതായി നാം സുവിശേഷത്തിൽ വായിക്കുന്നുണ്ടു്. അവളുടെ സർവ്വസ്വവുമായ സ്നേഹനാഥനുവേണ്ടി അവളുടെ ജീവനെ അവൾ ബലിയർപ്പിച്ചു. മിശിഹായുടെ സ്നേഹത്തിൽനിന്നും അവളെ വേർതിരിക്കുന്നതിനു് ഞെരുക്കത്തിനോ ബന്ധനത്തിനോ പീഡനത്തിനോ പട്ടിണിക്കോ നഗ്നതയ്ക്കോ ആപത്തിനോ വാളിനോ സാധിച്ചില്ല(5) ഉയരത്തിനാകട്ടെ ആഴത്തിനാകട്ടെ ഏതെങ്കിലും സൃഷ്ടിക്കുപോലുമാകട്ടെ നമ്മുടെ കർത്താവായ ഈശോമിശിഹായിലുള്ള ദൈവസ്നേഹത്തിൽനിന്നും അവളെ വേർതിരിക്കുവാൻ സാദ്ധ്യമാകാത്തവണ്ണം(6) അവളുടെ ഹൃദയം മിശിഹായുടെ തിരുഹൃദയവുമായി അലിഞ്ഞുചേർന്നിരുന്നു. സ്നേഹനാഥനുമായി സ്നേഹപാശത്താൽ സംബദ്ധയായിത്തീർന്നിരുന്ന അവൾ അവിടുന്നു കുരിശിൽ കിടന്നുകൊണ്ടു് ക്രൂരയാതനകൾ അനുഭവിച്ചിരുന്ന സമയം കൾക്കരത്തോടുകൂടി കുരിശിൻചുവട്ടിൽ നിന്നിരുന്നതായി യോഹന്നാൻസുവിശേഷകൻ പ്രസ്താവിക്കുന്നുണ്ടു്. മഗ്ദലേനയെപ്പോലെ ഈശോയെമാത്രം മുഴുഹൃദയത്തോടുകൂടി സ്നേഹിക്കുന്ന അനേകകോടി ആത്മാക്കളാണു് ഇന്നു തിരുസഭയ്ക്കു ആവശ്യം. പാപം ചെയ്യുന്നതിൽ സ്വൈരിണിമഗ്ദലേനയെ അനുകരിച്ച നമുക്കു് മാനസാന്തരത്തിനുശേഷം ദൈവസ്നേഹത്താൽ ഉജ്ജ്വലിച്ചിരുന്ന മഗ്ദലേനയെ അനുകരിക്കാം. ഏതു വിഷമഘട്ടങ്ങളിലും അചഞ്ചലമായ സ്നേഹത്തോടുകൂടി നമുക്കു സ്നേഹനാഥനെ അനുഗമിക്കാം.

(4) Lc. 23—28
(5) Rom 8—35
(6) Rom 8—39

# ക്രിസ്തുവിന്റെ പീഡാനുഭവങ്ങളും ഫ്രാൻസിസ്കൻ സഭാംഗങ്ങളും

(ആനി ടാൻസി)

ദിവ്യരക്ഷകൻ തന്റെ തെരഞ്ഞെടുക്കപ്പെട്ട അപ്പസ്തോലന്മാരാൽപോലും തിരസ്കൃതനായി ഭീകരവേദന സഹിച്ചുകൊണ്ടു ചെയ്ത ക്ലേശഭരിതമായ യാത്രയിൽ തന്നെ അനുഗമിക്കുവാൻ കഴിഞ്ഞിരുന്നില്ലല്ലോ എന്നു വിശുദ്ധവാരത്തിൽപോലും ആത്മാർത്ഥമായി ചിന്തിക്കാത്ത വല്ലവരും കത്തോലിക്കരുടെ കൂട്ടത്തിൽ സജീവരായി ഉണ്ടെങ്കിൽ അവർ കത്തോലിക്കർ എന്നപേരിനു തികച്ചും അനർഹരാണു്. ഒരു പക്ഷെ അവിടുന്നു അനുഭവിച്ച അമിതവേദനയുടെ സ്മരണയെക്കാൾ തന്റെ തിരസ്കൃതാവസ്ഥയെപ്പററിയുള്ള ഗാഢമായ ധ്യാനമാണു് നമ്മുടെ ഓരോരുത്തരുടേയും അന്തരംഗത്തിൽ ചിന്താതീതമായ സന്താപം ഉളവാക്കുന്നതു്. നരവംശചരിത്രത്തിൽ ലേഖനം ചെയ്യപ്പെട്ടിട്ടുള്ള രംഗങ്ങളിൽ ഏററവും ദുഃഖകരമായതു് ക്രിസ്തുനാഥന്റെ തിരസ്കൃതാവസ്ഥയാണു്. സെൻറു് ഫ്രാൻസിസ് ആ രംഗത്തിന്റെ ഭയങ്കരത നന്നായി ഗ്രഹിച്ചതുകൊണ്ടായിരിക്കണം അദ്ദേഹത്തിന്റെ അനുഗാമികളുടെ അനുദിനപ്രാർത്ഥനാധ്യാനങ്ങൾവഴിയെങ്കിലും ദിവ്യരക്ഷകന്റെ ദുരന്തദുരിതയാത്രയിൽ ശതകോടി ജനങ്ങളാൽ അനുഗതനാകാത്ത ഒരു ദിവസമെങ്കിലും ഇനിമേൽ കടന്നുപോകാൻ ഇടയാകരുതെന്നു വിശുദ്ധൻ നിശ്ചയിച്ചതു്. ഈ പീഡാസ്മരണകൾ വിസ്മരിക്കപ്പെടുവാൻ പാടില്ലെന്നും അനന്തരതലമുറകളിൽ ഓരോന്നിലും അതിനു പ്രായശ്ചിത്തങ്ങൾ അനുഷ്ഠിക്കപ്പെടണമെന്നും, ദിവ്യരക്ഷകന്റെ മണവാട്ടിയായ തിരുസ്സഭ സർവ്വരാജ്യങ്ങളിലും മതപീഡനങ്ങളെ അതിലംഘിച്ചുജീവിക്കുന്ന ഒരു ശുഭാവസരം സമാഗതമാകുന്നതുവരെ ഏവരും ദൈവത്തിൽ ലയിച്ചുചേരണമെന്നും, അഖിലാണ്ഡനിയന്താവു് ആഗ്രഹിക്കുന്നതായി വിശുദ്ധ ഫ്രാൻസിസ് അറിഞ്ഞിരുന്നു. തന്റെ അനുയായികൾക്കു് ഒപ്പീസിനോടു് അനുബന്ധിച്ചു 12 ആ. 12 നന്മ. 12 ത്രി. യും അനുദിനജപമായി വിശുദ്ധൻ നിർദ്ദേശിച്ചപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ ഈ ചിന്തകൾ ഉണ്ടായിരുന്നിരിക്കണം. ആണ്ടുവട്ടത്തിലെ ഒരു ദിവസമെങ്കിലും ദിവ്യരക്ഷകൻ ഏകനായി പീഡകൾ സഹിക്കാൻ

പ്യാരി (REGD)
ഔഷധ സോപ്പ്
ചർമ്മ രോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T.C.S

ഇടവരരുതെന്നായിരുന്നു വിശുദ്ധ ഫ്രാൻസിസിന്റെ നിയമങ്ങളിൽ ഒന്നു്. സഭാംഗങ്ങൾ ദൈനംദിനം സ്ലീവാപാത നടത്തണമെന്നില്ല. 12 ആ. 12 നന്മ. 12 ത്രി. യും ചൊല്ലുന്നതാണു് ഏററവും ചുരുങ്ങിയ ചുമതല. കത്തോലിക്കർക്കുള്ള പരസ്നേഹപരമായ ജീവിതം നയിക്കുക, ബുധനാഴ്ചതോറും മാംസം വർജ്ജിക്കുക, പ്രതിമാസസമ്മേളനങ്ങളിൽ സന്നിഹിതരാവുക എന്നിവയും ബുദ്ധിമുട്ടില്ലാത്ത ചടങ്ങുകളത്രേ. ഈ ജപങ്ങളോടൊന്നിച്ചു് മാരവലിയുള്ള ഒപ്പീസും ചൊല്ലുന്നതായാൽ അതു കൂടുതൽ പുണ്യപ്രദമാണു്. അതു ചെയ്യാത്തപക്ഷം അപരിഹാര്യമായ നഷ്ടം ഭവിക്കുന്നതായി ഗണിക്കേണ്ടതത്രെ. ഒപ്പീസുചൊല്ലിയില്ലെങ്കിലും സഭാനിബന്ധനയനുസരിച്ചു പുണ്യഫലം സിദ്ധിക്കുന്നുണ്ടു്. പതിവായി ചൊല്ലുന്നതായാൽ നമ്മുടെ ത്രികാലജപാദികൾക്കു് തുല്യം അവ മനപ്പാഠമാകുന്നതാണു്. സഭാംഗങ്ങൾ ധ്യാനനിരതരായി പ്രാർത്ഥിക്കുമ്പോൾ അവർ ദിവ്യരക്ഷകനെ തന്റെ പീഡാനുഭവയാത്രയിൽ അനുദിനം അനുധാവനം ചെയ്യുന്നു. "ക്രൂശിതരൂപത്തിന്മേൽ അനുതാപപൂർണ്ണമായ നയനങ്ങളോടുകൂടിയ ഒരു വീക്ഷണംപോലും സാന്ത്വനപരവും ഈശോയ്ക്കു സമാശ്വാസകരവുമാണെന്നു" അവിടുന്നുതന്നെ ഒരിക്കൽ ഒരു കന്യാസ്ത്രീക്കു ഒരു ദർശനത്തിൽ വെളിപ്പെടുത്തിയിട്ടുണ്ടു്. അങ്ങനെയുള്ള ഒരു നോട്ടം തന്റെ പ്രണയിതാഹൃദയത്തിൽ ശീതവായു ഊതപ്പെട്ടാലെന്നതുപോലെ അവിടുത്തേക്കു ആശ്വാസപ്രദമാണു്. മൂന്നു മറിയമാർ, വിശുദ്ധ യോഹന്നാൻ സുവിശേഷകൻ എന്നിവരൊഴികെ നരകുലജാതരായ ഏവരാലും പരിത്യജിക്കപ്പെട്ട പരമകാരുണികനു്, പീഡാനുഭവത്തിന്റെ പ്രാരംഭം മുതൽ പര്യവസാനംവരെ ഏകാന്തതയിൽ സന്ത്യജിക്കപ്പെട്ട അവിടുത്തേക്കു, ഇതു പരിതുഷ്ടിപ്രദായകമായിരിക്കുമെന്നുള്ളതു് പ്രസ്പഷ്ടമത്രേ. തന്റെ രാജത്വം അംഗീകരിക്കാതെയും അസ്വീകൃതത്തെ അവിശ്വസിച്ചും കഴിഞ്ഞുകൂടുന്ന അനവധി ജനങ്ങളുടെ അപരിഹാര്യമായ അക്രമങ്ങൾക്കു് ഇതൊരു പ്രതിവിധിയുമായിരിക്കും.

ഒപ്പീസിന്റെ പ്രാധാന്യം കഴിഞ്ഞ ഉയിർപ്പുഞായറാഴ്ച ബലമായ ആവേശം എന്നിൽ ജനിപ്പിച്ചു. നോയമ്പുകാലം കഴിഞ്ഞു പീഡാനുഭവരംഗങ്ങളും പ്രായശ്ചിത്തപ്രവർത്തനങ്ങളും അവസാനിച്ചു. പുനരുത്ഥാനത്തിന്റെ പൊൻപുലരിയിൽ പുതിയ ആനന്ദം അനുഭവമായി, അൾത്താരകൾ ദീപാവലികളാലും പുഷ്പാലങ്കാരങ്ങളാലും പ്രശോഭിതങ്ങളായി, പള്ളിമണികൾ ആനന്ദനാദം മുഴക്കി. ലോകമാസകലം സന്തോഷസിന്ധുവിൽ നീന്തിത്തുടങ്ങി. ശരൽക്കാലശോഭ എങ്ങും വ്യാപിച്ചു. സുവർണ്ണകാന്തികൾക്കു സമം സുഷമയെഴും സൂനങ്ങൾ ആരാമങ്ങളേയും അരണ്യങ്ങളേയും ആകർഷകങ്ങളാക്കി. അർക്കൻ സ്ഫടികനിർമ്മലമായ കരാവലികളെ കരതോറും പതിച്ചുതുടങ്ങി. പുനരുത്ഥാനത്തിന്റെ ആനന്ദാനുഭൂതിയിൽ പീഡാസ്മരണകൾ ലയിച്ചുകഴിഞ്ഞു.

എന്നാൽ ഫ്രാൻസിസ്കൻസഭാംഗങ്ങളുടെ അവസ്ഥ ഇതിൽനിന്നും വ്യത്യസ്തമത്രെ. ഉയിർപ്പുഞായറാഴ്ചപോലും പീഡാസ്മരണകൾ അവരുടെ ചിത്തരംഗത്തിൽ മറക്കപ്പെടുകയോ മാഴ്കപ്പെടുകയോ ചെയ്യുന്നില്ല. ഞാൻ മുമ്പു പ്രസ്താവിച്ചതുപോലെ എന്റെ ധ്യാനവേളയിൽ "പീഡാനുഭവസ്മരണയുള്ളവരായി വല്ലവരും ഉയിർപ്പുഞായറാഴ്ചയുണ്ടെങ്കിൽ അതു ഫ്രാൻസിസ്കൻ സഭാംഗങ്ങൾമാത്രമാണു്" എന്നു എനിക്കു തോന്നിപ്പോയി. ഉയിർപ്പുഞായറാഴ്ചയിലും, ക്രിസ്തുമസ്സുദിവസത്തിലും അവയെപ്പററി ചിന്തിക്കുന്നതു്, ധ്യാനിക്കുന്നതു് ഫ്രാൻസിസ്കൻസഭാംഗങ്ങൾ മാത്രമാണു്. വിശ്രമദിനത്തിലും വിശുദ്ധദിവസത്തിലും പതിനഞ്ചുനിമിഷങ്ങളെങ്കിലും ധ്യാനത്തിനായി മാററിവയ്ക്കുക എന്നതു ഈ സഭാംഗങ്ങളുടെ പ്രത്യേകതയത്രേ. മിക്കവരും അതു ചെയ്തുവരുന്നു. സന്യാസികളും അൽമേനികളുമായ തന്റെ അനുയായികൾക്കു് വിശുദ്ധ ഫ്രാൻസിസ് ഈ ജപങ്ങൾ നല്കിയതിൽപിന്നെ ഒരു ദിവസംപോലും യേശുക്രിസ്തു ഏകാകിയായി വിസ്മൃതകോടിയിൽ തള്ളപ്പെട്ടിരുന്നിട്ടില്ല.

ഇതരവ്യക്തികളെപ്പോലെ സഭാംഗങ്ങളും ദുശ്ശീലങ്ങളിലേക്കു് ചായാവുന്നതാണു്. ചിലർ 12ആ. 12നന്മ. 12ത്രി. യും വിരസതയോടുകൂടി നിർവ്വിഘ്നം ചൊല്ലിവരുന്നു. അവർ കൈവിരലുകൾകൊണ്ടു് എണ്ണിയാണു് എത്തിക്കുന്നതു്. ഇതുകൊണ്ടു് മൂന്നാംസഭയുടെ നിബന്ധനകൾ സാധിതമാകുമെങ്കിലും കാൽവരിവരെ അവർ ക്രിസ്തുവിനെ അനുധാവനം ചെയ്യുന്നില്ല. കാരണം, അവയോടൊന്നിച്ചു് ധ്യാനത്തിനുള്ള ഒപ്പീസ് അവർ ചൊല്ലുന്നില്ല.

അത്യുന്നതങ്ങളുടെ പ്രകാശരാജന്റെ ഏകപുത്രനായ, നിരന്തനായ, അനന്തസ്വരൂപനായ, സർവ്വജ്ഞാനിയായ ശ്രീയേശു ബന്ധിതനായി രണ്ടു നരാധമന്മാരുടെ സന്നിധിയിലേക്കു ആനയിക്കപ്പെടുകയും, അവരെക്കാൾ നീചനായ മററാരുവനാൽ വധശിക്ഷയ്ക്കു വിധിക്കപ്പെടുകയും ചെയ്യുന്ന കാഴ്ച ആരുടെ നേത്രങ്ങളെയാണു് അശ്രുപൂർണ്ണങ്ങളാക്കാത്തതു്! പീലാത്തോസിന്റെ വിസ്തൃതാങ്കണത്തിൽ പ്രഥമദുഃഖവെള്ളിയാഴ്ച തന്റെ വത്സലന്മാരാൽപോലും പരിത്യക്തനായി, ഏകാകിയായി അവിടുന്നു കഴിക്കാൻ ഇടവരുത്തിയതിനു് നാം ആജീവനാന്തം അനുതപിച്ചാലും പ്രായശ്ചിത്തങ്ങൾ അനുഷ്ഠിച്ചാലും അവിടുത്തേക്കു സമാശ്വാസം നൽകുവാൻ അവ പര്യാപ്തങ്ങളാകുമോ! അധഃപതിച്ച ആത്മാവുകളുടെ ഉദ്ധാരണാർത്ഥം അധമരുടെ ആക്രമണങ്ങൾക്കു് സ്വയം വിധേയനായ ദിവ്യരക്ഷകനെപ്പററിയുള്ള അനുദിനധ്യാനം അനുപേക്ഷണീയമല്ലയോ? കൊന്തനമസ്കാരത്തിലെ ജപങ്ങൾ (രഹസ്യങ്ങൾ) ഇതിനുപകരണീയങ്ങളാണെങ്കിലും നോയമ്പുകാലമൊഴികെയുള്ള വാരങ്ങളിൽ ചൊവ്വാ, വെള്ളി എന്നീ രണ്ടു ദിവസങ്ങളിൽ മാത്രമേ ശോകവിവശനായ യേശുവിനെപ്പററി നാം ധ്യാനിക്കുന്നുള്ളൂ. എല്ലാം രംഗങ്ങളിലുംവെച്ചു പരിതാപകരവും മർമ്മഭേദകവുമായതു് കല്ലറയിലേക്കു ആവഹിക്കപ്പെടുന്ന രംഗമത്രേ. ആ സന്ദർഭത്തിൽ മൂന്നു സ്ത്രീകളും ഒരു പുരുഷനുമാണു് പ്രത്യേകമായി അവിടെയുണ്ടായിരുന്നതു്. അവരിൽ ഒരാൾ ദുഃഖാർത്തയായ പരിശുദ്ധകന്യക മറിയംതന്നെ. ഇവരുടെയിടയിൽ കാൽവരിമലയരികിൽ സന്ധ്യാസമയത്തെ ചെന്നിറകാന്തികലർന്നു പ്രദീപ്തമായ ആകാശത്തിനെതിരായി, നിത്യതാത്മിനതിരായി നിഴലെന്നവണ്ണം, നമ്മുടെ ദിവ്യരക്ഷകന്റെ കരിനീറം പൂണ്ട മൃദുലമൃതതിരുമേനി, രക്തപങ്കിലമായ ആ ദിവ്യശരീരം ശുദ്ധജലത്താൽ വിശുദ്ധീകരിക്കപ്പെടുവാൻപോലും ശ്രുതനിയമം അനുവദിക്കാതിരുന്നതിനാൽ അതേപടിതന്നെ ആവഹിക്കപ്പെടുകയും അസ്തമനസമയത്തു് അപരന്റെ കല്ലറയിൽ സംസ്കരിക്കപ്പെടുകയുമാണു് ചെയ്തതു്.

ഇവയാണു് മൂന്നാംസഭാംഗങ്ങളുടെ ധ്യാനവിഷയം. കരിക്കുറി

തൈക്കാട്ടു് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.

# മാർ ഈവാനിയോസ് തിരുമേനിയും ബഥനി ആശ്രമവും

[ടി. കെ. കോശി എം. എ.]

പുണ്യശ്ലോകനായ മാർ ഈവാനിയോസ് തിരുമേനിയുടെ ലൗകികവും ആദ്ധ്യാത്മികവുമായ നേട്ടങ്ങൾ ഒട്ടേറെയുണ്ടു്. എന്നാൽ പ്രതിഭാശാലിയും സമുദായസ്നേഹിയുമായിരുന്ന ആ പിതാവിന്റെ അതിശ്രേഷ്ഠമായ ഒരു നേട്ടത്തിന്റെ പ്രാധാന്യവും അതിന്റെ മാഹാത്മ്യവും പലർക്കും അറിവുള്ളതല്ല. ക്രൈസ്തവസഭയുടെ ഐക്യത്തിനുള്ള സോപാനം വെട്ടിത്തുറന്നു്, യാക്കോബായസഭയെത്തന്നെ അതിന്റെ ഉന്നതനിലയിലാക്കി, ആപൽസമ്പൂർണ്ണമായ ഒരു പ്രതിസന്ധിഘട്ടത്തിൽ അതിനെ നേരായി നയിച്ചു്, അബ്ദൽമിശിഹാപാത്രിയർക്കീസിനെ ഇവിടെ വരുത്തി ഇവിടെ ഒരു കാതോലിക്കാസ്ഥാനം സ്ഥാപിച്ചു്. അതിനുശേഷം പുനരൈക്യപ്രസ്ഥാനം ആരംഭിച്ചു്, അനേകായിരങ്ങളെ സത്യസഭയിലേക്കാകർഷിച്ചു്, പള്ളിക്കൂടങ്ങളും കലാലയങ്ങളും അനാഥമന്ദിരങ്ങളും സ്ഥാപിച്ചു് സമുദായത്തിനും രാഷ്ട്രത്തിനും മഹനീയങ്ങളായ അനേകസേവനങ്ങൾ നൽകിയ ആ തിരുമേനിയുടെ മേൽത്തരമായ ഒരു നേട്ടമാണു് ബഥനി ആശ്രമസ്ഥാപനം.

ഒരു വി. ബനഡിക്ടിനോടോ, ഇഗ്നേഷ്യസിനോടോ, വി. ഫ്രാൻസിസിനോടോ കിടപിടിക്കത്തക്കവിധത്തിൽ തിരുമേനിയുടെ മാഹാത്മ്യത്തെ ഉയർത്തിയ ഒരു പ്രവർത്തനമാണു് ഈ ആശ്രമസ്ഥാപനം. ഈ ആശ്രമസ്ഥാപനത്തിനു തിരുമേനിയെ പ്രേരിപ്പിച്ച സംഗതിയും ആദ്യമായി വിവരിക്കാം. സെറാംപൂർ കോളേജിൽ പ്രൊഫസറായിരുന്ന തിരുമേനി സ്വസമുദായസേവനത്തിൽ അനേകം കയ്പേറിയ അനുഭവങ്ങൾ അതിനു മുമ്പുതന്നെ രുചിച്ചിരുന്നു. എന്നിരുന്നാലും വീണ്ടും സമുദായോന്നമനത്തിനു വേണ്ടി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുകയായിരുന്നു ആ സമുദായസ്നേഹിയുടെ ജീവിതലക്ഷ്യം. എം. ഡി. സെമിനാരിയിൽനിന്നും സെറാംപൂരിലേക്കു പോകുന്നതിനുതന്നെ അദ്ദേഹത്തെ പ്രേരിപ്പിച്ചതു സമുദായസ്നേഹമായിരുന്നു. അക്കാലത്തു യാക്കോബായസഭയിലെ വൈദികർ വേണ്ടത്ര വിദ്യാഭ്യാസം സിദ്ധിച്ചിരുന്നവരായിരുന്നില്ല. അതിനാൽ തന്റെ സെറാംപൂരിലെ താമസം സ്വസമുദായാംഗങ്ങൾക്കു വിശേഷിച്ചു് വൈദികർക്കു ഉന്നതവിദ്യാഭ്യാസം ലഭിക്കുന്നതിനു സഹായകമായിരിക്കുമല്ലോ എന്നുള്ള വിചാരമാണു് അനേകനാളത്തെ അനിശ്ചിതാവസ്ഥയ്ക്കുശേഷം ഡോക്ടർ ഹൗവൽസിന്റെ ആവശ്യപ്രകാരം തിരുമേനി കൽക്കട്ടായിലേക്കു പോയതു്. തിരുമേനിതന്നെ എഴുതിയിട്ടുള്ളതു പോലെ:-

"സ്വസമുദായത്തെ അവഗണിക്കുകയും അതിനോടുള്ള കടമ മുഴുവനോടെ വിസ്മരിക്കുകയും ചെയ്യത്തക്കവണ്ണം ഇന്ത്യാസാമ്രാജ്യത്തിന്റെ തലസ്ഥാനനഗരിയോടടുത്തുള്ള ഒരു ഒന്നാംഗ്രേഡ് കോളേജിലെ പ്രൊഫസർഉദ്യോഗം അക്കാലത്തു നമ്മെ ഒരുതരത്തിലും വ്യാമോഹിതനാക്കിത്തീർത്തിട്ടില്ല."

ഇങ്ങനെ സെറാംപൂരിലെ താമസത്തിനിടയിൽ സമുദായസേവനമാർഗ്ഗങ്ങളെക്കുറിച്ചു് അദ്ദേഹം ചിന്തിക്കുകയായിരുന്നു. കൽക്കട്ടായിലായിരുന്നപ്പോഴും സുറിയാനിസഭയുടെ പരിതാപകരമായ നിലയെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരുന്ന അദ്ദേഹത്തെ വിഷമിപ്പിച്ച ഏറ്റം വലിയ പ്രശ്നം ആ തിരുമേനിതന്നെ പറഞ്ഞിരിക്കുന്നതു ഇങ്ങനെയാണു്:

"പുണ്യശ്ലോകനായ മാർ തോമ്മാശ്ലീഹായാൽ സ്ഥാപിതമെന്നും, പത്തിരുപതു നൂറ്റാണ്ടുകളോളം പഴക്കമുള്ളതെന്നും അഭിമാനിച്ചുവരുന്ന മലങ്കരസുറിയാനിസമൂഹം ഇക്കാലത്തിനകം അതിന്റെ കർത്തവ്യകർമ്മമേതോ, ആ വിഷയത്തിൽ ഇതുപര്യന്തം ഗണ്യമായി യാതൊന്നും ചെയ്തിട്ടില്ലെന്നുള്ളതു ഒരു വലിയ അപരാധമായി കണക്കാക്കേണ്ടതാണു്. ക്രിസ്ത്വബ്ദം 52-ാമാണ്ടിൽ രക്ഷകനായ മിശിഹാതമ്പുരാന്റെ നിർദ്ദേശപ്രകാരം കൊളുത്തിവയ്ക്കപ്പെട്ട ആ മഹാപ്രദീപം ഇന്നും അതേ നിലയിൽതന്നെ ഇരിക്കുന്നതല്ലാതെ അതുകൊണ്ടു് തിമിരാവൃതങ്ങളായ പരിസരങ്ങൾക്കു പ്രകാശവും പ്രസരിപ്പും ലഭിക്കുവാൻ ഇടയായിട്ടില്ലെന്നു സമ്മതിച്ചേ തീരു. പൂർവ്വികസഭയുടെ ക്ഷന്തവ്യമല്ലാത്ത അലസതയേയും വിസ്മൃതിയേയുംകുറിച്ചു ചോദ്യംചെയ്യപ്പെട്ടിട്ടും ഉണരാതെയും എഴുന്നേല്ക്കാതെയുമുള്ള നമ്മുടെ ആ പഴയ കിടപ്പു് അത്യന്തം ലജ്ജാകരവും കുറ്റകരവുമാണെന്നു ഇനിയുമെങ്കിലും മനസ്സിലാക്കുന്നില്ലെങ്കിൽ അതു ഏറ്റം നിർഭാഗ്യകരമാണു്. ഭാരതഭൂമിയുടെ അവിശ്വാസത്തിനും ആത്മീയമായ അതിന്റെ അജ്ഞാനത്തിനും ഒരുകാലത്തു മലങ്കരസുറിയാനിസമുദായം സമാധാനം പറയേണ്ടതായിവരും."

ഇങ്ങനെയുള്ള ചിന്തയുടെ പരിണതഫലമായി ഭാരതത്തിലെ പ്രേഷിതപ്രവർത്തനവിജയത്തിനു കാര്യമായി എന്തെങ്കിലും പ്രവർത്തിക്കണമെന്നു തിരുമേനി തീരുമാനിച്ചു. അനേകനാളത്തെ ചിന്തയുടേയും പ്രാർത്ഥനയുടേയും ഫലമായി ഒരു ആശ്രമസ്ഥാപനമാണു് സമുദായോന്നമനത്തിനും പ്രേഷിതപ്രവർത്തനത്തിനും ഏറ്റം ആവശ്യമെന്നു ആ ഭക്താത്മാവിനു ബോദ്ധ്യമായി. അഹങ്കാരത്തിന്റേയും പണപ്രഭാവത്തിന്റെ സുഖഭോഗാസക്തിയുടേയും മദ്ധ്യത്തിൽ മനുഷ്യനു സന്മാതൃക നൽകി ക്രൈസ്തവാദർശത്തിൽ സ്ഥിരപ്പെടുത്തി, അതിലേക്കു മററുള്ളവരെ ആകർഷിക്കുന്നതിനു സർവ്വസംഗപരിത്യാഗികളായ ആശ്രമവാസികളാണു് ആവശ്യമെന്നു തിരുമേനിക്കു ബോദ്ധ്യമായി. വിനയത്തിന്റേയും എളിമയുടേയും ദൗത്യം വഹിച്ചുകൊണ്ടു് കഷ്ടതയേയും ദാരിദ്ര്യത്തേയും ആശ്ലേഷിച്ചു ജീവിക്കുന്ന ഒരു സന്യാസസമൂഹം ക്രൈസ്തവർക്കും അക്രൈസ്തവർക്കും സാക്ഷാത്തായ ക്രിസ്തുമതം കാണിച്ചുകൊടുക്കാൻ ശക്തിമത്തായിരിക്കുമെന്നു തിരുമേനിയുടെ അന്തരാത്മാവു മന്ത്രിച്ചു. ഭാരതീയമായ ഒരു ഛായ കൂടി അതിനു നൽകിയാൽ അതു കൂടുതൽ ആകർഷകമാകുമെന്നു ചിന്തിച്ചായിരിക്കാം ആശ്രമനിവാസികൾക്കു കാഷായവസ്ത്രം നൽകാൻ ആ പ്രതിഭാശാലി തീരുമാനിച്ചതു്. ആശ്രമസ്ഥാപനാരംഭത്തെക്കുറിച്ചു തിരുമേനി എഴുതിയിരിക്കുന്നതു ഈ അവസരത്തിൽ ശ്രദ്ധേയമാണു്: "സ്വയമേവ തങ്ങളെത്തന്നെ ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള സന്യാസികളടങ്ങിയ ഒരു സമൂഹം തന്നെയാണു് വേണ്ടതെന്നും ദൈവതിരുവിഷ്ടം അതാണെന്നും അതാണു് ജീവിതാദർശമായിരിക്കേണ്ടതെന്നും അതിനായിട്ടുവേണം ശിഷ്ടായുസ്സ് വിനിയോഗിക്കുവാനെന്നും നാം ദൈവകൃപയെ അവലംബിച്ചുകൊണ്ടു നിശ്ചയിച്ചു ദൈവത്തിൽനിന്നു ലഭിച്ച പ്രസ്തുത ആദർശത്തെ നാം ഒരു അമൂല്യനിധിയെന്നവണ്ണം വിലമതിക്കുകയും ചെയ്തു."

കർമ്മധീരനായ ആ പിതാവിന്റെ അശ്രാന്തപരിശ്രമംകൊണ്ടു് മിശിഹാനുകരണസമൂഹം എന്ന ഒരു ആശ്രമം ഏറെത്താമസിയാതെ സ്ഥാപിതമായി. തനിദേശീയമായ ഈ ആശ്രമസ്ഥാപനത്തോടുകൂടി തിരുമേനിയുടെ പ്രേഷിതപ്രവർത്തനം ശക്തിപ്രാപിച്ചു. തിരുമേനി പുനരൈക്യപ്പെട്ടതുമുതൽ പുനരൈക്യപ്രസ്ഥാനത്തിന്റെ അനുസ്യൂതമായ പുരോഗമനത്തിൽ ഈ മിശിഹാനുകരണസമൂഹം വളരെ കാര്യമായ ഒരു പങ്കു വഹിച്ചിട്ടുണ്ടു്. ക്രിസ്തുരാജ്യസ്ഥാപനത്തിനും പുനരൈക്യപ്രസ്ഥാനവിജയത്തിനുമായി നിസ്തുല്യമായ സേവനം വഹിക്കുന്ന ഈ സമൂഹം തിരുമേനിയുടെ അതിശ്രേഷ്ഠമായ നേട്ടമാണെന്നു പറയുന്നതിൽ സംശയത്തിനവകാശമില്ല. പണപ്രഭാവത്തിന്റേയും അധികാരമോഹത്തിന്റേയും അഹങ്കാരത്തിന്റേയും ഭോഗാസക്തിയുടേയും ഈ കാലയളവിൽ ദാരിദ്ര്യവ്രതം സ്വീകരിച്ചു് കാഷായവസ്ത്രം അണിഞ്ഞു് എളിമയുടേയും ശാന്തിയുടേയും സന്ദേശവുമായി തീക്ഷ്ണതയോടുകൂടി പ്രേഷിതപ്രവർത്തനം നടത്തുന്ന ഈ സമൂഹം യഥാർത്ഥത്തിൽ ഇന്നു പുനരൈക്യപ്രസ്ഥാനത്തിന്റെ ശക്തികേന്ദ്രമാണു്.

ഈ പ്രസ്ഥാനത്തിന്റെ ആരംഭദശയിൽ എത്രമാത്രം കഷ്ടതകളും ദുരിതങ്ങളും തിരുമേനി സഹിച്ചിട്ടുണ്ടെന്നു തിരുമേനിതന്നെ വെളിപ്പെടുത്തിയിട്ടുണ്ടു്. അധികാരമോ പണമോ സ്വാധീനതയോ ഇല്ലാതിരുന്ന ഒരു സന്ദർഭത്തിൽ സമുദായസ്നേഹത്താലും ദൈവസ്നേഹത്താലുംമാത്രം പ്രചോദിതനായി കഷ്ടതകളുടെ തീച്ചൂളയെ അതിജീവിച്ചു് അദ്ദേഹം നട്ടുനനച്ചു ആ കൊച്ചുലത പുഷ്പിച്ചു് അതിലേററം സുഭഗമായ ഒരു പുഷ്പത്തിനെ തന്റെ അനന്തരഗാമിയായി തിരഞ്ഞെടുത്തിട്ടു് തന്റെ മനുഷ്യസേവനം മതിയാക്കി ദൈവസന്നിധിയിലേക്കു പാടിപ്പറന്നുപോയ ആ മഹാത്മാവു് എത്ര സമാരാദ്ധ്യനല്ല. ഒന്നുപറഞ്ഞാൽ അദ്ദേഹത്തിന്റെ സകലവിധ നേട്ടങ്ങളെക്കാളും ദൈവസന്നിധിയിൽ കൂടുതൽ മഹത്തരമായതു ഈ ആശ്രമസ്ഥാപനമായിരിക്കണം. ഒരു വൈദികമേലദ്ധ്യക്ഷൻ എന്ന നിലയിൽ അദ്ദേഹം സാധിച്ചിട്ടുള്ള നേട്ടങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ ഒന്നുമില്ലായ്മയിൽനിന്നും അദ്ദേഹം ആരംഭിച്ച ഈ പ്രസ്ഥാനം എത്രമാത്രം മഹത്തരമായ ഒരു നേട്ടമാണു്. ബഥനിആശ്രമം ആ പ്രതിഭാശാലിയുടെ ദൈവസ്നേഹചൈതന്യത്തിന്റെ നിത്യസ്മാരകമാണു്.

—o—



**For the extra-ordinary favours received**

Rev. G. T.

പെരുന്നാളിലും ദുഃഖവെള്ളിയാഴ്ചയിലും, ദിവ്യകാരുണ്യത്തിരുനാളിലും, പൂജരാജാക്കന്മാരുടെ പെരുന്നാളിലും, എന്നല്ല എല്ലാം ആണ്ടുവട്ടങ്ങളുടേയും എല്ലാം ദിവസങ്ങളിലും ഫ്രാൻസിസ്കൻസഭാംഗങ്ങൾ ഈ ജപങ്ങൾ ചൊല്ലി ധ്യാനിക്കുന്നു. ചിലർ ഇതു് ഒരു വലിയ കഠിനകാര്യമായി കരുതുന്നതിനാൽ മൂന്നാംസഭയിൽ ചേരുവാൻ അവർ പ്രായേണ വൈമുഖ്യം പ്രദർശിപ്പിക്കുന്നു. കാരണം, ആ പ്രാർത്ഥനകളുടെ വൈശിഷ്ട്യം അവർക്കു് അജ്ഞാതമാണു്. സഭാംഗങ്ങൾ അതു ചൊല്ലുന്നതു് ആരുടേയും പ്രേരണയ്ക്കു വശംവദരായിട്ടല്ല, പ്രത്യുത ദിവസത്തിലൊരിക്കലെങ്കിലും സ്വല്പസമയം ദിവ്യരക്ഷകനോടുകൂടി കഴിച്ചു് തദ്വാരാ ഗത്സേമത്തായിലെ ഏകാന്തതയെ ഭഞ്ജിച്ചു് തനിക്കു് സമാശ്വാസം നൽകണമെന്നുള്ള അത്യാകാംക്ഷ ഒന്നുകൊണ്ടുമാത്രമാണു് അവർ അങ്ങിനെ ചെയ്യുന്നതു്. അന്നു നാം ജാതരായിരുന്നില്ല. ഇന്നോ നാം ജാതരായിട്ടുണ്ടു്. സജീവരായിരിക്കുന്നു. ഇപ്പോൾ നമുക്കു് ചെയ്യുവാൻ കഴിയുന്ന ഏററവും ഉത്തമമായ പ്രവൃത്തി ദിനംപ്രതി വിശുദ്ധബലിയിൽ ഭാഗഭാക്കുകളായി ദിവ്യകാരുണ്യം സ്വീകരിക്കുകയാണു്. അതു സാധിക്കാത്തപക്ഷം ഫ്രാൻസിസ്കൻ മൂന്നാംസഭയിൽ ചേർന്നു പീഡാനുഭവങ്ങളെപ്പററി അനുദിനം ഒപ്പിസ് ചൊല്ലി ധ്യാനിക്കുകയെങ്കിലും ചെയ്യുന്നതുത്തമമാണു്.

[വിവർത്തകൻ എസ്സ്. എസ്സ്. പാലിയത്ത്]

For Favours Received

Excuse delay



by Kurian Panjikaran

## പ്രശ്നമത്സരത്തിൽ കന്യാസ്ത്രീ

### ഒന്നാംസമ്മാനം നേടുന്നു

ബെൽജിയത്തിൽ ഗെൻറു എന്ന സ്ഥലത്തിനടുത്തു ഒരു സ്കൂളിൽ പഠിപ്പിക്കുന്ന ഒരു സിസ്റ്റർ തപാൽവഴി നടത്തപ്പെട്ട ഒരു പ്രശ്നമത്സരത്തിൽ ഒന്നാംസമ്മാനം നേടിയിരിക്കുന്നു. മറിയത്തിന്റെ വിശുദ്ധ ഹൃദയമാതിയിലെ അംഗമാണു് പ്രസ്തുത കന്യാസ്ത്രീ. ഒരു ലക്ഷത്തിഎഴുപതിനായിരംപേർ അതിൽ മത്സരിച്ചു. ഒന്നാംസമ്മാനം മനോഹരമായ ഒരു അമേരിക്കൻ മോട്ടോർകാറാണു്. എന്നാൽ കന്യാസ്ത്രീക്കു അതുകൊണ്ടു പ്രയോജനമില്ലാത്തതുകൊണ്ടു് തനിക്കു രണ്ടാംസമ്മാനം മതിയെന്നു അവർ ആവശ്യപ്പെടുകയും ഈ അഭ്യർത്ഥനയനുസരിച്ചു രണ്ടാംസമ്മാനമായ ഒരു ടെലവിഷൻസെററു ഒരു ഹെലികോപ്ടർ വിമാനത്തിൽ സ്കൂളിൽ എത്തിച്ചു സ്കൂൾ അധികാരികളുടേയും സിവിൽമേധാവികളുടേയും സാന്നിദ്ധ്യത്തിൽ ഔപചാരികമായി അവർക്കു സമ്മാനിക്കുകയും ചെയ്തിരിക്കുന്നു.

സത്യദീപംവരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യക്കുപുറമെ " 8—12—0

നിങ്ങളുടെ ആഗ്രഹം

നല്ല ഒരു ഗൃഹം, സഞ്ചരിക്കുന്നതിനു് ഒരു കാർ, ആദായം നൽകുന്ന കൃഷിത്തോട്ടം, വ്യാപാരത്തിൽ മൂലധനം, അരുമസന്താനങ്ങളുടെ വിദ്യാഭ്യാസം, വിവാഹം, എന്നിങ്ങനെ പോകുന്നു നിങ്ങളുടെ ആഗ്രഹങ്ങളുടെ നീണ്ട പട്ടിക—

എന്നാൽ അവ പ്രായോഗികമാക്കുന്നതിനുള്ള ധനാഗമപദ്ധതികൾ പലരും ആരായുന്നില്ല. ഞങ്ങളുടെ പഞ്ചവത്സര കുറി നിങ്ങൾക്കു ഒരു പുതിയ മാർഗ്ഗം തുറന്നിരിക്കുന്നു. 600 ക. മുതൽ 3—2—0 വരെയുള്ള അംശം ചേരാം. ആകെ സല 60,000ക. തലയാൾ കമ്മീഷൻ 1.6% മാത്രം. ആദ്യനറുക്കെടുപ്പും ലേലവും 1956 ഏപ്രിൽ 7-ാംതിയതി. തലവരിയോലക്കും കൂടുതൽ വിവരങ്ങൾക്കും

ഫെഡറൽ ബാങ്കു ക്ലിപ്തം, ആലുവാ

ബ്രാഞ്ചുകൾ—അങ്കമാലി, ചാലക്കുടി, എറണാകുളം, പെരുമ്പാവൂർ.

E. C. & Co., JEWELLERS

സ്വർണ്ണാഭരണവ്യാപാരം

വാഴക്കുളം & മൂവാററുപുഴ

ശരി തൂക്കം, ശരി മാററു്, അന്നന്നത്തെ നിലവാരം.

Prop. ഇ. സി. നാരായണനാചാരി

(ഇഞ്ചിക്കണ്ടത്തിൽ)

ആഖ്യായിക



## ബറാബാസ്

### അദ്ധ്യായം 14 [തുടർച്ച]

### "മിറിയാം; മിറിയാം"

[വി. സി. ജോർജ് ബി. എ. എൽ. റ്റി.]

ആളാരാണെന്നു ധരിച്ചയുടൻ റാബി നഥാനിയേൽ വിസ്മയഭരിതനായി. നസ്രായൻ ജറുസലേമിൽ പ്രവേശിക്കുവാൻ തുനിയുകയാണെന്നുതന്നെ റാബി വിശ്വസിച്ചു. തന്റെ ഉഗ്രവൈരികൾ പ്രബലരായി കഴിഞ്ഞ ഒരു നഗരത്തിൽ പ്രവേശിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു് വെറും സാഹസമോ അജ്ഞതയോ ഏതാണെന്നു റാബിക്കു സന്ദേഹമുണ്ടായി. നിരായുധരായ ഏതാനും സ്ത്രീപുരുഷന്മാരുടെ ആ ചെറുസംഘത്തിനു് നസ്രായനെ ആപത്തിൽനിന്നു രക്ഷിക്കുവാൻ സാധിക്കുമായിരുന്നില്ലെന്നു റാബിക്കു നിശ്ചയമുണ്ടായിരുന്നു. നസ്രായനുതന്നെ അദ്ദേഹത്തെ വലയംചെയ്ത വിപത്തുകളെപ്പററി ശരിയായ അറിവുണ്ടായിരുന്നുവോ? ആ ഭീകരവിപത്തുകളെ ദൂരീകരിക്കുവാൻ മതിയായ അമാനുഷികശക്തികൾ തനിക്കുണ്ടെന്നു അദ്ദേഹം ധരിച്ചുവോ? ഈ പ്രശ്നങ്ങൾ റാബി നഥാനിയേലിനെ അഭിമുഖീകരിച്ചു. ഇനിയും വഴിയരികിൽ കണ്ട ഭിക്ഷുക്കൾ അദ്ദേഹത്തോടർത്ഥിച്ചതെന്തായിരുന്നു?

ഈ മൂന്നാമത്തെ ചോദ്യം നസ്രായൻ ഈശോ ഭിക്ഷുക്കളോടു ചോദിച്ചുതന്നെ, "ഞാൻ നിങ്ങളുടെ കാര്യത്തിൽ എന്തു ചെയ്യണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നു?" സഹതാപനിർഭരമായ മൃദുസ്വരത്തിൽ ഈശോ അവരോടു ചോദിച്ചു.

"സ്വാമീ, ഞങ്ങൾക്കു കാഴ്ച തരേണമേ" വൃദ്ധന്മാർ ആക്രോശിച്ചു.

നസ്രായനോടൊന്നിച്ചു യാത്ര ചെയ്യുവരുടെയിടയിൽ ഒരു മന്ദരവമുണ്ടായി. വൃദ്ധഭിക്ഷുക്കൾ മൗനമവലംബിക്കുവാൻ ചിലർ ആജ്ഞ നൽകി. അപ്പോഴേക്കും ഭിക്ഷുക്കളിരുവരും അന്ധന്മാരായിരുന്നുവെന്നുള്ള സംഗതി റാബിക്കു മനസ്സിലായി. ഉടൻ നടന്ന സംഭവം റാബിയെ അമ്പരപ്പിക്കുകയും ചെയ്തു. നസ്രായൻ ഈശോ തന്റെ വിരലുകളുടെ അഗ്രംകൊണ്ടു് അന്ധന്മാരുടെ കണ്ണുകളെ മെല്ലെ സ്പർശിച്ചു; ആ ക്ഷണത്തിൽ അവർക്കു കാഴ്ചലഭിക്കുകയും ചെയ്തു. അവർ ചാടിയെണീററു് ആനന്ദനിമഗ്നരായി അട്ടഹസിച്ചു് പരസ്പരം ആലിംഗനംചെയ്തു. തീർത്ഥകസംഘത്തേയും സൂര്യബിംബത്തേയും ഉററുനോക്കി നയനസാഫല്യം വരുത്തി. അത്ഭുതവശാൽ കൈവന്ന സൗഭാഗ്യം വിനയത്തോടും ആദരവോടുംകൂടി അനുഭവിക്കണമെന്നവിടെയുണ്ടായിരുന്നവരിൽ ചിലർ അനുസ്മരിപ്പിച്ചപ്പോൾ മാത്രമേ അവരുടെ ജയാരവഘോഷങ്ങൾക്കും ആനന്ദപ്രകടനങ്ങൾക്കും ശമനമുണ്ടായുള്ളു. കാഴ്ച തിരിച്ചുകിട്ടിയ കുരുടന്മാർ തീർത്ഥകസംഘത്തിൽ ലയിച്ചു് യാത്രതുടർന്നപ്പോൾ ശബ്ദരഹിതനും ചിന്താഗ്രസ്തനുമായ ഈശോ സംഘത്തിലെ അഗ്രഗനായി.

തന്റെ വാഹനമൃഗത്തെ പിടിച്ചുകൊണ്ടുനിന്നിരുന്ന ആളിന്റെ സ്വരമാണു് വിസ്മയോൽഭ്രാന്തമായ നിശ്ശബ്ദതയിൽനിന്നു റാബിയെ തട്ടിയുണർത്തിയതു്. "അദ്ദേഹത്തെ അനുഗമിക്കുവാൻ നഥാനിയേൽറാബി, അങ്ങു് ആഗ്രഹിക്കുന്നുണ്ടോ?" അയാൾ ചോദിച്ചു. ഈ ചോദ്യത്തിനുത്തരം നൽകാതെ, മനോലോചനകളിൽ മനം കുടുങ്ങിക്കഴിഞ്ഞ നഥാനിയേൽറാബി പര്യാണത്തിൽ വലിഞ്ഞുകയറി. ഈശോയുടേയും അനുയായികളുടേയും അടുത്തെങ്ങും നിൽക്കുവാൻ റാബിക്കു ധൈര്യം തോന്നിയില്ല. ഓടിപ്പോയി വിദൂരതയിൽ മറയണമെന്നായിരുന്നു റാബിയുടെ ആഗ്രഹം.

പുനരാലോചനയിൽ മൃഗത്തിന്റെ കടിഞ്ഞാൺ പിടിച്ചു മാറും തന്നെ സഹായിച്ചയാൾ തന്റെ പേരു് മനസ്സിലാക്കി തന്നോടു സംസാരിച്ച സംഗതി റാബി ഓർമ്മിച്ചു. താനറിയുകയില്ലെങ്കിലും തന്നെ അറിയുന്ന ഒട്ടുവളരെ ആളുകളുണ്ടെന്നു റാബിക്കറിയാമായിരുന്നു. എങ്കിലും ഇവിടെ ഒരു വൈഷമ്യത്തിനു വകയുണ്ടായി. ഒന്നാംഗണത്തിൽപ്പെട്ട പുരോഹിതനായ നഥാനിയേൽ റാബി നസ്രായന്റെ അത്ഭുതപ്രവർത്തനങ്ങളിലൊന്നിനു് ദൃക്സാക്ഷിയായിരുന്നുവെന്നു് നസ്രായന്റെ അനുയായികൾ പ്രസ്താവിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുവാനവസരം നൽകി. വല്ല പരസ്യവിസ്താരവുമുണ്ടാകുന്നപക്ഷം തന്നെ ഒരു സാക്ഷിയായി അവർ വിളിക്കുവാനിടയുണ്ടു്. സ്വന്തം കണ്ണുകൊണ്ടു് കണ്ട കാര്യം നിഷേധിക്കുവാനൊക്കുമോ? സത്യം പറഞ്ഞിട്ടു് പ്രധാനാചാര്യന്റെ വിദ്വേഷവിഷയമായാലോ?

അത്ഭുതങ്ങളിൽ റാബിക്കു് വിശ്വാസമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ "യുക്തിവാദ" മനഃസ്ഥിതി അത്ഭുതങ്ങൾക്കനുകൂലമായിരുന്നുമില്ല. എന്നാൽ അഭിചാരത്തിൽ അദ്ദേഹത്തിനു വിശ്വാസമുണ്ടായിരുന്നുതാനും. മന്ത്രവാദികളുമായി അദ്ദേഹം ഇടപെടുകയും അവരുടെ വിസ്മയാവഹമായ മായാവിദ്യകളാലാകൃഷ്ടനാകുകയും ചെയ്തിരുന്നു. ആകയാൽ താൻ അല്പം മുമ്പു് "കണ്ടതു്", അന്ധന്മാരിൽ അനുഭവപ്പെട്ടതു് ഐന്ദ്രജാലത്തിന്റെ ഒന്നാംതരം ഒരു പ്രയോഗമാണെന്നുതന്നെ റാബി തീരുമാനിച്ചു. "നസ്രായൻ അവരെ മായാപ്രയോഗംകൊണ്ടു് ബന്ധന്മാരാക്കി. അനന്തരം അന്ധത്വം നിഷ്പ്രയാസം മാററുകയും ചെയ്തു." ഇങ്ങനെയായിരുന്നു റാബി യുക്തിവാദം ചെയ്തതു്. പക്ഷെ ഈ വാദഗതി റാബിക്കു ചിത്തസ്വാസ്ഥ്യം നൽകിയില്ല. ഒന്നാം ഗണത്തിൽപെട്ട പുരോഹിതനായ താൻ ഈശോ ബെൻജോസഫിനെ സമീപിച്ചു് "നിങ്ങൾ രണ്ടു് ദരിദ്രർക്കു കാഴ്ച നൽകി, അതു് ഉത്തമകൃത്യമായി" എന്നു പറയേണ്ടിയിരുന്നു എന്നു് നഥാനിയേൽ റാബിക്കു തോന്നാതിരുന്നില്ല. അങ്ങനെ ചെയ്യുന്നതോടുകൂടി "ജറുസലേമിലേക്കു പോകരുതെ—അവിടെ നിങ്ങളെ കുററവിസ്താരത്തിനു വിധേയനാക്കും" എന്നും പ്രസ്താവിക്കേണ്ടിയുമിരുന്നു. പക്ഷെ ഈ വക അഭിപ്രായപ്രകടനങ്ങൾക്കു തുനിയാതെ ആ ആലോചനയുടെ തന്നെ നാമ്പുനുള്ളുകയാണു് റാബി ചെയ്തതു്. കുരുടന്മാർക്കു കാഴ്ച നൽകിയ സംഭവം നസ്രായന്റെ പേരിൽ റാബിക്കു് പണ്ടേയുണ്ടായിരുന്ന അമർഷത്തിനു കുറവു വരുത്തിയില്ല. പ്രത്യുത അതു് വിദ്വേഷത്തെ വർദ്ധിപ്പിക്കുകയും കൂടുതൽ വ്യക്തിഗതമാക്കുകയുമാണു് ചെയ്തതു്. സാഹചര്യങ്ങളാകട്ടെ ഒന്നാംഗണത്തിൽ പെട്ട ഉന്നതപുരോഹിതനായ തന്നെ ഈ അവമാനങ്ങളിലേക്കു്, കുപ്രസിദ്ധപാപികളോടുകൂടി നാടാകെ ഓടിനടക്കുന്ന ഈ വെറും ശില്പിപുത്രൻ ചെയ്ത അത്ഭുതകൃത്യത്തിനു് ദൃക്സാക്ഷിയാകുകയെന്ന ദുരവസ്ഥയിലേക്കു തള്ളിവിട്ടതിൽ ഉഗ്രമായ കോപം നഥാനിയേൽ റാബിക്കു തോന്നിയെന്നതും പ്രസ്താവയോഗ്യമാണു്. ഐന്ദ്രജാലികനായ ഈ നസ്രായനെ മുമ്പിലത്തേതിലുമധികം റാബി ഭയപ്പെട്ടു. ഈ സംഭവം ആസ്പദമാക്കി നസ്രായനെതിരായി ഒരു കുററാരോപണ പദ്ധതിക്കുതന്നെ അവകാശമില്ലയോ എന്നദ്ദേഹം ചിന്തിച്ചു തുടങ്ങി. ഈ ചിന്തയ്ക്കിടയിൽ റാബി ചുററും നോക്കി, ഈശോയും സഹഗാമികളും വഴിയിലൂടെ ഒരു തിരിവു് കടന്നു അദൃശ്യരായിത്തീർന്നിരുന്നു.

വാഹനമൃഗത്തെ ചാട്ടകൊണ്ടടിച്ചു റാബി ഉത്സാഹപൂർവ്വം യാത്രതുടർന്നു. ജീനിയിലുള്ള തന്റെ ഇരിപ്പു് ഉറച്ചതാണോ എന്നു് അദ്ദേഹം ഇപ്രാവശ്യം പ്രത്യേകം പരിശോധിക്കുകയുണ്ടായി. "ബാറബാസുമായി സംഗതികൾ ആവുന്നതുംവേഗം ശരിപ്പെടുത്തി പെട്ടെന്നുതന്നെ ജറുസലേമിലേക്കു് മടങ്ങണം. പിന്നീടു് ഈ നസ്രായന്റെ കാര്യം അവസാനിപ്പിക്കുകയും വേണം." ഇപ്രകാരമായിരുന്നു റാബി നഥാനിയേലിന്റെ മനോഗതം. (തുടരും)

## ഉപകാരസ്മരണ

ബ: അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദേശിച്ച കാര്യം സാധിച്ചതിനു ഉപകാരസ്മരണ. കാലതാമസം വന്നതിനു ക്ഷമാപണം.

റോസമ്മ, ഞാറക്കൽ




ആദ്ധ്യാത്മികവീഥി

## തപസ്സും—പരിത്യാഗവും
## (Penance and Mortification)

ദൈവത്തിന്റെ വത്സലമക്കളേ,

കുറെ ആഴ്ചകളായി പശ്ചാത്താപത്തേയും തപസ്സിനേയുംകുറിച്ചു നിങ്ങളോടു പറയുന്നുണ്ടായിരുന്നു. ഇനി പരിത്യാഗത്തെക്കുറിച്ചു് ചിലതെല്ലാം പറയണമെന്നാണു് ഉദ്ദേശിക്കുന്നതു്. എന്നാൽ അതു തുടങ്ങുന്നതിനു മുൻപുതന്നെ ഇവതമ്മിലുള്ള വ്യത്യാസമെന്തെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

തപസ്സും പരിത്യാഗവും രണ്ടും നമുക്കു ഇഷ്ടമുള്ളതിനെ ഉപേക്ഷിക്കുന്നതിലും ഇഷ്ടമില്ലാത്തതിനെ സ്വീകരിക്കുന്നതിലുമാണു് അടങ്ങിയിരിക്കുന്നതു്. എന്നാൽ രണ്ടിന്റെയും ഉദ്ദേശ്യത്തിൽ വ്യത്യാസമുണ്ടു്. തപസ്സു് മുൻപു ചെയ്തുപോയിട്ടുള്ള പാപങ്ങൾക്കു പരിഹാരമായി പശ്ചാത്താപത്തോടുകൂടി നാം സമർപ്പിക്കുമ്പോൾ പരിത്യാഗം മേലാൽ പാപം ചെയ്യാതിരിക്കുന്നതിനുള്ള ഒരു പ്രതിവിധിയായിട്ടാണു് അഭ്യസിക്കുന്നതു്. സുഖക്കേടു വരാതിരിക്കാനുള്ള കുത്തിവയ്പാണു പരിത്യാഗമെങ്കിൽ രോഗം മാറാനും ക്ഷീണം തീരാനുമുള്ള കുത്തിവയ്പാണു തപസ്സു്. പാപം ചെയ്തിട്ടുള്ളവർ എന്ന നിലയിൽ തപസ്സും പാപത്തിലേക്കു എപ്പോഴും ചാഞ്ഞിരിക്കുന്നവർ എന്ന നിലയിൽ പരിത്യാഗവും നമുക്കു ആവശ്യമാണു്.

"എന്നെ അനുഗമിക്കുവാൻ മനസ്സാകുന്നവൻ തന്നത്താൻ പരിത്യജിച്ചു് തന്റെ കുരിശും എടുത്തുകൊണ്ടു് എന്റെ പിന്നാലെ വരട്ടെ" എന്നു നമ്മുടെ കർത്താവു അരുളിച്ചെയ്യുന്നതിൽനിന്നു ഒരു ക്രിസ്ത്യാനിക്കു പരിത്യാഗം എത്ര കണ്ടാവശ്യമാണെന്നു നമുക്കു മനസ്സിലാക്കാം. "കർത്താവേ, കർത്താവേ, എന്നു എന്നെ വിളിക്കുന്ന എവനുമല്ല പ്രത്യുത എന്റെ പിതാവിന്റെ ഇഷ്ടം നിറവേററുന്നവനത്രെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു്" എന്നു അവിടുന്നു വേറൊരവസരത്തിൽ അരുളിച്ചെയ്യുന്നുണ്ടു്.


ദൈവതിരുമനസ്സു് നിറവേററുന്നതിനു്, ദൈവപ്രമാണങ്ങൾ കാക്കുന്നതിനു്, നമുക്കു സ്വാഭാവികമായി ഇഷ്ടമുള്ളവ പലതും ഉപേക്ഷിക്കുന്നതിനും ഇഷ്ടമില്ലാത്തവ പലതും ചെയ്യുന്നതിനും ആവശ്യമാണു്. അതിനാൽ പരിത്യാഗം അഭ്യസിക്കാതെ പ്രമാണം കാക്കുന്നതിനോ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനോ സാദ്ധ്യമല്ല എന്നു സിദ്ധിക്കുന്നു.

യുദ്ധത്തിൽ ഏർപ്പെടേണ്ട യോദ്ധാവു യുദ്ധക്കളത്തിലേക്കു പോകുന്നതിനു വളരെ മുൻപുതന്നെ യുദ്ധപരിശീലനം നടത്തുന്നതുപോലെ പാപത്തിലേക്കുള്ള പ്രലോഭനങ്ങളാകുന്ന യുദ്ധത്തിൽ ഏർപ്പെടുന്നതിനു മുൻപുതന്നെ അതിനുവേണ്ടി നാം ഒരുങ്ങേണ്ടതാണു്. ഈ ഒരുക്കമാണു് പരിത്യാഗാഭ്യാസംകൊണ്ടു നാം സാധിക്കേണ്ടതു്. ഇതിന്റെ അഭാവംകൊണ്ടാണു് പ്രലോഭനങ്ങളിൽ പരാജയമടയുന്നതും അങ്ങനെ പാപത്തിൽ നിപതിക്കുന്നതും.

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

P. S. മറുപടി പ്രതീക്ഷിച്ചുകൊണ്ടു് ആത്മപിതാവിനു അയക്കുന്ന എഴുത്തിന്റെകൂടെ രണ്ടണയുടെ സ്റ്റാമ്പോ സ്വന്തം മേൽവിലാസമെഴുതിയ പോസ്റ്റുകവറോ അയക്കണമെന്നു അറിയിച്ചിട്ടുണ്ടായിരുന്നതു പലരും മറന്നുപോയി എന്നു തോന്നുന്നു. മേലിൽ സ്റ്റാമ്പു കിട്ടാത്തപക്ഷം മറുപടി അയക്കുകയില്ല.

## വിനോദവീഥി




"എന്തൊക്കെ ചോദിച്ചിട്ടും ഇദ്ദേഹമെന്താ സുഹൃത്തേ ഒരക്ഷരംപോലും മിണ്ടാത്തതു്?"

"സഞ്ചിനിറയെ ലഡ്ഡുവാണു്. അതു തിന്നുകഴിയാതാരുമായും അദ്ദേഹം ലോഹ്യമാകയില്ല പൊന്നേ."

x x x

വിനോദയാത്ര ചെയ്തുകൊണ്ടിരുന്ന ഒരു പാർട്ടി കുന്നുകളും പാറക്കൂട്ടങ്ങളും കയറുകയായിരുന്നു. ഒരു പാറയുടെ ഉച്ചിയിൽനിന്നു ചാൾസ് കാൽവഴുതി നിരങ്ങിപ്പോരികയാണു് അഗാധത്തിലേക്കു്. മദ്ധ്യത്തിൽവച്ചു മുകളിലേക്കു കയറിക്കൊണ്ടിരുന്ന ഒരു വൃദ്ധയെ തട്ടി അവർ മറിയുകയും ചാൾസിന്റെ മടിയിൽ തപ്പിപ്പിടിച്ചിരിക്കുകയും ചെയ്തു. അടിവാരത്തു ചെന്നുനിന്നപ്പോൾ ചാൾസു വൃദ്ധയോടു പറയുകയാണു്:- "യാത്ര തീർന്നു. ഇനി ഇറങ്ങിപ്പോകാം." വൃദ്ധ:- "എന്നെ തട്ടിയിട്ടതിനുപകരം ഇത്രയും ചുമന്നതുകൊണ്ടു ഞാൻ ക്ഷമിച്ചിരിക്കുന്നു."

x x x

ഒരു മാനസ്സികരോഗിയോടു് ഡോക്ടർ:- "നിങ്ങളുടെ ആരോഗ്യത്തിനു യാതൊരു കുഴപ്പവുമില്ല. നിങ്ങൾ സംശയങ്ങൾ മാററിക്കളയണം. നിങ്ങളുടെ ജോലിയിൽതന്നെ നിങ്ങൾ മുഴുവനും മുഴുകിയിരിക്കണം."

രോഗി:- "അസാദ്ധ്യമാണു് സാർ."

ഡോക്ടർ:- "എന്തേ, അപ്പോൾ രോഗം മാറണ്ടേ?"

രോഗി:- "നല്ല വിശേഷമാണു്. എന്റെ ജോലി സിമന്റു കോൺക്രീററു കൂട്ടലാണു്. ഞാൻ മുഴുവനായി അതിൽ മുഴുകിക്കഴിഞ്ഞാൽ പിന്നെ പണിതീർക്കാൻ അധികമൊന്നും വേണ്ട."

### ജപ്പാൻ പ്രതിനിധി
## വത്തിക്കാനിലേക്ക

വത്തിക്കാനിലെ ജപ്പാൻ രാജ്യപ്രതിനിധിയായി ഡോക്ടർ ട്സുറുക്കാ സെൻജീൻ അവർകളെ നിയമിക്കുകയും വത്തിക്കാൻ ഈ നിയമനം അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. വത്തിക്കാനിലേക്കു ജപ്പാന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ടു നിയമിതനാകുന്ന ഒന്നാമത്തെ കത്തോലിക്കനാണു ഡോക്ടർ ട്സുറുക്കാ.

Reg. No. M. 2298

# Sathya Deepam

Vlo. 29 Ernakulam March 21 1956 No. 32



## ബാലരംഗം

## "വിദ്യാർത്ഥി മദ്ധ്യസ്ഥൻ"

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,



ജ്യേഷ്ഠനായ പോളിന്റെ ക്രൂരമർദ്ദനങ്ങളേറ്റു സ്റ്റാനി മരണത്തിന്റെ വക്കിൽ എത്തിയിരിക്കുകയാണല്ലോ. ആ നല്ല കുഞ്ഞ് കഷ്ടതയേക്കൂടി അതെല്ലാം സഹിച്ചു ജ്യേഷ്ഠന്റെ മാനസാന്തരത്തിനു വേണ്ടി കാഴ്ചവച്ചുകയാണ്. സ്റ്റാനിയുടെ സാത്വികമായ ബാർബറായോടുള്ള തീക്ഷ്ണമായ ഭക്തിമൂലം അത്ഭുതാവഹമായ വിധം മാലാഖമാർ വന്ന സ്വർഗ്ഗീയ അപ്പമായ വിശുദ്ധ കുർബാന ഉൾക്കൊള്ളുവാനുള്ള സൗഭാഗ്യം നൽകി. സ്വർഗ്ഗീയഅമ്മയായ പരിശുദ്ധ കന്യകാമറിയത്തോടു വിശുദ്ധ ബാലനുണ്ടായിരുന്ന പുത്രനിർവ്വിശേഷമായ സ്നേഹവും ഭക്തിയും പ്രഖ്യാതമാണല്ലോ. ഈ അവസരത്തിൽ സ്വർഗ്ഗീയഅമ്മയും തന്റെ ആത്മകമിതാവിനെ സന്ദർശിച്ചനുഗ്രഹിക്കുന്നതിനു നിശ്ചയിച്ചു. മാത്രമല്ല അമ്മ അവിടുത്തെ ദിവ്യകുമാരനേയും കൈയിലേന്തിയാണ് സ്റ്റാനിക്കു പ്രത്യക്ഷപ്പെട്ടത്. ഈ സന്ദർശനാവസരത്തിൽ ദിവ്യാംബിക സ്റ്റാനിയെ സുഖപ്പെടുത്തുകയും ഈശോസഭയിൽ ചേരുന്നതിനു നിർദ്ദേശിക്കുകയും ചെയ്തു. ഉണ്ണീശോയെ ആശ്ലേഷിക്കുന്നതിനുള്ള ഭാഗ്യവും സ്റ്റാനിക്കു ലഭിച്ചു. സുഖം പ്രാപിച്ചു സ്റ്റാനി ഉടനെ റോമിലേക്കു യാത്രതിരിച്ചു വിവരമറിഞ്ഞു അവനെ തേടിപ്പിടിക്കുന്നതിനു പോളും കൂട്ടുകാരും കുതിരപ്പുറത്തു പാഞ്ഞെത്തി അവന്റെ പിന്നാലെ. സ്റ്റാനി നടന്നുപോകുന്നതവർ കണ്ടു. എന്നാൽ പിന്നെ എന്തു സംഭവിച്ചുവെന്നു അവർക്കുതന്നെ അറിയാൻ പാടില്ലായിരുന്നു. കുതിരകൾ വിരണ്ടോടി. സ്റ്റാനി സുരക്ഷിതനായി റോമിലെത്തി. ദൈവത്തിന്റെ വഴികൾ അജ്ഞാതങ്ങളാണ്. അതിനെതിരായി ലോകത്തിന്റെ ശക്തികൾക്കു ഒന്നും നേടുവാൻ സാദ്ധ്യമല്ല.

വല്യേട്ടൻ



### 64-ാം നമ്പ്ര പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേര്—അനുസരണ

### പ്രശ്നം നമ്പ്ര് 65

(പി. പി. ജോണി Reg. No. 14)

ലോകത്തിലുള്ള എല്ലാവരുടേയും കൂട്ടുകാരനാണ് ഞാൻ. എന്നെ ഒഴിഞ്ഞുമാറുവാൻ ചിലർ ശ്രമിക്കാറുണ്ട്. പക്ഷെ അതവരുടെ ദോഷത്തിനാണ്. അവരെവിടെപ്പോയാലും ഞാനുണ്ട് നിഴൽപോലെ അവരുടെ കൂട്ടത്തിൽ. എന്നാൽ എന്നെ സ്നേഹിക്കുന്നവർക്കു ഞാൻ സന്തോഷകാരണമാണ്. എന്റെ പേരിനു മൂന്നക്ഷരമേയുള്ളു. ഒന്നാമത്തെ അക്ഷരം കരയിലുണ്ട്, വീട്ടിലില്ല; രണ്ടാമത്തെ അക്ഷരം മരിയിലുണ്ട്, മഴവെള്ളത്തിലില്ല; മൂന്നാമത്തെ അക്ഷരം കാശ്മീരിലുണ്ട്, ജമ്മുവിലില്ല. എന്റെ പേര് പറയാമോ?
(ഉത്തരം അടുത്തതിൽ)

### കടങ്കഥകൾ

(എൻ. ടി. ഔസേപ്പ് Reg. No. 18)

1. മുക്രാംകാളക്കു മുപ്പത്തിരണ്ടു കയറ്?
2. മാറാത്ത ചെപ്പിനു മൂടിയില്ല?
3. നിലംകീറി ഉതളിയെടുത്തു?
4. അല്ലി കിരികിരി, അല്ലിമേൽ ആയിരം പല്ലിമുട്ട?

ഉത്തരം
1. ചെമ്പ; 2. കിണർ; 3. ചേമ്പ്; 4. ചക്ക

ചെറുകഥ

## തോരാത്ത കണ്ണീർ

(M. M. Jose Reg. No. 9)

പ്രഭാതസൂര്യന്റെ ചെങ്കതിർ കിരണങ്ങൾ അവിടെയെല്ലാം വിശിത്തുടങ്ങി. ഞാൻ പതുക്കെ കണ്ണുതുറന്നു. അത്യധികമായ തണുപ്പ്. സുഖനിദ്ര ഉപേക്ഷിക്കുന്നതിനു് എന്തൊരു മടി! കാക്കകൾ കരയുന്ന ശബ്ദവും കോഴികളുടെ ചിറകടിയും എവിടേയും കേൾക്കുന്നുണ്ട്. "ആവൂ..." ഞാൻ ഒരുകണക്കിനു എഴുന്നേററു. എന്റെ ഒട്ടിയവയററിൽ കത്തിക്കാളുന്ന അഗ്നിയെ ശമിപ്പിക്കുവാൻ ഞാനെന്റെ ചിരട്ടയും വടിയും എടുത്തു പട്ടണത്തിലേക്കു് പുറപ്പെട്ടു. എന്റെ സ്നേഹിതൻ മത്തായിയെ കാണുന്നില്ല. അവനിന്നെന്തുപററി, ഞാൻ ആലോചിച്ചു. ഓരോ വീട്ടും പടികയും കയറിയിറങ്ങുമ്പോഴും അവനെപ്പററി വിചാരിക്കും. ഏതാനും കാലണത്തുട്ടുകൾ മാത്രമാണ് എനിക്കന്നു കിട്ടിയതു്.

സമയം ഏകദേശം 10 മണി ആയിക്കാണും. ഞാൻ ഒരു ചായ കഴിച്ചു് അടുത്തുള്ള വൃക്ഷച്ചുവട്ടിലെത്തി അവിടെ ഇരിപ്പുറപ്പിച്ചു. അസാധാരണമായി ചാക്കോച്ചേട്ടന്റെ വീട്ടിൽ ആളുകൾ തടിച്ചുകൂടിയിരിക്കുന്നു. അവിടെ എന്തോ അത്യാപത്തുണ്ടായിരിക്കണം. എനിക്കു എന്തെന്നില്ലാത്ത ഒരു പരിഭ്രമമുണ്ടായി. അങ്ങോട്ടു ഓടിച്ചെല്ലുവാൻ ഞാൻ ശ്രമിച്ചു. പക്ഷെ കാലുകൾ നിങ്ങുന്നില്ല. കാൽമുട്ടുകൾ വിറയ്ക്കുന്നു. എങ്കിലും ഒരു കണക്കിനു പടിവരെ എത്തി. എനിക്കു ഒരു ലജ്ജ. എന്റെ കീറിപ്പറിഞ്ഞ വസ്ത്രവുമായി അവിടെ ചെല്ലുവാൻ അഭിമാനബോധം എന്നെ അനുവദിക്കുന്നില്ല. എനിക്കു എന്തെന്നില്ലാത്ത ഒരു സങ്കോചമുണ്ടായി. എങ്കിലും എന്റെ ഉൽക്കണ്ഠയ്ക്കു അതൊന്നും ഒരു പ്രതിബന്ധമായിരുന്നില്ല. നീറുന്ന ചിന്തയോടും വേദനിക്കുന്ന ഹൃദയത്തോടുംകൂടി ഞാൻ ഒരുവിധത്തിൽ ആ വീടിന്റെ പിറകിലെത്തി സാവധാനത്തിൽ ഞാൻ ഉമ്മറത്തേക്കു ഒന്നെത്തിനോക്കി. എന്താണു സംഭവമെന്നറിയുവാൻ കുറച്ചുകൂടി അടുത്തുചെന്നു അതാ, നാലഞ്ചുപേർകൂടി ഒരു ശവമഞ്ചം പുറത്തേക്കു കൊണ്ടുവരുന്നു. ഞാൻ അതിലേക്കു ഒന്നു നോക്കി. ഞാൻ പെട്ടെന്നു കരഞ്ഞുപോയി. "മേരി" എന്നു ഞാൻ ഉറക്കെ വിളിച്ചു. പക്ഷെ തൊണ്ടയിടറി. ശബ്ദം പുറത്തുവന്നില്ല. അവളെ ഒന്നുകൂടി കാണുവാൻ ഞാൻ മുന്നോട്ടോടി. പക്ഷെ ആളുകൾ തടിച്ചുകൂടിയിരുന്നതിനാൽ ആ ശ്രമം പരാജയപ്പെട്ടു. മനസ്സമാധാനത്തിനുവേണ്ടി "എന്റെ മേരി" എന്നു ഞാൻ പതുക്കെ ഉരുവിട്ടു പ്രാർത്ഥനാസ്വരത്തിൽ. കണ്ണുനീർ വാർത്തുകൊണ്ടു് കുറച്ചുസമയം ഞാൻ നിന്നിടത്തുതന്നെ നിന്നുപോയി. പിന്നീടു് ഞാൻ പടികടന്നു. അവിടെ നില്ക്കുമ്പോഴും കേൾക്കാം ആ നല്ല മാതാപിതാക്കന്മാരുടെ എങ്ങിക്കരച്ചിൽ. ഞാൻ സാവധാനത്തിൽ ആ വൃക്ഷച്ചുവട്ടിലേക്കുതന്നെ നടന്നു. മത്തായി എന്നെക്കാത്തു് അവിടെ നില്ക്കുന്നുണ്ടായിരുന്നു. എന്റെ ദുഃഖം ആവുന്നത്ര മറയ്ക്കുവാൻ ഞാൻ ശ്രമിച്ചുവെങ്കിലും മത്തായിയെ നോക്കിയപ്പോൾ പെട്ടെന്നു ഞാൻ കരഞ്ഞുപോയി.

"വല്ല മുതലാളികളുടേയും മക്കൾ മരിച്ചതിനു നമുക്കെന്താണെടാ?" മത്തായി നിർവ്വികാരനായി ചോദിച്ചു.

"ഒന്നും ഇല്ല, എങ്കിലും...?" ഞാൻ കണ്ണീർ ഇടച്ചുകൊണ്ടു പറഞ്ഞു.

"എങ്കിലും.... കാര്യം ഇറന്നു പറയു"

"പറയാം. എന്റെ ഒരു ബാല്യകാലസ്നേഹിതയാണു് ആ മരിച്ചതു്. ഞാൻ 3-ാം ക്ലാസിൽ ചേർന്നതുമുതലാണു് മേരിയുമായി പരിചയപ്പെടുവാൻ ഇടവന്നതു്. അന്നുമുതലാണു് ഞങ്ങൾ ഒരേസ്കൂളിൽ ഒരേക്ലാസിൽ പഠിച്ചുതുടങ്ങിയതും. സാമാന്യം നല്ല നിലയിൽ കഴിയുന്നതിനുള്ള വക അന്നു ഞങ്ങൾ രണ്ടുകൂട്ടർക്കുമുണ്ടായിരുന്നു.

"ഞാനും മേരിയുമായി പരിചയപ്പെട്ടതുമുതൽ ഞാൻ ദിവസവും ഈ വൃക്ഷച്ചുവട്ടിൽ വന്നുനില്ക്കും. അവൾ വരാതെ ഒരു ദിവസവും ഞാൻ സ്കൂളിൽപോയിട്ടില്ല. ഞങ്ങൾ ഇരുവരുംകൂടി ആ ഇടവഴിയിൽക്കൂടി സാവധാനത്തിൽ സ്കൂളിലേക്കുപോകും. ഞങ്ങളുടെ നിർമ്മലമായ സ്നേഹം കണ്ടിട്ടുള്ള സന്തോഷംകൊണ്ടോ എന്നു തോന്നുമാറു് കിളികൾ ചിലച്ചുകൊണ്ടു് ഞങ്ങളുടെ അടുത്തുകൂടി പറന്നുപോകും. പഠനത്തിൽ എന്നേക്കാൾ സമർത്ഥയായിരുന്നു മേരി. എങ്കിലും ഞാനും തോല്ക്കാതെ 7-ാം ക്ലാസ്സുവരെ എത്തി. അവിടെ വച്ചാണു് ഞങ്ങൾതമ്മിൽ പിരിഞ്ഞതു്."

"എന്താ നീ അക്കൊല്ലം തോററോ?" മത്തായി ഇടയ്ക്കുകയറി ചോദിച്ചു.

"അതെ, 7-ാം ക്ലാസിൽ എത്തിയതോടെ എനിക്കു കൂട്ടുകാർ വർദ്ധിച്ചു. രാഷ്ട്രീയത്തിൽ ചില സ്ഥാനങ്ങളും ലഭിച്ചു. "ഇങ്കുലാബ്" വിളിക്കുവാനും ജാഥനയിക്കുവാനും എനിക്കു സാമർത്ഥ്യമുണ്ടായിരുന്നു. പുസ്തകം വായിക്കുന്നതിനു എനിക്കാശേഷം ഉത്സാഹം തോന്നിയില്ല. അതിനാൽ ഞാൻ അക്കൊല്ലം തോററു. മേരി സ്ലേററിൽ ഒന്നാമതായി പാസായി ഹൈസ്കൂളിലേക്കു പോയി. ഈ അകൽച്ചകൊണ്ടു് ഞങ്ങളുടെ സ്നേഹബന്ധത്തിനു തകർച്ചപററിയില്ല. എങ്കിലും എന്റെ രാഷ്ട്രീയം മേരിക്കു് ഒട്ടും രസിച്ചില്ല. അവൾ എന്നെ പലപ്രാവശ്യം ഉപദേശിച്ചു. അവയെല്ലാം ഞാൻ അവജ്ഞയോടെയാണു് വീക്ഷിച്ചതു്. അവളുടെ ദൈവവിശ്വാസവും എന്റെ രാഷ്ട്രീയവും തമ്മിൽ പൊരുത്തപ്പെടാതായി. ഇതു ഞങ്ങളെ തമ്മിലകററി."

"എന്നിട്ടു് നിനക്കു എന്തുപററി. നീയെങ്ങിനെ ഈ നിലയിലായി!" മത്തായി ആകാംക്ഷയോടുകൂടി ചോദിച്ചു.

"ഞാൻ ഒരു കുട്ടിസഖാവായി മാറി. ഈ ഘട്ടത്തിൽ മാതാപിതാക്കന്മാരും മരിച്ചു. ഞാൻ സ്വതന്ത്രനായി. എന്റെ പാർട്ടി, അതെന്നെ വഞ്ചിച്ചു. സാധുസംരക്ഷണഫണ്ടിലേക്കും തൊഴിൽപ്രശ്നം പരിഹരിക്കുന്ന ഫണ്ടിലേക്കും മററും മററും ധനസഹായം ചെയ്യുന്നതിനു പാർട്ടിനേതാക്കൾ എന്നെ സമീപിച്ചു. ഞാൻ അവരെയെല്ലാം ഇരുകൈകളും നീട്ടി സ്വീകരിച്ചു. ആവുന്നത്ര ധനസഹായംചെയ്തു. ഒന്നു രണ്ടു മാസങ്ങൾ ഇവ്വിധം അങ്ങു കടന്നുപോയി. ഒടുവിൽ ഇലക്ഷനു് പാർട്ടിയിൽനിന്നു എന്നെ ഒരു സ്ഥാനാർത്ഥിയായി വേഷം കെട്ടിച്ചു. എന്റെ അടുക്കൽ പണം മതിയാകാതെ വന്നപ്പോൾ പറമ്പു പണയമെഴുതി കുറച്ചു കാശുവാങ്ങിക്കുവാൻ അവർ എന്നെ പ്രേരിപ്പിച്ചു. പാർട്ടിയിൽ എനിക്കുള്ള സ്ഥാനവും മാനവും എന്റെ സ്ഥാനാർത്ഥിത്വവും അങ്ങു ചെയ്യുവാൻ എന്നെ നിർബന്ധിച്ചു.

"അഞ്ചെട്ടുമാസങ്ങൾ കഴിഞ്ഞു. ഞാൻ വീട്ടിൽനിന്നു മാറിക്കൊടുക്കേണ്ടിവന്നു. അപ്പോൾ ഞാൻ നാലുപാടും ഒന്നു നോക്കി. എനിക്കു സ്നേഹിതന്മാരില്ല, പാർട്ടിയിൽ എനിക്കു സ്ഥാനമില്ല, എന്റെ സേവനങ്ങൾ പാർട്ടിക്കു ആവശ്യമില്ല, ഇങ്കുലാബുവിളിക്കുവാനും ജാഥകൾ നയിക്കുവാനും പോലും എന്നെ ഇന്നു പാർട്ടിക്കു ആവശ്യമില്ല.

"പ്രിയ സ്നേഹിതാ, അതാ ചാക്കോച്ചേട്ടൻ പോകുന്നു, പള്ളിയിലേക്കു്. മേരിയുടെ മൃതദേഹം ഒരുപക്ഷേ മറവുചെയ്തിട്ടുണ്ടാകുകയില്ല. നമുക്കു പള്ളിയിൽപോയി അവളെ ഒന്നു കാണാം" മത്തായി കണ്ണീർ ഇടച്ചുകൊണ്ടു പറഞ്ഞു.

"ചിലപ്പോൾ ധർമ്മവുമുണ്ടാകും" കൂട്ടുകാരൻ പറഞ്ഞു.

പിന്നീടു് ആ ആൽവൃക്ഷത്തിന്റെ അടുത്തുവരുമ്പോഴെല്ലാം തോരാത്ത കണ്ണുനീർപ്രവാഹം ഉണ്ടാവുക എന്റെ അനുഭവമായിത്തീർന്നു.

—o—

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1